മൗലിക സത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 13 ഡിസംബർ 2015 ലക്കം 12



## അവസാനകാലത്തേക്കുള്ള മുന്നറിയിപ്പുകൾ

സാക് പുന്നൻ

## പുതിയ ഉടമ്പടിയുടെ ശുശ്രൂഷകൻ

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 13 ഡിസംബർ 2015 ലക്കം 12

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും
മീറ്റിംഗുകൾ സംബന്ധിച്ചും
കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| നെല്ലിപ്പൊയ്യിൽ (കോഴിക്കോട്) | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*


## ഏതു തിരഞ്ഞെടുക്കും?



യേശു എനിക്കു വേണ്ടി മരിച്ചുവെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ എനിക്കായിട്ടാണവൻ മരിച്ചതെങ്കിൽ ഞാൻ എനിക്കുള്ളവനല്ല എന്ന് എനിക്കറിയില്ലായിരുന്നു. ഞാനവന് ഉള്ളവനാണെങ്കിൽ എന്റെ മുൻപിൽ രണ്ടു തിരഞ്ഞെടുപ്പുകൾ ഉണ്ട്. ഒന്നുകിൽ കള്ളനെപ്പോലെ എന്റേതല്ലാത്തതു ഞാൻ പൂഴ്ത്തി വയ്ക്കണം. അല്ലെങ്കിൽ എല്ലാം ദൈവത്തിനു വിട്ടുകൊടുക്കണം. ഞാൻ ഒടുവിൽ രണ്ടാമത്തേതു തിരഞ്ഞെടുത്തു.

**- *സി.ടി. സ്റ്റഡ്***

## കല്പനകളുടെ അതിർത്തി വേലികൾ




കല്പന പ്രമാണിക്കുന്നവൻ പ്രാണനെ കാക്കുന്നു;
നടപ്പു സൂക്ഷിക്കാത്തവനോ മരണശിക്ഷ അനുഭവിക്കും. സദൃ. 19:16.

**എഡിറ്റോറിയൽ**

# അന്ത്യകാല മുന്നറിയിപ്പ്



"**ഇന്നത്തെ** ദിവസം നിങ്ങളുടെ ജീവിതത്തിലെ അന്ത്യദിവസമാണെന്ന് അറിഞ്ഞാൽ നിങ്ങൾ ഇന്നു തുടർന്ന് എങ്ങനെയാണു ജീവിക്കുക?" ഒരു ദൈവഭൃത്യനോട് ഒരാൾ ഇങ്ങനെ ചോദിച്ചതായി കേട്ടിട്ടുണ്ട്.

നമ്മുടെ നേരെയാണ് ഈ ചോദ്യം ഉയരുന്നതെങ്കിൽ നാം എന്തു പറയും? ഒരു ദിവസം രാവിലെ അറിയുന്നു, അന്നു സന്ധ്യയാകുമ്പോൾ ജീവിതം അവസാനിക്കുമെന്ന്. എങ്കിൽ? എങ്കിൽ, ചില കാര്യങ്ങൾ ക്രമീകരിക്കേണ്ടവരുണ്ടാകും. ചിലതു കൊടുത്തു തീർക്കേണ്ടവരും മടക്കി വാങ്ങേണ്ടവരും കാണും. ക്ഷമ ചോദിക്കേണ്ടവരും ചില ബന്ധങ്ങൾ ക്രമപ്പെടുത്തേണ്ടവരും അതിനുള്ള നെട്ടോട്ടത്തിലായിരിക്കും അന്നത്തെ പകൽ ചെലവഴിക്കുക.

എന്നാൽ ഈ ദൈവഭൃത്യന്റെ മറുപടി വ്യത്യസ്തമായിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഇന്നു ജീവിതത്തിലെ അവസാന ദിവസമാണെന്നറിഞ്ഞാൽ ഞാൻ പതിവുപോലെ തന്നെ ഇന്നത്തെ ദിവസവും ചെലവഴിക്കും. എന്നിട്ട് സന്ധ്യയാകുമ്പോൾ നിത്യഭവനത്തിലേക്കു പോകും."

**എഫെസോസ് സഭയുടെ ദൂതന് അഗ്നിജ്വാലയ്ക്കൊത്ത കണ്ണുള്ള ദൈവത്തെ മാത്രം കബളിപ്പിക്കാൻ കഴിഞ്ഞില്ല. അവിടുന്ന് അവനോടു പറയുന്നു: "നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെടുക. അല്ലാഞ്ഞാൽ..."**

എന്താ അർത്ഥം? അർത്ഥം ഇതാണ്: അദ്ദേഹം തന്റെ ജീവിതത്തിലെ ഓരോ ദിവസവും തന്റെ അന്ത്യ ദിവസമാണെന്നു കരുതി ജീവിച്ചു. അതുകൊണ്ടു തന്നെ, പെട്ടെന്നു വന്നുചേർന്ന അന്ത്യദിവസത്തിൽ അദ്ദേഹത്തിനു പ്രത്യേകിച്ചൊന്നും ഒരുങ്ങാനുണ്ടായിരുന്നില്ല.

അന്ത്യദിവസം ഒരാഘാതംപോലെ പൊടുന്നനെ നമ്മുടെ മേൽ വന്നു പതിക്കാതിരിക്കാൻ ഇതൊരു നല്ല കരുതലാണ്. ഓരോ ദിവസവും ജീവിതത്തിന്റെ അവസാന ദിവസമായി ചിന്തിച്ചു ജീവിക്കുക!

അപ്പൊസ്തലനായ പൗലൊസ് ഇത്തരം ഒരു ചിന്തയോടെയാണു ജീവിച്ചതെന്നു സൂചന നൽകുന്ന ഒരു വേദഭാഗമുണ്ട്. കർത്താവിന്റെ

▶

രണ്ടാം വരവിനെക്കുറിച്ചു തെസ്സലോനിക്യരോടു പൗലൊസ് വിവരിക്കുന്ന ഭാഗമാണത്: "കർത്താവിന്റെ പ്രത്യക്ഷത വരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകെയില്ല.. കർത്താവു താൻ ഗംഭീര നാദത്തോടും... സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും, പിന്നെ ജീവനോടെ ശേഷിക്കുന്നവരായ നാം... കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും" (1 തെസ്സ. 4:15,16).

ശ്രദ്ധിച്ചോ? പൗലൊസ് ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികളോടു പറയുന്നത്, കർത്താവു രണ്ടാമതു വരുമ്പോൾ മരിച്ചവർ അക്ഷയരായി ഉയിർക്കുന്നവരുടെ നിരയിലായിരിക്കുകയില്ല തങ്ങൾ; മറിച്ച് കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടുന്ന ജീവിച്ചിരിക്കുന്നവരോടൊപ്പമായിരിക്കും. പൗലൊസ് ഇതെഴുതിയിട്ട് 20 നൂറ്റാണ്ടു കഴിഞ്ഞു. ഇന്നും കർത്താവിന്റെ രണ്ടാമത്തെ വരവ് സംഭവിച്ചിട്ടില്ല. എന്നാൽ ഒന്നാം നൂറ്റാണ്ടിൽ തന്നെ പൗലൊസും സഹവിശ്വാസികളും (എല്ലാവരുമല്ല) തങ്ങളുടെ ജീവിതകാലത്തു തന്നെ കർത്താവു രണ്ടാമതു വരുമെന്നും തങ്ങൾ അന്ത്യകാലത്താണു ജീവിക്കുന്നതെന്നും വിശ്വസിച്ച് ആ നിലയിൽ ഒരുക്കത്തോടെ കഴിഞ്ഞവരായിരുന്നു! ഇന്നു നാമോ??

അന്ത്യകാല സഭയുടെ ഒരു ചിത്രം പൗലൊസ് തന്റെ ജീവിതത്തിലെ അവസാന ലേഖനത്തിൽ വരച്ചിട്ടിരിക്കുന്നത് ശ്രദ്ധിക്കുന്നത് അക്ഷരാർത്ഥത്തിൽ തന്നെ, കർത്താവിന്റെ വരവിനു തൊട്ടു മുൻപുള്ള അന്ത്യകാലത്തിൽ വന്നെത്തിയിരിക്കുന്ന നമുക്കു പ്രയോജനകരമായിരിക്കും. പൗലൊസ് കോറിയിട്ടിരിക്കുന്ന ആ ചിത്രം ഇങ്ങനെയാണ്: "ഒരു വലിയ വീട്ടിൽ (Great house) പൊന്നും വെള്ളിയുംകൊണ്ടുള്ള സാമാനങ്ങൾ മാത്രമല്ല, മരവും മണ്ണുംകൊണ്ടുള്ളവയും ഉണ്ട്. ചിലതു മാന്യകാര്യത്തിനും ചിലതു ഹീനകാര്യത്തിനും ഉപയോഗിക്കുന്നു. ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥന് ഉപയോഗവുമായി നല്ല വേലയ്ക്ക് ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും" (2 തിമൊ. 2:20,21).

ഈ വലിയ വീട് അന്ത്യകാലത്തെ സാധാരണ സഭകളാണ്. കാരണം അവിടെ മാനപാത്രങ്ങൾ മാത്രമല്ല ഹീനപാത്രങ്ങളും ഉണ്ട്. പൊന്നും വെള്ളിയുംകൊണ്ടുള്ള പാത്രങ്ങൾ മാത്രമല്ല മണ്ണും മരവുംകൊണ്ടുള്ള പാത്രങ്ങളും ഉണ്ട് (2 തിമൊ. 2:20നെ 1 കൊരി. 3:12നോടു താരതമ്യം ചെയ്യുക). ഈ വീടിന്റെ വിശേഷണം ബാബിലോണിന്റേതെന്നപോലെ (വെളിപ്പാട് 17:5) മഹത്തായത് (Great)എന്നതാണെന്നതും യാദൃച്ഛികമാണോ? ബാബിലോൺ എന്നത് ഏതെങ്കിലും പ്രത്യേക സഭയല്ല, അതു ലോകത്തോട് ഒത്തുതീർപ്പുള്ള വിശ്വാസികളാണ്. അവരുടെ സംഖ്യ ഇന്നത്തെ എല്ലാ സഭകളിലും ഏറിയും കുറഞ്ഞും കാണാം. എന്തുകൊണ്ടാണ് ദൈവം അത് അനുവദിക്കുന്നത്? ഈ ചോദ്യത്തിന്റെ മറുപടി 'കോതമ്പിനോടൊപ്പം കളയും കൊയ്ത്തോളം വളർന്നുകൊള്ളട്ടെ' എന്ന് അനുവദിച്ച യജമാനന്റെ മനോഭാവത്തിൽ നിന്നു

▶ *ശേഷം പേജ് 40*

സന്ദേശം

# അവസാനകാലത്തേക്കുള്ള മുന്നറിയിപ്പുകൾ

സാക് പുന്നൻ

"**അവൻ** (എതിർക്രിസ്തു) അയച്ച സൈന്യങ്ങൾ വിശുദ്ധസ്ഥലത്തെ മലിനമാക്കുകയും നിരന്തരഹോമയാഗം നിറുത്തലാക്കുകയും ചെയ്യും... ദൈവത്തിന്റെ ഉടമ്പടി ഗണ്യമാക്കാത്തവരെ അവൻ മുഖസ്തുതിയാൽ വശീകരിച്ചു സ്വന്ത പക്ഷത്തു ചേർക്കും.

എന്നാൽ തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ശക്തരായിനിന്നു വൻകാര്യങ്ങൾ പ്രവർത്തിക്കും. ആത്മാവിൽ വിവേകശാലികളായവർക്ക് ആ കാലത്ത് വിപുലമായ ഒരു പ്രബോധന ശുശ്രൂഷ ഉണ്ടായിരിക്കും. എങ്കിലും അവർ നിരന്തരം ആപത്തിനെ നേരിടും. അവരിൽ പലരും തീകൊണ്ടോ വാൾകൊണ്ടോ കൊല്ലപ്പെടും, തടവിലാകും അഥവാ കൊള്ളയടിക്കപ്പെടും.

അവസാനത്തിൽ ഈ സമ്മർദ്ദ



*ഈ കാവൽക്കാരെ ഉറക്കിക്കളയുവാൻ സാത്താന് എങ്ങനെ സാധിച്ചു? ചിലയാളുകളെ വിശേഷിച്ചും സമ്പന്നരും സ്വാധീന ശക്തിയുള്ളവരുമായ ചിലരെ നീരസപ്പെടുത്തരുതെന്നു കരുതി സത്യം പറയുവാൻ ഭയപ്പെടുന്നതാണ് ഇതിനുള്ള ഒരു കാരണം.*

ങ്ങൾ നീങ്ങിപ്പോകും. അതോടെ ഒരു സഹായഹസ്തം നൽകുവാനെന്ന ഭാവത്തിൽ അഭക്തരായ ചിലർ വന്നുചേരും. അവർ ആ സന്ദർഭത്തിൽ മുതലെടുക്കും. ദൈവിക കാര്യങ്ങളിൽ ഏറ്റവും അനുഗൃഹീതരും വരം ലഭിച്ചവരുമായ ചിലർ ആ കാലത്ത് ഇടറിവീണു വിശ്വാസം ത്യജിക്കും" (ദാനി. 11:31-35 ലിവിംഗ് ബൈബിൾ).

അന്ത്യകാലത്തെപ്പറ്റി പരാമർശിക്കുന്ന ഒരു വേദഭാഗമാണിത്. സഭയ്ക്കുള്ള ഒട്ടനേകം മുന്നറിയിപ്പുകൾ നമുക്കിവിടെക്കാണാൻ കഴിയും. അന്ന് എതിർക്രിസ്തുവിന്റെ ആത്മാവ് സഭയ്ക്കുള്ളിൽതന്നെ വ്യാപരിക്കും (1 യോഹ. 2:18,19 നോക്കുക).

**സഭയിൽ ദൈവത്തിന്റെ ഉന്നത നിലവാരം സൂക്ഷിക്കുക**

എതിർക്രിസ്തുവിന്റെ ആത്മാവ് വിശുദ്ധസ്ഥലത്തെ അശുദ്ധമാക്കും (വാ. 31). വിശുദ്ധിയുടെയും നീതിയുടെയും സന്ദേശത്തിനു സാത്താനിൽനിന്നും കഠിനമായ എതിർപ്പാണ് ഇന്നു നേരിട്ടുകൊണ്ടിരിക്കുന്നത്. പുതിയ ഉടമ്പടിയുടെ ജീവിതത്തെ അവഗണിച്ചുകളയുവാനും എതിർക്രിസ്തു പ്രേരണ നൽകുന്നുണ്ട് (വാ. 32). പുതിയ ഉടമ്പടിയുടെ ജീവിതം പാപത്തിന്റെമേൽ വിജയമുള്ള ഒരു ജീവിതമാണ്. എന്നാൽ അപ്രകാരമൊരു ജീവിതം അസാധ്യമാണെന്നാണ് എതിർക്രിസ്തു ഇന്നു ജനങ്ങളോടു പറഞ്ഞുകൊണ്ടിരിക്കുന്നത്.

കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി ഒരു സഭയെന്ന നിലയിലുള്ള നമ്മുടെ ശുശ്രൂഷ ഇൻഡ്യയിലെല്ലായിടത്തും എതിർക്കപ്പെട്ടിട്ടുള്ളത് നാം വിശുദ്ധിയും നീതിയും പ്രസംഗിച്ചതു മൂലമാണ്. പാപം ഇനിമേൽ നമ്മുടെമേൽ കർത്തൃത്വം നടത്തേണ്ട ആവശ്യമില്ലെന്നു നാം പ്രഖ്യാപിച്ചു (റോമർ 6:14). പണത്തെ സ്നേഹിക്കുന്നവർക്കു ദൈവത്തെ സ്നേഹിക്കുവാൻ സാധ്യമല്ലെന്ന സത്യം നാം ഉദ്ഘോഷിച്ചിട്ടുണ്ട് (ലൂക്കൊ. 16:13). മറ്റുള്ളവരോടു കോപിക്കയും അവരെ നിന്ദിക്കയും ചെയ്യുന്നവർ നരകാർഹരായ പാപികളാണെന്നും സ്ത്രീയെ മോഹദൃഷ്ടിയോടെ നോക്കുന്നവർ നരകത്തിൽ പതിക്കുമെന്നും നാം ഊന്നിപ്പറഞ്ഞു (മത്താ. 5:22, 28, 29). വിശ്വാസികളിൽ ബഹുഭൂരിപക്ഷത്തിനും ഈ വാക്കുകൾ അരോചകമാണ്. തന്മൂലം അവർ നമ്മെ എതിർക്കുന്നു.

ക്രിസ്തീയപ്രവർത്തകർ ശമ്പളം പറ്റുന്ന സമ്പ്രദായത്തെയും (ഒന്നാം നൂറ്റാണ്ടിൽ കേട്ടുകേൾവി പോലുമില്ലാതിരുന്ന കാര്യമാണിത്) ഇൻഡ്യയിലെ ക്രിസ്തീയപ്രവർത്തനത്തിന്റെ ഒരു ഭാഗമായ പണമിരക്കലിനെയും നാം എതിർത്തു. തന്മൂലം സുവിശേഷപ്രസംഗം ഒരു ഉപജീവന മാർഗ്ഗമാക്കിയവരെയും അങ്ങനെ സ്വന്ത സാമ്രാജ്യം പടുത്തുയർത്തിപ്പോന്നവരെയും ഇതു പ്രകോപിപ്പിക്കുകയുണ്ടായി.

സഭയിൽ വ്യക്തിപൂജയ്ക്ക് ഇടം നൽകുന്ന കൾട്ടിസത്തെയും അന്ധമായ സഭാവിഭാഗ ചിന്താഗതിയെയും നാം എതിർത്തിട്ടുണ്ട്. ഇൻഡ്യൻ സഭകളുടെമേലുള്ള പാശ്ചാത്യ മേൽക്കോയ്മയെയും പാശ്ചാത്യ നേതൃത്വത്തോടുള്ള അനാരോഗ്യകരമായ ആശ്രയത്തെയും നാം എതിർക്കുന്നു. ഭാരതീയസഭകളുടെ വളർച്ചയ്ക്ക് ഇവ ഹാനികരമാണല്ലോ. നമ്മുടെ ഈ നിലപാടും വ്യക്തിപൂജകരെ പ്രകോപിതരാക്കിയിട്ടുണ്ട്.

സാത്താന്റെ ലക്ഷ്യം ദൈവ

ത്തിന്റെ വിശുദ്ധമന്ദിരത്തെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ദുഷിപ്പിക്കണം എന്നതത്രേ. ഇതിലേക്കു ദൈവപ്രവൃത്തിയെ ഉള്ളിൽ നിന്നുതന്നെ നശിപ്പിക്കുവാനായി തന്റെ സൈന്യങ്ങളെ അവൻ സഭയ്ക്കുള്ളിൽത്തന്നെ അണിനിരത്തുന്നു (ദാനി. 11:31). ഈ സാത്താന്യ ശക്തികൾ ഗ്രൂപ്പുകളെയും പ്രസ്ഥാനങ്ങളെയും ഒന്നൊന്നായി നശിപ്പിച്ചതെങ്ങനെയെന്നു കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകാലത്തെ ക്രൈസ്തവ ചരിത്രം വെളിപ്പെടുത്തുന്നു.

സഭയുടെ കാവൽക്കാരായി ദൈവം നിയോഗിച്ചിട്ടുള്ള ആളുകൾ ജാഗ്രതയോടെ ഉണർന്നിരിക്കാത്തതാണ് സഭ പരാജയപ്പെട്ടതിന്റെ മുഖ്യകാരണം. ഈ കാവൽക്കാരെ ഉറക്കിക്കളയുവാൻ സാത്താന് എങ്ങനെ സാധിച്ചു? ചിലയാളുകളെ വിശേഷിച്ചും സമ്പന്നരും സ്വാധീന ശക്തിയുള്ളവരുമായ ചിലരെ നീരസപ്പെടുത്തരുതെന്നു കരുതി സത്യം പറയുവാൻ ഭയപ്പെടുന്നതാണ് ഇതിനുള്ള ഒരു കാരണം. മറ്റുചിലപ്പോൾ സ്വന്തം ഭാര്യയെ പ്രീണിപ്പിക്കുന്ന മനോഭാവവും ദ്രവ്യാഗ്രഹം, ഭക്ഷണ പ്രിയം എന്നിവയും ഇതിനു കാരണമായി ഭവിച്ചിട്ടുണ്ട്.

ചില സാഹചര്യങ്ങളിൽ ഈ കാവൽക്കാർ സഭയിൽ ദൈവിക നിലവാരം നിലനിർത്തുവാൻ ശ്രമിക്കുന്നതിനിടയിൽ തങ്ങളുടെ സന്ദേശത്തോടുള്ള നിരന്തരമായ എതിർപ്പിനെ നേരിടേണ്ടിവരുന്നു. അതിന്റെ കാഠിന്യംമൂലം അവർ മനസ്സു മടുത്തു തളർന്നുപോകയും മനുഷ്യരെ പ്രസാദിപ്പിക്കുമാറ് തങ്ങളുടെ സന്ദേശത്തെ മയപ്പെടുത്തുകയും ചെയ്യുന്നു.

എബ്രാ. 12:3 നോക്കുക: “നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കുനേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ.” യേശുവിനു വിരോധികളായിത്തീർന്ന ഈ പാപികൾ ആരായിരുന്നു? യിസ്രായേലിലെ വേശ്യമാരോ കൊലപാതകികളോ കൊള്ളക്കാരോ ആയിരുന്നില്ല ഇവർ. എങ്കിൽ റോമാക്കാരോ ഗ്രീക്കുകാരോ ആയിരുന്നോ? ഒരിക്കലുമല്ല. യേശുവിനെ എതിർത്ത പാപികൾ മേശമേൽ മുഷ്ടികൊണ്ടിടിച്ചു പ്രസംഗിക്കുന്ന യിസ്രായേലിലെ പ്രസംഗകരും മതമേധാവികളുമായിരുന്നു. അവർ യേശുവിനോട് അസൂയാലുക്കളായിത്തീരുകയും ഒടുവിൽ അവിടുത്തെ കൊന്നു കളയുകയുമാണുണ്ടായത്.

യേശുവിനെ നാം പിന്തുടരുന്ന പക്ഷം ഇന്നും ഇതേ വിഭാഗത്തിൽപ്പെട്ടവരിൽനിന്നും നമുക്ക് എതിർപ്പുണ്ടാകും. ദൈവത്തിന്റെ നിലവാരം താഴ്ത്തി സഭയെ ദുഷിപ്പിച്ചിട്ടുള്ള പ്രസംഗകരിൽനിന്നാണ് നമുക്ക് ഏറ്റവും വലിയ എതിർപ്പുണ്ടാകുന്നത്. നമ്മെ എതിർക്കുന്ന സാത്താന്റെ ഏറ്റവും വലിയ ഏജന്റന്മാർ ഇവരാണ്. ഇവരുടെ നിരന്തര വൈരം മൂലം മനസ്സുമടുത്ത് ക്രിസ്തുവിന്റെ വേലക്കാർ തളർന്നുപോകുന്നു എന്നത് ഏറ്റവും സംഭവ്യമായ ഒരു കാര്യമത്രേ.

ഇപ്രകാരം പീഡനംകൊണ്ടു ദൈവഭക്തന്മാരെ തളർത്തിക്കളയുവാൻ സാത്താൻ ശ്രമിക്കുന്നു (ദാനി. 7:25). നിരന്തരമായി എതിർപ്പിനെ അഭിമുഖീകരിക്കുകയും ഒടുവിൽ കൊല്ലപ്പെടുകയും ചെയ്ത യേശുവിനെ നമ്മുടെ ദൃഷ്ടാന്തമായിക്കണ്ട് അവിടുത്തെ മുഖത്തേക്കു നോക്കു

ക്രിസ്തീയപ്രവർത്തകർ ശമ്പളം പറ്റുന്ന സമ്പ്രദായത്തെയും (ഒന്നാം നൂറ്റാണ്ടിൽ കേട്ടുകേൾവി പോലുമില്ലാതിരുന്ന കാര്യമാണിത്) ഇൻഡ്യയിലെ കിസ്തീയ പ്രവർത്തനത്തിന്റെ ഒരു ഭാഗമായ പണമിരക്കലിനെയും നാം എതിർത്തു. തന്മൂലം സുവിശേഷ പ്രസംഗം ഒരു ഉപജീവന മാർഗ്ഗമാക്കിയവരെയും അങ്ങനെ സ്വന്ത സാമ്രാജ്യം പടുത്തുയർത്തിപ്പോന്നവരെയും ഇതു പ്രകോപിപ്പിക്കുകയുണ്ടായി. സഭയിൽ വ്യക്തിപൂജയ്ക്ക് ഇടം നൽകുന്ന കൾട്ടിസത്തെയും അന്ധമായ സഭാവിഭാഗ ചിന്താഗതിയെയും നാം എതിർത്തിട്ടുണ്ട്. ഇൻഡ്യൻ സഭകളുടെമേലുള്ള പാശ്ചാത്യ മേൽക്കോയ്മയെയും പാശ്ചാത്യ നേതൃത്വത്തോടുള്ള അനാരോഗ്യകരമായ ആശ്രയത്തെയും നാം എതിർക്കുന്നു. ഭാരതീയസഭകളുടെ വളർച്ചയ്ക്ക് ഇവ ഹാനികരമാണല്ലോ. നമ്മുടെ ഈ നിലപാടും വ്യക്തിപൂജകരെ പ്രകോപിതരാക്കിയിട്ടുണ്ട്.

ന്നതുമാത്രമാണ് ഇതിനെ അതിജീവിക്കുവാനുള്ള ഏകമാർഗ്ഗം. മരണപര്യന്തം വിശ്വസ്തരായിരിപ്പാൻ വേണ്ടി നമുക്കും മനസ്സുറപ്പിക്കാം. മരണംവരെയും എതിർപ്പിനെ നേരിടുവാൻ മനസ്സുവയ്ക്കാത്ത ഏതു സുവിശേഷ പ്രവർത്തകനും കാലാന്തരത്തിൽ കർണ്ണരസമാകുമാറ് വചനം പ്രസംഗിക്കുന്ന ഒരുവനായിത്തീർന്നു പോകും. ജനങ്ങളെ തന്റെ പക്ഷം ചേർക്കുവാനായി അയാൾ മുഖസ്തുതി പ്രയോഗിക്കും (ദാനി. 11:32). അങ്ങനെ ഒത്തുതീർപ്പുകാരനായ ഒരു ബിലെയാമായി അയാൾ ജീവിതം അവസാനിപ്പിക്കും.

എന്തു വില കൊടുത്തും സഭയിലുള്ള ദൈവികമായ ജീവിത നിലവാരത്തെ സംരക്ഷിക്കുവാനാണ് ദൈവം നമ്മെ വിളിച്ചിട്ടുള്ളത്. അതിനുവേണ്ടി എല്ലാ സമയത്തും എതിർക്രിസ്തുവിന്റെ സൈന്യങ്ങൾക്കെതിരെ നാം ജാഗ്രതയുള്ളവരായിരിക്കണം. പൗലൊസ് എഫെസൊസിലായിരുന്ന മൂന്നു വർഷക്കാലവും അദ്ദേഹം ദൈവകൃപയിലൂടെ സഭയെ വിശുദ്ധിയിൽ സൂക്ഷിച്ചു. എന്നാൽ അവിടെനിന്നും താൻ പിരിഞ്ഞുപോകുന്ന സമയത്തു തന്റെ വേർപാടിനുശേഷം ദുഷിപ്പുകൾ സഭയിൽ കടന്നുകൂടുമെന്ന് അദ്ദേഹം അവിടത്തെ മൂപ്പന്മാർക്കു താക്കീതു നൽകി (അപ്പൊ. 20:29–31). അദ്ദേഹം പറഞ്ഞതു പോലെ തന്നെ സംഭവിക്കുകയും ചെയ്തു. അതിനെക്കുറിച്ച് എഫെസൊസുകാർക്കെഴുതിയ അടുത്ത കത്തിൽ (വെളി. 2:15) നാം വായിക്കുകയും ചെയ്യുന്നു.

**നിരന്തരഹോമയാഗം നിലനിർത്തുക**

എതിർക്രിസ്തു നിറുത്തലാക്കുന്ന കാര്യങ്ങളിൽ ഒന്ന് നിരന്തര ഹോമയാഗമാണെന്നു ദാനി. 11:31–ൽ നാം തുടർന്നുവായിക്കുന്നു.

യേശു കൂടെക്കൂടെ ഇപ്രകാരമൊരു പ്രതിദിനയാഗത്തെപ്പറ്റി തന്റെ

ശിഷ്യന്മാരോടു സംസാരിച്ചിരുന്നു. താൻ തന്നെ തന്റെ ജീവിതത്തിൽ നാൾതോറും അനുഷ്ഠിച്ചിരുന്ന ഒരു യാഗമാണിത്. "എന്നെ അനുഗമിപ്പാൻ ഒരുവൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾ തോറും തന്റെ ക്രൂശെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കൊ. 9:23).

ഈ സന്ദേശത്തെ ക്രൈസ്തവ സമൂഹത്തിൽനിന്നു സാത്താൻ നീക്കിക്കളഞ്ഞിരിക്കുന്നു. അങ്ങനെ വിശുദ്ധസ്ഥലം ദുഷിപ്പിക്കപ്പെട്ടിരിക്കുന്നു. ഏതെങ്കിലും സഭയിൽ നിന്നു ക്രൂശിന്റെ സന്ദേശം അപ്രത്യക്ഷമാകുമ്പോൾ അവിടെ പാപവും ലോകമയത്വവും കടന്നുകയറി കൊടികുത്തിവാഴും.

വിശുദ്ധസ്ഥലത്തേക്കുള്ള വഴി ചീന്തപ്പെട്ട തിരശ്ശീലയിലൂടെ, അതായത് ക്രൂശിൽ തറയ്ക്കപ്പെട്ട ജഡത്തിലൂടെയാണ്. അതിപരിശുദ്ധനായ യേശുവിന് അതു സാധിച്ചത് ഈ വഴിയിലൂടെയാണ്. നമുക്കും അതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.

ഇന്നലെ നിങ്ങൾ ക്രൂശു വഹിച്ചിരുന്നുവോ? ഒരുപക്ഷേ വഹിച്ചിരുന്നിരിക്കാം. എങ്കിൽ അത് ഇന്നലെ നിങ്ങൾക്കു നേരിടുവാൻ ദൈവം നിശ്ചയിച്ചിരുന്ന ദോഷത്തിനു മാത്രമേ പര്യാപ്തമായിരുന്നുള്ളൂ (മത്താ. 6:34).

ഇന്നു മറ്റൊരു ദിവസമാണ്. അതിനാൽ നിങ്ങളുടെ ശരീരത്തെയും സ്വന്തമായ ഇച്ഛയെയും ഇന്നു വീണ്ടും നിങ്ങൾ യാഗമർപ്പിച്ചേ മതിയാവൂ. ഇന്നു നിങ്ങളുടെ ദുർമ്മോഹങ്ങൾക്ക്, നിങ്ങളുടെ കോപത്തിന്, നിങ്ങളുടെ അഹങ്കാരത്തിന്, ദ്രവ്യാഗ്രഹത്തിന്, മനുഷ്യരുടെ മാനം ലഭിക്കുവാനുള്ള ആഗ്രഹത്തിന്, നിങ്ങളുടെ മനോനീരസത്തിന് ഇവയ്ക്കെല്ലാമെല്ലാം നിങ്ങൾ മരിച്ചേ മതിയാവൂ. ഈ കാരണത്താലാണ് നിങ്ങളുടെ ഇഹലോകജീവിതത്തിൽ അന്ത്യംവരെയും ഒരു നിരന്തര ഹോമയാഗം നിങ്ങൾക്ക് ആവശ്യമായിരിക്കുന്നത്. ഈ ദുഷിച്ച സ്വഭാവത്തിന്റെയെല്ലാം അങ്കുരങ്ങളായ ദുർമ്മോഹങ്ങൾ നിങ്ങളുടെ ജഡത്തിൽ കുടികൊള്ളുന്നുണ്ട്. നിങ്ങൾ ജീവിക്കുന്ന കാലമത്രയും അവ നിങ്ങളിൽ ഉണ്ടായിരിക്കയും ചെയ്യും. ഈ കാരണത്താലാണ് നിങ്ങളുടെ ഇഹലോകജീവിതത്തിലെ അവസാന നിമിഷം വരെയും ഈ നിരന്തര ഹോമയാഗം നിങ്ങൾക്കാവശ്യമായിരിക്കുന്നത്.

ഇപ്രകാരമൊരു നിരന്തരയാഗം നിങ്ങളിൽ നടക്കുന്നുണ്ടോ?

ഇല്ലെങ്കിൽ, എതിർക്രിസ്തുവിന്റെ ആത്മാവു നിങ്ങളെ വഞ്ചിച്ചിരിക്കുന്നു, നിശ്ചയം.

യേശു താൻ ജലത്തിൽ സ്നാനമേറ്റ സമയത്തുതന്നെ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായിത്തീർന്നു. യേശു യോർദ്ദാൻനദിയിൽ മുഴുകിയ ആ സംഭവം അവിടുന്നു സ്വന്തം മരണവും ശവസംസ്കാരവും സ്വീകരിച്ചതിനെ ദൃഷ്ടാന്തരൂപേണ കുറിക്കുന്നു. ഈ വസ്തുത നമ്മെ പഠിപ്പിക്കുന്ന സത്യം ഇതാണ്: പരിശുദ്ധാത്മാഭിഷേകത്തിൻകീഴിൽ ജീവിക്കുവാനുള്ള മാർഗ്ഗം നമ്മുടെ അഹന്തയ്ക്ക് അഥവാ ഞാനെന്ന ഭാവത്തിന് മരിക്കുക എന്നതു മാത്രമാണ്.

ജലസ്നാനത്തിന്റെ സമയത്ത് ദൈവനാമത്തിൽ നാം ജലത്തിലേക്കു താഴ്ത്തപ്പെടുന്നു. നമ്മെ ജലത്തിലേക്കു താഴ്ത്തുന്ന ആ ദൈവം തന്നെ നമ്മെ അതിൽനിന്ന് ഉയർത്തും എന്ന അറിവോടെ

നാമതു സ്വീകരിക്കുകയും ചെയ്യുന്നു. പ്രതിദിനജീവിതത്തിൽ ബലം പ്രയോഗിച്ചു നമ്മെ കീഴടക്കുകയും ഞെരുക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ നമ്മെ നേരിടുമ്പോൾ അവയെ നാം അഭിമുഖീകരിക്കേണ്ടത് ഇങ്ങനെതന്നെ ആയിരിക്കണം. അത്തരം സാഹചര്യങ്ങളിൽ ദൈവം നമ്മെ യേശുവിനു വേണ്ടി മരണത്തിലേക്ക് ഏൽപിച്ചു കൊടുക്കുകയാണെന്ന കാര്യം നാം അംഗീകരിക്കണം (2 കൊരി. 4:10,11). അപ്രകാരം നാം അഹന്താജീവിതത്തിന്റെ (self-life) മരണം ഏറ്റു വാങ്ങുമ്പോൾ ആ മരണത്തിലേക്കു നമ്മെ നയിച്ച ദൈവം തന്നെ നമ്മെ ഉയിർപ്പിക്കുകയും ചെയ്യും. ഇതു നമുക്ക് ഉറപ്പായി വിശ്വസിക്കാം.

കഴിഞ്ഞ ദശകങ്ങളിൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ച ആളുകൾ തങ്ങളുടെ ജീവിതത്തിൽ ഇപ്രകാരം ഹോമയാഗം കഴിച്ചിരുന്നുവെങ്കിൽ അവർ നമ്മുടെ രാജ്യത്തു ദൈവത്തിനുവേണ്ടി അദ്ഭുതാവഹമായ ശക്തിയും സ്വാധീനതയും പ്രദർശിപ്പിക്കുമായിരുന്നു. എന്നാൽ അവരിൽ മിക്കവരെയും കേന്ദ്രധാരയിൽ നിന്നകറ്റിക്കളയുന്നതിൽ സാത്താൻ വിജയം വരിച്ചു. അവർ ഇവിടെ പ്പറഞ്ഞ ക്രൂശിന്റെ വഴിയിൽക്കൂടി മുന്നേറുന്നതിനുപകരം അന്യ ഭാഷാ ഭാഷണം, രോഗശാന്തി ശുശ്രൂഷ, വികാരപ്രകടനങ്ങൾ, നാനാരൂപമായ ആത്മീയ പ്രവർത്തനങ്ങൾ എന്നിവയ്ക്കെല്ലാം പ്രാധാന്യം കല്പിച്ചതിന്റെ ഫലമായിട്ടാണ് ഇതു സംഭവിച്ചത്.

സാത്താനെ ജയിക്കുവാനും നമ്മുടെ ജീവിതങ്ങളിലും ഭവനങ്ങളിലും സഭകളിലും ദൈവശക്തി നിലനിർത്തുവാനുമുള്ള ഏകമാർഗ്ഗം യാതൊരൊത്തുതീർപ്പുംകൂടാതെ എന്തു വിലകൊടുത്തും നിരന്തര ഹോമയാഗം നിറവേറ്റുക എന്നതു മാത്രമാണ്.

ഹെരോദാവ് യോഹന്നാൻ സ്നാപകന്റെ പ്രസംഗം പതിവായി കേട്ടിരുന്നു (മർക്കൊ. 6:20). യോഹന്നാൻ മുഷിപ്പന്മാരായ പരീശന്മാരിൽ നിന്നു വ്യത്യസ്തനായി ഒരുജ്വല വാഗ്മിയായിരുന്നതുകൊണ്ടും അദ്ദേഹത്തെ കേൾക്കുന്നതു രസകരമായ ഒരു അനുഭവമായതുകൊണ്ടുമാണ് ഹെരോദാവ് അപ്രകാരം ചെയ്തത്. ഇതേ കാരണത്താൽ തന്നെയാണ് പലരും നല്ല ക്രിസ്തീയ പുസ്തകങ്ങൾ വായിക്കുന്നതിനും ശക്തിയേറിയ പ്രസംഗങ്ങൾ കേൾക്കുന്നതിനും ഇഷ്ടപ്പെടുന്നത്. എങ്കിലും ഹെരോദാ രാജാവിനുണ്ടായതിൽ കവിഞ്ഞ ഒരാത്മീയ നിലവാരം ഇവർക്കുണ്ടാ കുന്നില്ലതാനും.

തങ്ങളുടെ പ്രസംഗങ്ങൾക്കായി പുതിയ പോയിന്റുകൾ കിട്ടുവാനായി ക്രിസ്തീയ പുസ്തകങ്ങൾ വായിക്കുന്ന ചിലരുണ്ട്. മറ്റുള്ളവരുടെ പ്രസംഗങ്ങൾ മോഷ്ടിക്കുന്നവരോടു താൻ എതിർത്തുനിൽക്കുന്നുവെന്ന് ദൈവം തന്നെ പ്രസ്താവിച്ചിട്ടുള്ളതിനാൽ (യിരെ. 23:30) തങ്ങളെത്തന്നെ വിധിക്കുവാനും തങ്ങളുടെ ആവശ്യത്തെപ്പറ്റി തങ്ങളോടു സംസാരിക്കുവാൻ ദൈവത്തെ അനുവദിപ്പാനുംവേണ്ടി ഇവ വായിക്കുന്നതിനുപകരം അവർ എപ്പോഴും പ്രസംഗത്തിനുള്ള പോയിന്റുകൾ തേടുക മാത്രമാണു ചെയ്യുന്നത്.

നിങ്ങൾ അർഹിക്കുന്നതെന്നു നിങ്ങൾ തന്നെ കരുതുന്ന ബഹുമാനം നിങ്ങൾക്ക് ഒരാൾ നൽകാതെവരുമ്പോഴോ, സഭയിൽ ഉത്തരവാദിത്വമുള്ള ഒരു സ്ഥാനം

നിങ്ങൾക്കു നൽകാത്തപ്പോഴോ നിങ്ങൾ നീരസപ്പെടുന്നപക്ഷം നിങ്ങളുടെ ജീവിതത്തിൽ നിരന്തരഹോമയാഗം നിന്നു പോയി എന്നതിന് അതൊരു നല്ല തെളിവാണ്. നേരേമറിച്ച് നിങ്ങൾ അഹന്തയ്ക്കു മരിച്ചവനാണെങ്കിൽ യാതൊരു കാരണവശാലും ഒരിക്കലും നിങ്ങൾ നീരസപ്പെടുകയില്ല.

**യഥാർത്ഥ പ്രവാചകന്മാരും കള്ളപ്രവാചകന്മാരും**

എതിർക്രിസ്തുവിന്റെ ആത്മാവിനു വശംവദരായവർ ആളുകളെ തങ്ങളിലേക്ക് ആകർഷിക്കുവാനായി മൃദുലവാക്കുകൾ (മുഖസ്തുതി) ഉപയോഗിക്കുമെന്ന് നാം വായിക്കുന്നു (ദാനി. 11:32). എല്ലാ കള്ളപ്രവാചകന്മാരിലും കാണപ്പെടുന്ന മാറ്റമില്ലാത്ത ഒരു സവിശേഷത മുഖസ്തുതിയാണ്. എല്ലാ യഥാർത്ഥ പ്രവാചകന്മാരുടെയും സവിശേഷതയാകട്ടെ, ശാസനയാണ്.

ഈ കള്ളപ്രവാചകന്മാർ മുഖസ്തുതി പ്രയോഗിക്കുന്നത് ആളുകളെ തങ്ങളുടെ കൂട്ടത്തിൽ ചേർക്കുവാനോ സ്വന്തസാമ്രാജ്യം പടുത്തുയർത്തുവാനോ ബഹുമാനം ലഭിക്കുവാനോ പണം സമ്പാദിക്കുവാനോ ഒക്കെ ആയിരിക്കും. ഇവരിൽ പലരും ആളുകളെ തങ്ങളുടെ പിടിയിൽ നിറുത്തുന്നതിനായി അവരുമായി വിശ്വസ്തതയോടെ എഴുത്തു കുത്തിൽ ഏർപ്പെടുന്നു. എന്നാൽ വെളി. 2, 3 എന്നീ അധ്യായങ്ങളിലും കർത്താവോ അപ്പോസ്തലന്മാരോ എഴുതിയിട്ടുള്ള ലേഖനങ്ങളിലും കാണുന്നപോലെയുള്ള ശാസനയുടെയും തെറ്റുതിരുത്തലിന്റെയും വാക്കുകൾ ഈ എഴുത്തുകളിൽ കാണുകയില്ല. നേരേ മറിച്ച് അഭിനന്ദനം, പ്രശംസ, മുഖസ്തുതി എന്നിവയുടെ വാക്കുകൾ മാത്രമേ ഇവയിൽ കാണുകയുള്ളൂ.

> ദൈവം നമ്മെ ശാസിക്കുവാനായി ഒരു പ്രവാചകനെ നമ്മുടെ അടുക്കലേക്കയക്കുമ്പോൾ അതു ദൈവം നമ്മെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. ദൈവം ഒരു സഭയെ ഉപേക്ഷിച്ചു കളയുമ്പോൾ അതിനെ ശാസിക്കുന്ന ഒരു പ്രവാചകനെയും അവരുടെ മധ്യത്തിൽ പിന്നെ കാണുകയില്ല. പകരം, മധുരവാക്കുകൾ സംസാരിക്കുന്ന പ്രവാചകന്മാരായിരിക്കും അവിടെ ഉണ്ടാവുക. ഏതു ദൈവജനത്തിനും സംഭവിക്കാവുന്ന ഒരു ദയനീയ സ്ഥിതിയാണിത്.

ഇത്തരം മൃദുലവാക്കുകൾ നിങ്ങളുടെ ഹൃദയത്തെ അഹങ്കാരവും സ്വയം സംതൃപ്തിയുംകൊണ്ടു മലിനമാക്കുകയേ ചെയ്യൂ എന്ന് ഓർത്തുകൊള്ളുക. നേരേമറിച്ച് ശാസനാവാക്കുകൾ നിങ്ങളുടെ ഹൃദയത്തെ മാലിന്യം നീക്കി ശുദ്ധീകരിക്കും. "എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു" (വെളി. 3:19). ശാസന ദൈവസ്നേഹത്തിന്റെ ഒരടയാളമാണ്.

ദൈവം നമ്മെ ശാസിക്കുവാനായി

ഒരു പ്രവാചകനെ നമ്മുടെ അടുക്കലേക്കയക്കുമ്പോൾ അതു ദൈവം നമ്മെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. ദൈവം ഒരു സഭയെ ഉപേക്ഷിച്ചുകളയുമ്പോൾ അതിനെ ശാസിക്കുന്ന ഒരു പ്രവാചകനെയും അവരുടെ മധ്യത്തിൽ പിന്നെ കാണുകയില്ല (സങ്കീ. 74:1, 9). പകരം, മധുരവാക്കുകൾ സംസാരിക്കുന്ന പ്രവാചകന്മാരായിരിക്കും അവിടെ ഉണ്ടാവുക (2 തിമൊ. 4:3, 4). ഏതു ദൈവജനത്തിനും സംഭവിക്കാവുന്ന ഒരു ദയനീയ സ്ഥിതിയാണിത്.

വെളി. 2, 3 അധ്യായങ്ങളിൽ അവിടെയുള്ള ഏഴു സഭകളിൽ അഞ്ചും മോശമായ അവസ്ഥയിലായിരുന്നുവെങ്കിലും ദൈവം അന്നുവരെയും അവരെ ഉപേക്ഷിച്ചിരുന്നില്ലെന്നു നാം കാണുന്നു. ഒരു പ്രവാചകനെ (യോഹന്നാൻ അപ്പൊസ്തലനെ) തന്റെ കത്തുകൾകൊണ്ട് അവരെ ശാസിക്കുവാനും തെറ്റുതിരുത്തുവാനുമായി ദൈവം അവരുടെ മധ്യത്തിലേക്കയച്ചത് അതിന്റെ തെളിവാണ്.

യോഹന്നാന്റെ പക്കൽ മൂപ്പന്മാരെ ലക്ഷ്യമാക്കിപ്പോലും പ്രയോഗിപ്പാൻ ശക്തമായ വാക്കുകൾ ഉണ്ടായിരുന്നു: ‘നിന്റെ ആദ്യസ്നേഹം നീ വിട്ടുകളഞ്ഞു’, ‘നീ ആത്മീയമായി മരിച്ചവനത്രേ’, ‘നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനുമാണ്’ എന്നിപ്രകാരമുള്ള വാക്കുകൾ തന്നെ. ആ മൂപ്പന്മാരും ആ സഭകളും ഈ ശാസനാ വാക്കുകൾ കേട്ടു മാനസാന്തരപ്പെടുന്നില്ലെങ്കിൽ അവർ ദൈവത്താൽ ഉപേക്ഷിക്കപ്പെടുക തന്നെ ചെയ്യും.

കർത്താവ് ഒരിക്കൽ ‘നിലവിളക്കു നീക്കിക്കളഞ്ഞാൽ’ പിന്നെ അപ്രകാരമൊരു സഭയെ ശാസിക്കുവാൻ പ്രവാചകന്മാരെ അവരുടെ അടുക്കൽ അയയ്ക്കുകയില്ല. അപ്പോൾ കള്ളപ്രവാചകന്മാർ ചുമതലയേറ്റെടുക്കുകയും സഭായോഗങ്ങളിൽ ഞായറാഴ്ചതോറും മൃദുലവാക്കുകൾ മാത്രം കേൾക്കപ്പെടുകയും ചെയ്യും! കഴിഞ്ഞ ഇരുപതുനൂറ്റാണ്ടുകളിൽ ഉടനീളം സഭതോറും തലമുറതോറും ഇതു സംഭവിച്ചിട്ടുണ്ട്. ഇന്നും നമുക്കു ചുറ്റുപാടും ഇതു സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഇപ്രകാരമൊരു കാലഘട്ടത്തിലാണ് ‘തങ്ങളുടെ ദൈവത്തെ അറിയുകയും ശക്തരായിനിന്നു വൻകാര്യങ്ങൾ പ്രവർത്തിക്കുകയും’ ചെയ്യുന്ന ദൈവഭൃത്യന്മാരുടെ വലിയ ആവശ്യമുള്ളത് (ദാനി. 11:32). അവർ ദൈവത്തെ അറിയുന്നവരാകയാൽ ഒരു മനുഷ്യനെയും ഭയപ്പെടുകയില്ല. എന്നാൽ ദൈവത്തെ അറിയുന്നതിന് ഒരൊറ്റ മാർഗ്ഗമേയുള്ളു. നിരന്തരയാഗമാണ് ആ മാർഗ്ഗം. ദൈവം വസിക്കുന്ന അതിവിശുദ്ധ സ്ഥലത്തേക്കു നാം പ്രവേശിക്കണമെങ്കിൽ തിരശ്ശീല ചീന്തപ്പെടണം. അതിനാൽ നിരന്തരയാഗം നിങ്ങളുടെ ജീവിതത്തിൽനിന്ന് ഒരിക്കലും നീങ്ങിപ്പോകാതിരിക്കട്ടെ.

നിങ്ങളുടെ ഭർത്താവോ ഭാര്യയോ നിങ്ങളോടു മോശമായിപ്പെരുമാറുന്നുവെങ്കിൽ **മരിക്കുക**. നിങ്ങൾ അന്യായമായി പീഡനം സഹി ച്ചാൽ **മരിക്കുക**. നിങ്ങളുടെ സഹോദരന്മാർ നിങ്ങളെ വഞ്ചിക്കുകയോ വെറുക്കുകയോ ചെയ്താൽ **മരിക്കുക**. നിങ്ങളുടെ സ്വാർത്ഥജീവിതത്തിനു മരിച്ചവരായി നിങ്ങൾ തീരുമ്പോൾ ദൈവത്തെയും യേശുവിനെയും കൂടുതൽ മെച്ചമായി അറിയുവാൻ നിങ്ങൾ പ്രാപ്തരാകും.

*(തുടരും)*

വചനദീപം



## വിശുദ്ധ ജീവിതം - 4

(കഴിഞ്ഞ ലക്കം തുടർച്ച...)

# വിശുദ്ധീകരണം പ്രാപിച്ച മനുഷ്യന്റെ പരീക്ഷകൾ

**സാമുവൽ ലോഗൻ ബ്രെങ്കിൾ**

**പാപത്തിനു** മരിച്ചവർ എങ്കിൽ പരീക്ഷിക്കപ്പെടുന്നതെങ്ങനെ? പാപസ്വഭാവം മരിച്ചു കഴിഞ്ഞാൽ പിന്നീട് പിശാചിനു മനുഷ്യനെ പരീക്ഷിക്കുവാൻ കഴിയുന്നതെങ്ങനെ എന്നുള്ളത് ഒരു വലിയ ചോദ്യം അത്രെ. എന്റെ മനസ്സിലും ഈ ചോദ്യം ഉണ്ടായിട്ടുണ്ട്. എന്നാൽ കർത്താവ് എനിക്കു തന്ന മറുപടിയാണു സാത്താനെ തോല്പിക്കുവാൻ പലപ്പോഴും ഞാൻ ഉപയോഗിച്ചിട്ടുള്ളത്. പാപത്തിനു മരിച്ചു നീതിക്കു ജീവിക്കുന്നവനാണ് വിശുദ്ധീകരണം പ്രാപിച്ച മനുഷ്യൻ. സാധാരണ മനുഷ്യരിലുള്ള പാപപ്രകൃതികൾ ഇപ്രകാരമുള്ള ഒരു മനുഷ്യനിലില്ല. അപ്രകാരമുള്ള പ്രകൃതികളിൽക്കൂടെ അവനെ പരീക്ഷിക്കുവാൻ പിശാചിന് കഴിയുകയുമില്ല. "നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രെ" (എഫെ. 6:12) എന്നു നാം വായിക്കുന്നു. അതിനാൽ ഒരു വിശ്വാസിക്കു ജഡികങ്ങളായ പാപത്തോടല്ല പോരാട്ടം എന്നു നാം മനസ്സിലാക്കുന്നു. മദ്യപനയായ ഒരു മനുഷ്യൻ രക്ഷിക്കപ്പെട്ടു വിശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്കു പ്രവേശിച്ച ശേഷം വീണ്ടും മദ്യപാനത്തിനുള്ള പരീക്ഷയല്ല അവനുണ്ടാകുന്നത്. അവൻ മരിച്ച് അവന്റെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുകയാണ്. ലോകത്തിന്റെ പ്രതാപങ്ങളെയും, സുഖങ്ങളെയും സ്നേഹിച്ചതായ ഒരു മനുഷ്യൻ വിശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്കു വന്ന ശേഷം ഉയരത്തിലുള്ള കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുകയും ഉയരത്തിലുള്ളതിന്റെമേൽ തന്റെ താല്പര്യങ്ങൾ പതിക്കുകയും ചെയ്യുന്നതിനാൽ ഈ ലോകത്തിന്റെ ആഡംബര ഭ്രമത്തിൽ അവൻ വശീകരിക്കപ്പെടുന്നില്ല.

മനുഷ്യന്റെ പ്രശംസ ഒരിക്കൽ അവൻ ആഗ്രഹിച്ചിരുന്നു എങ്കിൽ ഇപ്പോൾ, അവൻ ദൈവത്തിൽ നിന്നുള്ള പുകഴ്ച ആഗ്രഹിക്കുന്നവനായിത്തീർന്നിരിക്കുന്നു. ഒരിക്കൽ ധനവും സുഖവും ആഗ്രഹിച്ചിരുന്നവൻ ഇപ്പോൾ പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് ഉപജീവന കാര്യങ്ങളിൽ ഇടപെടാതിരിക്കുകയും, സ്വർഗ്ഗീയമായ സമ്പത്തിനെ നേടേണ്ടതിന്, ഈ ലോകത്തിലെ സമ്പത്തു ചപ്പെന്നും കുപ്പയെന്നും എണ്ണുകയും ചെയ്യുന്നു. എന്നാൽ

മോശെയോടു ചെയ്തതുപോല പിശാച് വിശുദ്ധീകരണം പ്രാപിച്ചതായ വിശ്വാസിക്കു ധനവും, ബഹുമാനവും, സ്വാധീനവും വാഗ്ദാനം ചെയ്യും. എന്നാൽ മോശെയെപ്പോലെ "പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും" ചെയ്യുന്നതിന് ശക്തിയുള്ള മനുഷ്യനാണ് വിശുദ്ധീകരണം പ്രാപിച്ച വിശ്വാസി .

ലോകത്തിന്റേയോ, ജഡത്തിന്റേയോ യാതൊരു കാര്യങ്ങളെയും വിശുദ്ധീകരിക്കപ്പെട്ട ഒരു വിശ്വാസിയുടെ മുമ്പിൽ പിശാച് നിരത്തി വച്ചിട്ട് ഒരിക്കൽപോലും അവനെ ആകർഷിക്കുവാൻ ശ്രമിക്കുകയില്ല എന്നല്ല ഇത്രയും പറഞ്ഞതിന്റെ സാരം. നിശ്ചയമായി ഈ വകകളാൽ വിശ്വാസിയെ പരീക്ഷിക്കുകയും ചെയ്യും. എന്നാൽ ഈവിധ കാര്യങ്ങൾക്കു മരിച്ചിരിക്കുന്ന വിശ്വാസിയുടെ മേൽ പരീക്ഷകന്റെ ശക്തി പ്രബലപ്പെട്ടുന്നില്ല. വ്യഭിചാരിണിയായ സ്ത്രീയുടെ മുൻപിൽനിന്നു യോസേഫ് ഏതു വിധത്തിൽ ആ പാപത്തെ വെറുത്ത് ഓടിയോ അതുപോലെ തന്നെ വിശുദ്ധീകരണം പ്രാപിച്ച മനുഷ്യൻ ജഡികമായ പാപങ്ങളെ വെറുത്ത് ഓടാൻ ശക്തിയുള്ളവനാണ്. മോശെയോടു ചെയ്തതുപോല പിശാച് വിശുദ്ധീകരണം പ്രാപിച്ചതായ വിശ്വാസിക്കു ധനവും, ബഹുമാനവും, സ്വാധീനവും വാഗ്ദാനം ചെയ്യും. എന്നാൽ മോശെയെപ്പോലെ "പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും" ചെയ്യുന്നതിന് ശക്തിയുള്ള മനുഷ്യനാണ് വിശുദ്ധീകരണം പ്രാപിച്ച വിശ്വാസി (എബ്രാ. 11:25,26). സ്വാദുഭോജനംകൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും ശത്രു വശീകരിച്ചു എന്നു വരാം. എന്നാൽ ദാനിയേലിനെപ്പോലെ "രാജാവിന്റെ ഭോജനംകൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നത്താൻ അശുദ്ധമാക്കയില്ല" എന്ന് അവൻ ദൃഢനിശ്ചയം ചെയ്തവനാകയാൽ അതിന്മേൽ അവൻ ജയം ഉള്ളവനത്രേ (ദാനി. 1:8). യേശുക്രിസ്തു ഈവിധ പരീക്ഷകളാൽ എല്ലാം പരീക്ഷിക്കപ്പെട്ടു എങ്കിലും അവൻ ശത്രുവിന്റെ മേൽ ജയം നേടി. വിശുദ്ധീകരണം പ്രാപിച്ച ഒരു മനുഷ്യന്റെ ഹൃദയത്തിൽ യേശുക്രിസ്തു രാജാവായി വാഴുന്നതിനാൽ താൻ മുഖാന്തരം അവൻ ജയമുള്ളവനായിത്തീരുകയും "ലോകത്തിന്റെ പ്രഭു വരുന്നു, അവന് എന്നോട് ഒരു കാര്യവുമില്ല" എന്നു പറയുവാൻ അവൻ ശക്തനായിത്തീരുകയും ചെയ്യുന്നു.

യേശുക്രിസ്തുവിലുള്ള സമാധാനവും, സന്തോഷവും, സംതൃപ്തിയും, ആശ്വാസവും, വിശുദ്ധിയും, ശക്തിയും അവന് ആഴമായ തൃപ്തി നല്കിയിരിക്കുന്നതിനാൽ പിശാച്

കൊണ്ടുവരുന്ന കാര്യങ്ങൾക്ക് അവനെ വശീകരിക്കുവാൻ കഴിയുന്നില്ല. ദൈവമക്കളുടെ സ്വാതന്ത്ര്യം അവന്റെ അനുഭവമായിത്തീർന്നിരിക്കുന്നു. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും. വിശുദ്ധീകരിക്കപ്പെട്ടതായ മനുഷ്യന് യേശുക്രിസ്തുവിൽ ഈ സ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നു. തനിക്കു മുമ്പ് ഉണ്ടായിരുന്ന ജഡികസ്വാഭാവങ്ങൾക്ക് അവൻ അടിമയുമല്ല. എങ്കിലും ക്രിസ്തുവിൽ തനിക്കു ലഭിച്ചിരിക്കുന്നതായ ഈ സ്വാതന്ത്ര്യത്തെ അവനിൽ നിന്നു ഇല്ലാതാക്കുവാൻ നിരന്തരമായി പോരാടിക്കൊണ്ടിരിക്കുന്ന ശത്രുവിനോടുള്ള യുദ്ധത്തിലത്രേ അവൻ ഏർപ്പെട്ടിരിക്കുന്നത്. ഇതിനെക്കുറിച്ച് "വിശ്വാസത്തിന്റെ നല്ല പോർ" എന്ന് എഴുതപ്പെട്ടിരിക്കുന്നു. പിതാവിന്റെ സ്നേഹത്തെക്കുറിച്ചുള്ള വിശ്വാസം ശത്രു അവനിൽ നിന്ന് അപഹരിച്ചു കളയാതിരിപ്പാൻ അവൻ യുദ്ധം ചെയ്യേണ്ടതുണ്ട്. യേശുക്രിസ്തുവിന്റെ ശുദ്ധീകരണം നൽകുന്നതായ രക്തത്തിലുള്ള വിശ്വാസവും നഷ്ടപ്പെടാതിരിപ്പാൻ അവൻ പോരാടേണ്ടതത്രേ. പരിശുദ്ധാത്മാവിന്റെ ശക്തിയിലുള്ള വിശ്വാസവും നഷ്ടപ്പെടാതിരിപ്പാൻ കരുതേണ്ടതാണ്. ലോകത്തിന് ഈ യുദ്ധം എന്താണെന്നു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. എന്നാൽ ഒരു വിശ്വാസിക്ക് ഈ യുദ്ധം ലോക മഹായുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു പടയാളിയെക്കാൾ അനുഭവമാണ്. വിശ്വാസത്താൽ വിശ്വാസി യേശുക്രിസ്തുവിനോടുകൂടെ പുത്രത്വത്തിന് കൂട്ടവകാശിയായിത്തീർന്നിരിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിനോടും സ്വർഗ്ഗീയമായ അനുഗ്രഹങ്ങളോടും കൂടെ പുത്രത്വത്തിന് കൂട്ടവകാശിയായിത്തീർന്നിരിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിനോടും സ്വർഗ്ഗീയമായ അനുഗ്രഹങ്ങളോടും അവൻ ബന്ധമുള്ളവനായിത്തീർന്നിരിക്കുകയാൽ ദൃശ്യമായ അവന്റെ കണ്ണിന്റെ മുൻപിലെ യാഥാർത്ഥ്യങ്ങളുടെ മേൽ മനസ്സ് ഉറപ്പിക്കുവാൻ അവൻ ശക്തനായിത്തീരുന്നു. കാണുന്ന കാര്യങ്ങൾ അനിത്യമെന്നും കാണാത്ത കാര്യങ്ങൾ നിത്യമെന്നും പൗലൊസിനോടു ചേർന്നു പറയുവാൻ അവനു കഴിയും. ഈ കാഴ്ച വിശ്വാസത്താലത്രേ അവനു ലഭിക്കുന്നത്. ഈ വിശ്വാസത്തിൽ അവൻ ഉറച്ചു നില്ക്കുന്നിടത്തോളം കാലം ശത്രുവിന്റെ പരീക്ഷകൾക്കു അവന്റെമേൽ ശക്തിയുണ്ടായിരിക്കയില്ല. ഇതു ശത്രു അറിഞ്ഞിരിക്കുന്നതുകൊണ്ടാണ് വിശ്വാസിയുടെ ഈ വിശ്വാസത്തെ തകർത്തു കളയുവാൻ നിരന്തരമായി തന്നോടു പോരാടിക്കൊണ്ടിരിക്കുന്നത്. മനഃപൂർവ്വമായി ദൈവത്തിന്റെ പ്രമാണങ്ങളെ ലംഘിച്ചതായി വിശ്വാസിക്കു യാതൊരു ബോധ്യവും ഇല്ലാതെയിരിക്കുമ്പോഴും അവൻ ഏതോ പാപം ചെയ്തിരിക്കുന്നു എന്ന് അവ്യക്തമായി ഒരു പാപബോധം തന്റെ ഹൃദയത്തിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് ശത്രുവിന്റെ ഒരു പോരാട്ടമാണ്. എന്നാൽ ഏതോ പാപം തന്നിൽ ഉണ്ടെന്നു അവ്യക്തമായ ഒരു ബോധം അവനിൽ ഉളവാക്കി യേശുക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണത്തിൽ വിശ്വാസം കുറയ്ക്കാമെങ്കിൽ വിശ്വാസിയെ അവന്റെ സ്വാധീനത്തിൽ വരുത്താമെന്നു പിശാചിനു നല്ലതുപോലെ അറിയാം. ഇപ്രകാരം അവനിൽ ഏതോ പാപം മറഞ്ഞിരിപ്പുണ്ടെന്ന ബോധം ഹൃദയ

ത്തിൽ ഉളവാക്കിയിട്ട് ഈ ബോധം നല്കുന്നതു പരിശുദ്ധാത്മാവാണ് എന്ന് ഒരു തെറ്റിദ്ധാരണ വിശ്വാസിക്കു നൽകുന്നതത്രേ പിശാചിന്റെ വലിയ തന്ത്രം. പരിശുദ്ധാത്മാവ് പ്രത്യേക പാപത്തെ നമുക്കു കാണിച്ചുതരും. എന്നാൽ അവ്യക്തമായ കുറ്റബോധം പരിശുദ്ധാത്മാവിൽ നിന്നല്ല പിശാചിൽ നിന്നത്രേ ഉണ്ടാകുന്നത്. ഞാൻ നിഗളിക്കുകയോ വ്യാജം പറകയോ ചെയ്താൽ ഉടൻ തന്നെ ദൈവത്തിന്റെ ആത്മാവ് ആ തെറ്റിനെ എനിക്കു ചൂണ്ടിക്കാണിച്ചു തരും. എന്നാൽ ഏതു പാപമാണ് ചെയ്തതെന്ന് അറിയാൻ പാടില്ലാത്ത അവ്യക്തമായ കുറ്റബോധം പിശാചിൽ നിന്നത്രേ ഉണ്ടാകുന്നത്. ഒരു വിശ്വാസി യേശുക്രിസ്തുവിനെക്കുറിച്ചു രക്ഷിക്കപ്പെടാത്ത ഒരു മനുഷ്യനോടു പറഞ്ഞു എന്നിരിക്കട്ടെ. അവൻ യേശുക്രിസ്തുവിനെ സ്വീകരിക്കാതെയിരുന്നാൽ അവനോടു ഇടപെട്ട വിധം തെറ്റിപ്പോയതിനാലാണ് അപ്രകാരം സംഭവിച്ചതെന്നുള്ള ചിന്ത അവനിൽ ഉളവാക്കി അവനെ കലക്കിക്കളുയവാൻ ശ്രമിക്കുന്നതു ശത്രുവാണ്.

പിശാചിനോടു ന്യായം പറയുവാൻ ആരംഭിക്കുന്നതു ഭോഷത്തമാണ്. ഇപ്രകാരമുള്ളതായ സന്ദർഭങ്ങളിൽ പിശാചിനു ചെവി കൊടുക്കാതെ യേശുക്രിസ്തുവിന്റെ രക്തത്തെ അഭയം പ്രാപിച്ചു കഴുകലിനുവേണ്ടി യാചിക്കയത്രേ വേണ്ടിയത്. ഇപ്രകാരം ശത്രു കുറ്റാരോപണവുമായി വരുമ്പോൾ അവനോട് എതിർത്തു നില്ക്കാതെയിരുന്നാൽ ദൈവപൈതലിന്റെ വിശ്വാസത്തെ അതു തകർത്തു കളകയും ശത്രു അവനെ ബലഹീനനാക്കിത്തീർക്കുകയും ചെയ്യും. വിശ്വാസത്തിൽ ബലഹീനനായിത്തീരുമ്പോൾ അവൻ ദൈവത്തിന്റെ സ്വഭാവത്തെ സംശയിക്കുവാൻ തുടങ്ങും. ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും യേശുക്രിസ്തുവിന്റെ രക്തത്തിന്റെ ശക്തിയെക്കുറിച്ചും സംശയമുളവാക്കുന്നതു മാത്രമല്ല, യഥാർത്ഥമായ വിശുദ്ധജീവിതം അസാദ്ധ്യമാണെന്നു പോലുമുള്ള ചിന്ത ശത്രു വിശ്വാസികളുടെ ഉള്ളിൽ കടത്തിവിടും. ഇപ്രകാരം വിശ്വാസത്തിൽ ക്ഷീണം സംഭവിക്കുന്നതിന്റെ ഫലമായി പ്രാർത്ഥനാജീവിതം തകർന്നുപോകയും, സാക്ഷ്യം ശക്തിഹീനമായിത്തീരുകയും, ദൈവവചനത്തിന്റെ സത്യങ്ങളെ ഗ്രഹിക്കാൻ കഴിയാതവണ്ണം ആത്മികമായ കാഴ്ച കുറഞ്ഞുപോകയും, പാപം വിശ്വാസിയുടെ ജീവിതത്തിലേക്കു നുഴഞ്ഞു കയറുകയും ചെയ്യും. ഇപ്രകാരം സംഭവിക്കാതിരിക്കേണ്ടതിന് വിശ്വാസി ദൈവസന്നിധിയിൽ കാത്തിരിക്കേണ്ടതും, ദൈവഹിതം ആരായുവാൻ ദൈവവചനം ശ്രദ്ധിക്കയും ചെയ്യേണ്ടതാവശ്യമാണ്.

പിശാചിനെ ജയിക്കേണ്ടതിന് എന്തു ചെയ്യണം? പത്രൊസ് പറയുന്നത് എന്തെന്നു ശ്രദ്ധിക്കുക. “നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു” (1 പത്രൊ. 5:8–9). ലോകത്തെ ജയിക്കുന്ന ജയമോ നിങ്ങളുടെ വിശ്വാസം തന്നെ. ഒരു വിശ്വാസിയുടെ വിശ്വാസത്തെ തകർക്കുന്നതിനത്രേ ശത്രു ശ്രമിക്കുന്നത്. അവനോട് എതിർക്കുവാൻ ദൈവത്തിന്റെ വചനമാണു നമുക്കുള്ളത് (വെളി. 12:11; എബ്രാ. 10:23; 3:12; 10:35).

*(തുടരും)*

(കഴിഞ്ഞ ലക്കം തുടർച്ച...)

# പുതിയ ഉടമ്പടിയുടെ ശുശ്രൂഷകൻ

**ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുക**

1 കൊരി. 9:27ൽ പൗലൊസ് പുതിയനിയമ ശുശ്രൂഷയുടെ മറ്റൊരു രഹസ്യം കൂടെ നമുക്കു പറഞ്ഞുതന്നിരിക്കുന്നു: "അദ്ദേഹം തന്റെ ശരീരത്തോടു കർശനമായി പെരുമാറി. അത് ആഗ്രഹിക്കുന്ന കാര്യമല്ല, അതു ചെയ്യേണ്ടതായ കാര്യം തന്നെ ചെയ്യുവാൻ അതിനെ പരിശീലിപ്പിച്ചു" (ലിവിംഗ് ബൈബിൾ). അപ്രകാരം ചെയ്യാത്തപക്ഷം മറ്റുള്ളവരോടു പ്രസംഗിച്ച ശേഷം താൻ തന്നെ അയോഗ്യനായിത്തീരുമെന്ന് അദ്ദേഹം ഭയപ്പെട്ടു.

പൗലൊസ് കർത്താവിനുവേണ്ടി എല്ലാ കാര്യങ്ങളും ചെയ്തതിനു ശേഷവും താൻ സ്വയം അയോഗ്യൻ (disqualified) ആയിത്തീരുമോ എന്ന് അദ്ദേഹം ഭയപ്പെട്ടു. ഇത് ആശ്ചര്യകരം തന്നെ.

ആരോഗ്യകരമായ ഭയങ്ങളും അനാരോഗ്യകരമായ ഭയങ്ങളുമുണ്ട്. ദൈവം നമുക്കു ദോഷം വരുത്തുമോ എന്നു ഭയപ്പെടുന്നത് അനാരോഗ്യകരമായ ഭയമാണ്. എന്നാൽ നാം ചെയ്യുകയോ പറയുകയോ ചെയ്യുന്ന ഒരു കാര്യം നിമിത്തം ദൈവത്തെ വേദനപ്പെടുത്തുമോ എന്നു നാം ഭയപ്പെടുന്നുവെങ്കിൽ അത് ആരോഗ്യകരമായ ഭയംതന്നെ.

അതുപോലെതന്നെ ഒടുവിൽ നാം അയോഗ്യരായി എണ്ണപ്പെടുമോ എന്നു സംശയിക്കുന്നത് ആരോഗ്യകരമായ ഒരു ഭയമാണ്. അതു നമ്മെ എപ്പോഴും ജാഗ്രതയുള്ളവരും കർമ്മസന്നദ്ധരുമാക്കി നിറുത്തും. നമ്മുടെ ശരീരത്തെ കീഴടക്കുവാനും അതിനെ നമ്മുടെ അടിമയാക്കുവാനും അതു നമ്മെ സഹായിക്കും.

ഭയത്തോടും വിറയലോടും നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്കുവാൻ ദൈവവചനം നമ്മോടാവശ്യപ്പെടുന്നു (ഫിലി. 2:12). ഈ പ്രബോധനം വിശേഷിച്ചും സുവിശേഷപ്രസംഗകന്മാർക്ക് ആവശ്യമാണ്. കാരണം, ഓരോ സുവിശേഷപ്രസംഗകനും ഒരു കപടഭക്തനായി താണുപോകാനുള്ള ആപത്തിനെ നിരന്തരം അഭിമുഖീകരിക്കുന്നുണ്ട്. താൻ ഇതേവരെയും പ്രയോഗത്തിൽ വരുത്താത്ത കാര്യങ്ങൾ പ്രസംഗിക്കുക എന്ന ആപൽസാധ്യതയും അയാൾക്കുണ്ട്. തന്നെ സംബന്ധിച്ചു പൂർണ്ണമായും സത്യമല്ലാത്ത ഒരു ധാരണ മറ്റുള്ളവരിൽ ജനിപ്പിക്കുക എന്ന ആപത്തും അയാളെ നേരിടുന്നുണ്ട്. തന്റെ ജീവിതത്തെ തികവുള്ളതാക്കിത്തീർക്കുവാൻ ചെലവഴിക്കുന്നതിലധികം സമയം തന്റെ പ്രസംഗങ്ങൾ തികവുള്ളവയാക്കിത്തീർക്കുവാൻ ചെലവാക്കുക എന്ന

ആപത്തും അയാളെ ബാധിക്കുന്നുണ്ട്.

1 കൊരി. 9:26ൽ താൻ ചെയ്യുന്ന കാര്യങ്ങൾക്കു വ്യക്തമായൊരു ലക്ഷ്യമുണ്ടെന്നു പൗലൊസ് പറയുന്നു. അദ്ദേഹം നിരുദ്ദേശ്യകമായി പോരാടുകയോ ഓടുകയോ ചെയ്തില്ല. ഒരു നിശ്ചിതലക്ഷ്യത്തിലേക്കാണ് അദ്ദേഹം ഓടിക്കൊണ്ടിരുന്നത്. വെടിവയ്ക്കുന്ന ഒരാൾ ഒരു പ്രത്യേക സ്ഥാനത്തെ ഉന്നം വയ്ക്കുന്നതുപോലെ അദ്ദേഹത്തിന്റെ പ്രവർത്തനം വ്യക്തമായൊരു ലക്ഷ്യത്തോടു കൂടിയതായിരുന്നു.

സൈനിക പരിശീലന കേന്ദ്രത്തിൽ പരിശീലനാർത്ഥികളായിരുന്ന ഞങ്ങൾ റൈഫിൾ ഉപയോഗിച്ചു വെടിവയ്ക്കുവാൻ പരിശീലനം നേടിക്കൊണ്ടിരുന്ന സമയം ഞാൻ ഓർക്കുന്നു. റൈഫിൾ കൈയിലേന്തിക്കൊണ്ട് ഓരോരുത്തനും മറ്റുള്ളവരിൽനിന്ന് ഏതാനും അടി അകലത്തായി നിലത്തു കവിണ്ണു കിടക്കും. ഞങ്ങളിൽനിന്ന് ഏതാനും വാരം അകലെ ഓരോ വ്യക്തിയും ലക്ഷ്യം വയ്ക്കേണ്ട ഒരു ലക്ഷ്യപ്പലക ഉണ്ടായിരുന്നു. ആ പലകയിൽ ഒന്നിനുള്ളിൽ മറ്റൊന്നായി പല വൃത്ത ങ്ങൾ വരച്ചിരുന്നു. അവയുടെ കേന്ദ്രസ്ഥാനത്തിന് 'ബുൾസ് ഐ' (bull's eye) എന്നായിരുന്നു പേർ പറഞ്ഞിരുന്നത്.

ഞങ്ങൾ ആദ്യം ഷൂട്ടിംഗ് ആരംഭിച്ചപ്പോൾ ഞങ്ങളുടെ ഉന്നം വല്ലാതെ തെറ്റുമായിരുന്നു. ഞങ്ങളിൽ ചിലർ സ്വന്തം പലകയിലല്ല, അടുത്തു കിടക്കുന്ന ആളിന്റെ പലകയിലായിരുക്കും വെടിയുണ്ട കൊള്ളിക്കുന്നത്. എന്നാൽ കുറേ കഴിഞ്ഞതോടെ സ്വന്തം പലകയിൽത്തന്നെ ഉണ്ട കൊള്ളിക്കുവാൻ ഞങ്ങൾക്കു കഴിവുണ്ടായി.

ഇതുപോലെയാണ് പല ക്രിസ്ത്യാനികളും. അവർ തങ്ങളുടെ ലക്ഷ്യപ്പലകയിലല്ല, മറ്റുള്ളവരുടേതിലാണ് വെടിവയ്ക്കുന്നത്. പരകാര്യങ്ങളിൽ ഇടപെടുന്നവരാണ് അവർ. എന്നാൽ അവർ സ്വന്തം രക്ഷയ്ക്കു വേണ്ടി പ്രവർത്തിക്കുന്നവരാണെങ്കിൽ ക്രമേണ അവർ സ്വന്തം പലകയിൽ ഉന്നമുറപ്പിക്കുവാൻ പഠിക്കുകയും അവസാനമായി 'ബുൾസ് ഐ'യിൽ തന്നെ വെടിയുണ്ട കൊള്ളിക്കുകയും ചെയ്യും. അങ്ങനെയെങ്കിൽ അവരുടെ ഉന്നം സൂക്ഷ്മതയിൽ തികവുള്ളതായിത്തീരും. പൗലോസിന്റെ ഉന്നം തികവുള്ളതായിരുന്നു. അദ്ദേഹം മറ്റുള്ളവരെ വിധിച്ചില്ല. മറിച്ച്, തന്നെത്തന്നെ വിധിക്കുകയും തന്റെ ശരീരത്തെ കീഴടക്കുകയും ചെയ്തു. അങ്ങനെ നല്ല പോർ പൊരുത് ഓട്ടം തികയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

നാം ഏറ്റവുമധികം ശിക്ഷണത്തിൽ വരുത്തേണ്ട രണ്ട് അവയവങ്ങൾ നമ്മുടെ കണ്ണും നാവുമാണ്.

തങ്ങളുടെ ഹൃദയം കർത്താവിനായിക്കൊടുക്കുവാൻ നാം അവിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. എന്നാൽ കർത്താവു നമ്മെ ആഹ്വാനം ചെയ്യുന്നത് നമ്മുടെ ശരീരം കർത്താവിനു നൽകുവാനാണ് (റോമർ 12:1). അവിടുന്നു പ്രത്യേകമായി നമ്മുടെ കണ്ണുകളെയും നാവുകളെയുമാണ് ആവശ്യപ്പെടുന്നത്. ഇവ നാം എല്ലാ സമയത്തും കർത്താവിനു നൽകുന്നില്ലെങ്കിൽ ക്രിസ്തുവിന്റെ ആജീവനാന്ത ദാസന്മാരോ വക്താക്കളോ ആയിത്തീരാൻ നമുക്കു കഴിവുണ്ടാവുകയില്ല. അന്ത്യനാളിൽ കർത്താവിന് അംഗീ

കാരയോഗ്യരായി നിൽക്കാനും നമുക്കു സാധ്യമല്ല.

വീട്ടിലും ബസ്സിലും റോഡിലും ജോലിസ്ഥലത്തുമെല്ലാം നമ്മുടെ കണ്ണുകൾ നിയന്ത്രണാധീനമായി നാം സൂക്ഷിക്കുന്നില്ലെങ്കിൽ, നാം ദേവദൂതന്മാരെപ്പോലെ പ്രസംഗിച്ചാലും ശരി, അന്ത്യനാളിൽ ദൈവം നമ്മെ അയോഗ്യരായി എണ്ണുവാനിടയാകും. ശതാബ്ദങ്ങളിലൂടെ ജീവിച്ചിരുന്ന അനേകമനേകം ദൈവ ഭൃത്യന്മാർ തങ്ങളുടെ കണ്ണുകളുടെ കാര്യത്തിൽ ശ്രദ്ധാലുക്കളല്ലാതിരുന്നതുനിമിത്തം വീണുപോകുവാനിടയായിട്ടുണ്ട്. തങ്ങളുടെ കണ്ണുകളെ അലഞ്ഞുതിരിയുവാനും സുന്ദരികളായ പെൺകുട്ടികളെ നോക്കുവാനും അനുവദിക്കുകമൂലം ഒരു വീഴ്ച മറ്റൊന്നിനു വഴിതെളിച്ചിട്ട് അവർ പാപത്തിൽ വീണുപോയി. നാം സ്ത്രീകളെ മോഹദൃഷ്ടിയോടെ നോക്കുന്നില്ലെന്നു പറഞ്ഞതു കൊണ്ടായില്ല. ആത്മീയപാപ്പരത്തത്തിലേക്കു നാം വീണുപോകാതിരിക്കണമെങ്കിൽ ഒരു സ്ത്രീയുടെ സൗന്ദര്യത്തെ നാം അഭിനന്ദിക്കുകപോലും ചെയ്യരുതെന്ന് ദൈവ വചനം നമുക്കു താക്കീതു നൽകുന്നു (സദൃ. 6:25,26). അങ്ങനെയെങ്കിൽ നാം എത്ര കരുതലുള്ളവരായി ജീവിക്കണം!

ആ വിധത്തിൽത്തന്നെ നമ്മുടെ നാവിന്റെ കാര്യത്തിലും നാം സൂക്ഷ്മതയുള്ളവരാകണം. സാധാരണ സമയങ്ങളിൽ തന്റെ നാവിനെ സാത്താൻ ഉപയോഗിക്കുവാൻ ഒരുവൻ അനുവദിക്കുന്നപക്ഷം, അവന്റെ നാവിനെ ദൈവം തന്റെ വചനം സംസാരിക്കുവാൻ ഉപയോഗിക്കുകയില്ല. യിരെമ്യാവിനോടു ദൈവം അരുളിച്ചെയ്തു: "നീ അധമമായത് ഒഴിച്ച് ഉത്തമമായതു പ്രസ്താവിച്ചാൽ നീ എന്റെ വായ് പോലെയാകും (എന്റെ വക്താവാകും)" (യിരെ. 15:19).

നന്മയുള്ള ഒരു ഹൃദയത്തിൽ നിന്നു പുറപ്പെടാത്ത യാതൊന്നും ഒരിക്കലും നാം സംസാരിക്കരുത്. ഈ മേഖലയിൽ നാം വളരെ ബലഹീനരാകയാൽ ഇത് എളുതായ ഒരു കാര്യമല്ല. നമ്മുടെ നാവുകളെ ശിക്ഷണത്തിൽ കൊണ്ടുവരണമെങ്കിൽ നാം നിർദ്ദാക്ഷണ്യം അതിനോടിടപെട്ടേ മതിയാവൂ.

കഴിഞ്ഞനാളുകളിൽ ദൈവം നമ്മുടെ രാജ്യത്ത് തന്റെ വേലയ്ക്കായി വിളിച്ചിട്ടുള്ള അനേകം യുവജനങ്ങളെ ഇൻഡ്യയിൽ തന്റെ പ്രവാചകന്മാരാക്കിത്തീർക്കുവാൻ ദൈവം നിർണ്ണയിച്ചിരുന്നുവെന്ന് ഞാൻ തീർച്ചയായും കരുതുന്നു. എന്നാൽ തങ്ങളുടെ കണ്ണുകളെയും നാവുകളെയും അവർ ശിക്ഷണവിധേയമാക്കാഞ്ഞതുമൂലം അവർ പ്രവാചകന്മാരായിത്തീർന്നില്ല. തങ്ങളുടെ ശരീരങ്ങളെ നിയന്ത്രണാധീനമാക്കുവാൻ അവർക്കു സാധിച്ചില്ല.

ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായി നാം വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ഭൗതിക ശരീരത്തിലുള്ള അവയവങ്ങൾക്ക് തലച്ചോറുമായി ആന്തരികമായ ഒരഭേദ്യബന്ധം ഉള്ളതുപോലെ ക്രിസ്തുവെന്ന ശിരസ്സുമായി നമുക്കും ഗാഢവും ആന്തരികവുമായ ഒരു ബന്ധമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു.

ക്രിസ്തു തന്റെ ശിരസ്സായിരുന്ന പിതാവിന് തന്റെ ശരീരത്തിലെ എല്ലാ അവയവങ്ങളും പൂർണ്ണമായിത്തന്നെ ലഭ്യമായിരിക്കുമാറ് വിശ്വസ്തനായിരുന്നു. അവിടുന്ന് ഒരിക്ക

ലും തന്നെത്തന്നെ പ്രസാദിപ്പിച്ചില്ലെന്ന് റോമർ 15:4ൽ എഴുതപ്പെട്ടിരിക്കുന്നു. തന്റെ കണ്ണുകളെയോ തന്റെ നാവിനെയോ ഉപയോഗിക്കുന്ന രീതിയിൽ അവിടുന്ന് ഒരിക്കലും സ്വന്ത സന്തോഷം അന്വേഷിച്ചില്ല. തന്റെ സ്വന്ത താൽപര്യത്തെ ഒരിക്കലും അദ്ദേഹം ലക്ഷ്യമാക്കിയില്ല; തനിക്കിഷ്ടമായ കാര്യം അദ്ദേഹം സംസാരിച്ചതുമില്ല. എപ്പോഴും തന്റെ പിതാവിനു പ്രസാദകരമായതുമാത്രം അവിടുന്നു പ്രവർത്തിച്ചു. അങ്ങനെ അവിടുന്നു തന്റെ ശരീരത്തെ നിഷ്കളങ്കമായ വിധത്തിൽ പിതാവിനു സമർപ്പിച്ചു. തന്മൂലം അവിടുന്നു ലോകത്തിനു പിതാവിന്റെ വക്താവായിത്തീർന്നു (എബ്രാ. 9:14). ഈ വിധത്തിലാണ് ഇപ്പോൾ യേശുവിന്റെ ആത്മീയ ശരീരത്തിലെ അവയവങ്ങളായി നാമും ജീവിക്കേണ്ടത്.

പൂർണ്ണഹൃദയത്തോടെ യേശുവിനെ പിന്തുടരുന്ന ഒരു ശിഷ്യനായിത്തീരുക എന്നുവച്ചാൽ ദൈവത്തിനു നിഷ്കളങ്കനായി തന്നെത്തന്നെ സമർപ്പിക്കുവാൻ ജ്വലിക്കുന്ന ഒരാഗ്രഹം ഉണ്ടാവുക എന്നാണർത്ഥം.

സഭയെ ക്രിസ്തുവിന്റെ ശരീരമായിപ്പണിയുവാൻ നാമാഗ്രഹിക്കുന്ന പക്ഷം തങ്ങളുടെ ശരീരത്തെ അപ്രകാരം ദൈവത്തിനു സമർപ്പിക്കുവാനും സ്വശരീരങ്ങളെ ദണ്ഡിപ്പിച്ച് അടിമയാക്കുവാനും ആഗ്രഹിക്കുന്ന എല്ലാവരെയും നാം ഒന്നായി ഒരുമിച്ചു കൂട്ടണം.

നമ്മുടെ ലക്ഷ്യമായ 'ബുൾസ് ഐ'യിൽനിന്നു നമ്മുടെ ഉന്നം തെറ്റിപ്പോകുമ്പോഴെല്ലാം ആ പരാജയത്തെപ്പറ്റി നാം ദുഃഖിതരാകണം. നമ്മുടെ കണ്ണുകൾ പൂർണ്ണനിർമ്മലമല്ലാതിരിക്കുമ്പോൾ നാം ദുഃഖിക്കണം. തികഞ്ഞ നന്മയല്ലാത്ത വല്ലതും നമ്മുടെ നാവുകൾ സംസാരിക്കുമ്പോഴെല്ലാം നാം അതിനെപ്പറ്റി നിലവിളിക്കണം.

ക്രിസ്തുവിന്റെ പ്രമാണത്തിനു വിരുദ്ധവും, തന്നെ പാപപ്രമാണത്തിന് അടിമയാക്കുന്നതുമായ എന്തോ ഒന്ന് തന്റെ അവയവങ്ങളിൽ താൻ കാണുന്നതായി (വർത്തമാന കാലം) റോമർ 7:23ൽ പൗലൊസ് സത്യസന്ധമായി ഏറ്റു പറയുന്നു. ഈ കാര്യത്തെ മുൻകാലത്തു സംഭവിച്ച ഒന്നായി (ഭൂതകാലക്രിയയിൽ) പൗലൊസ് വിവരിച്ചിരുന്നുവെങ്കിൽ അതു വ്യത്യസ്തമായ ഒരു കാര്യമാകുമായിരുന്നു. എന്നാൽ അദ്ദേഹം അതു കാണുകയും നാൾതോറും അതു തുടർച്ചയായി കണ്ടു കൊണ്ടിരിക്കുകയും ചെയ്തു. മററൊരു തരത്തിൽ പറഞ്ഞാൽ, തന്റെ ജഡത്തിൽ യാതൊരു നന്മയും വസിക്കുന്നില്ല എന്ന വസ്തുതയെപ്പറ്റി അദ്ദേഹത്തിനു നിരന്തരം വെളിച്ചം ലഭിച്ചുകൊണ്ടിരുന്നു. അപ്രകാരം ജീവിതാന്ത്യം വരെയും തന്റെ ശരീരത്തെ അടിമയാക്കി ദൈവത്തോടുള്ള വിശ്വസ്തതയിൽ അദ്ദേഹം ജീവിച്ചു. അതിനാൽ ഇന്നത്തെ പല സുവിശേഷപ്രവർത്തകരെയും പോലെ അയോഗ്യനായിത്തീരാതെ അദ്ദേഹം തന്റെ ഓട്ടം സന്തോഷപൂർവം തികയ്ക്കുവാൻ ഇടയായി.

**ദൈവഭക്തി : യഥാർത്ഥവും കപടവും**

പഴയ ഉടമ്പടിയിൻ കീഴിൽ യഹോവയുടെ ന്യായപ്രമാണത്തെപ്പറ്റി ധ്യാനിക്കുവാൻ ദൈവ ഭക്തന്മാർ ജനത്തെ പ്രബോധിപ്പി ച്ചിരുന്നു (സങ്കീ. 1:2). എന്നാൽ പുതിയ ഉടമ്പടിയിൻ കീഴിൽ ദൈവ മഹത്വത്തെപ്പറ്റി ധ്യാനിക്കുവാനാണ് നമ്മെ

ദൈവം പ്രബോധിപ്പിക്കുന്നത് .

ദൈവവചനത്തിലെ അക്ഷരം മാത്രം നാം ശ്രദ്ധിക്കുന്നുവെങ്കിൽ നാം പരീശന്മാരായിത്തീർന്നു പോകും; പരീശരുടേതായ ഒരു സഭയെ നാം പണിയുകയും ചെയ്യും. എന്നാൽ ദൈവവചനത്തിൽ യേശുവിന്റെ ജീവിതത്തിലെ മഹത്വം നാം ദർശിക്കുമ്പോൾ അതിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുമെങ്കിൽ, നാം മേൽക്കുമേൽ അവിടുത്തെ സാദൃശ്യത്തിലേക്കു രൂപാന്തരം പ്രാപിക്കും.

1 തിമോ. 3:16ൽ പരിശുദ്ധാത്മാവു നമ്മോട് ഇപ്രകാരം പ്രസ്താവിക്കുന്നു: നമ്മുടെ ജഡത്തിന്റെ എല്ലാ പരിമിതികളോടും കൂടെ യേശു ഭൂമിയിൽ ജീവിച്ചു. നമുക്ക് ഇപ്പോൾ ലഭിച്ചിട്ടുള്ള പരിശുദ്ധാത്മശക്തിയെന്ന വിഭവത്തിൽക്കവിഞ്ഞ മറ്റൊരു വിഭവവും (resource) യേശുവിന് ഉണ്ടായിരുന്നില്ല. എന്നിട്ടും അവിടുന്ന് ആത്മാവിന്റെ പരിപൂർണ്ണ നിർമ്മലതയിൽ ജീവിച്ചു. യേശുവിന്റെ ഈ ദൃഷ്ടാന്തം കാണുക എന്നതാണ് ദൈവികസ്വഭാവമുള്ള ഒരു ജീവിതത്തിന്റെ രഹസ്യം. അങ്ങനെയൊരു ജീവിതം അവിടുത്തേക്കു സാധ്യമായിരുന്നുവെങ്കിൽ ഇന്നു നമുക്കും അതു സാധ്യമത്രേ.

"അവനിൽ (യേശുവിൽ) വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു" (1 യോഹ. 2:6).

മേലാൽ നമ്മുടെ പാപജീവിതത്തിന് നമ്മുടെ ജഡത്തെ കുറ്റം പറയുവാൻ നമുക്കു സാധ്യമല്ല. എന്തെന്നാൽ ഇതേ ജഡത്തിൽ തന്നെ ജീവിച്ച ഒരുവൻ ഉണ്ടായിരുന്നു. അവിടുന്നു പാപം ചെയ്തില്ല. ദൈവ കൃപയുടെ ശക്തിയാൽ അവിടുന്നു പാപത്തെ ജയിച്ചു. അതിനാൽ നമുക്കും ജയിക്കുവാൻ സാധ്യമാണ്.

വിജയജീവിതത്തിൽ നാം ഏതളവുവരെ യേശുവിനെ പിന്തുടരുന്നുവോ, ആ അളവിൽ മാത്രമേ യേശുവിനെപ്പോലെ നടക്കുന്ന കാര്യത്തിൽ നമ്മുടെ സഹവിശ്വാസികൾക്കു വഴികാട്ടുവാൻ നമുക്കു സാധിക്കുകയുള്ളു.


1 തിമൊ. 3:16ൽ ദൈവിക സ്വഭാവത്തിന്റെ മർമ്മത്തെപ്പറ്റി സംസാരിച്ച ഉടൻ തന്നെ, അന്ത്യനാളുകളിൽ ഈ ദൈവഭക്തിയുടെ വഴിയിൽനിന്നു വിശുദ്ധിയുടേതെന്നു തോന്നിക്കുന്ന ഒരു കപടമാർഗ്ഗത്തിലേക്ക് വിശ്വാസികളെ വഴിതെറ്റിക്കുന്ന വഞ്ചനയുടെ ആത്മാവിനെക്കുറിച്ചു പരിശുദ്ധാത്മാവു സംസാരിക്കുന്നു:

"എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവു തെളിവായിപ്പറയുന്നു" (1 തിമോ. 4:1).

വഞ്ചിക്കുന്ന എല്ലാ ആത്മാക്കളുടെയും പ്രാഥമികമായ അടയാളം യേശുക്രിസ്തു ജഡത്തിൽ വന്നുവെന്ന് അവ അംഗീകരിക്കുകയില്ല എന്നതത്രേ (2 യോഹ. 7). നമ്മുടേതുപോലെയുള്ള ഒരു ജഡത്തിൽ യേശു എല്ലാ പാപത്തെയും ജയിച്ചുവെന്ന് ആ ആത്മാക്കൾ സമ്മതിക്കു കയില്ല.

ഈ വിധത്തിലുള്ള വഞ്ചിക്കുന്ന ആത്മാക്കളെ വിശ്വസിക്കുന്നതിന്റെ ഫലമായി ഭൂതങ്ങളുടെ ഉപദേശങ്ങൾ (doctrines of demons) വിശ്വസിക്കുന്ന ഒരവസ്ഥയിലേക്കു വിശ്വാ

▶ *ശേഷം പേജ് 34*



ബൈബിളിലൂടെ...

# എഫെസ്യർ

## 'സ്നേഹത്തിൽ സത്യം സംസാരിക്കുക'

**അധ്യായം 4 തുടർച്ച**

തുടർന്നു പൗലൊസ് ശരീരമാകുന്ന സഭയിലെ ഐക്യത്തെ സംബന്ധിച്ചു സംസാരിക്കുന്നു. അദ്ദേഹം പറയുന്നത് വിശ്വാസികളായ നാമെല്ലാവരും "ദൈവത്തിന്റെ ഐക്യത സമാധാന ബന്ധത്തിൽ നിലനിർത്തണമെന്നും" "വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും ഐക്യം പ്രാപിക്കണമെന്നുമാണ്" (4:3,13). വിശ്വാസികളെന്ന നിലയിൽ നാം ഓരോരുത്തരും പര



*സത്യത്തെ പേന ഉപയോഗിച്ച് എഴുതാവുന്ന ബോർഡാണു സ്നേഹം. ആ ബോർഡില്ലാതെ സത്യം കൊണ്ട് എഴുതാൻ ശ്രമിച്ചാൽ അത് വായുവിൽ എഴുതുന്നതു പോലെ ആയിരിക്കും.*

സ്പരം കാണാത്ത പല മേഖലകളുണ്ടാകാം. മഹാപീഡന കാലത്തിനു മുൻപ് ക്രിസ്തു വരുമെന്നായിരിക്കും നിങ്ങൾ കരുതുന്നത്. ക്രിസ്തു സഭയെ തന്നോടു കൂടെ എടുക്കുന്നതിനു മുൻപ് സഭ മഹാ പീഡനത്തിലൂടെ കടന്നു പോകണമെന്നുള്ള എന്റെ കാഴ്ചപ്പാടിനോട് നിങ്ങൾ ഒരു പക്ഷേ യോജിക്കുകയില്ലായിരിക്കും. അങ്ങനെയുള്ള പല അഭിപ്രായ വ്യത്യാസങ്ങളുമുണ്ടാകാം. വിശ്വാസ സംബന്ധമായ എല്ലാ കാര്യങ്ങളിലും നാം ഐക്യതയിൽ എത്തിയിട്ടില്ല. എന്നാൽ നാം ആത്മാവിന്റെ ഐക്യതയിൽ ആയിരിക്കണം. ആത്മാവിന്റെ ഐക്യതയിൽ എത്തുന്നതിനു മുൻപു വിശ്വാസ സംബന്ധമായ എല്ലാ കാര്യത്തിലും ഐക്യത ഉണ്ടാകണമെന്നില്ല.

നാം ക്രമേണ വളർന്നു "ക്രിസ്തുവിന്റെ നിറവിനനുസരണമായി പൂർണ്ണ മനുഷ്യത്വത്തിലേക്കു വളർന്നു വരണം" (4:13). പക്വതയിലേക്കു സ്വയം വളരണമെന്നും മറ്റുള്ളവരെ നിറവിലേക്കു വളരുവാൻ സഹായിക്കണമെന്നും ഉള്ളതാണ് നമ്മുടെ ലക്ഷ്യം. നാം ശിശുക്കളായി തുടരുന്നു. "നമ്മെ വഞ്ചിക്കുന്ന മനുഷ്യരുടെ കൗശലങ്ങൾ മൂലം മേലാൽ നാം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ ആടിയുലയുന്ന ശിശുക്കളായി തീരരുത്" 4:14). ദുരുപദേശങ്ങൾക്കും ചതികൾക്കും വിധേയപ്പെടുവാൻ നമ്മെ ദൈവം അനുവദിക്കുന്നു. അങ്ങനെ മാത്രമേ നാം വിവേചനമുള്ളവരായി വളരുകയുള്ളു. അതുകൊണ്ടാണ് അനേകം ചതിയന്മാരേയും വ്യാജ പ്രവാചകന്മാരേയും ക്രിസ്തീയ ഗോളത്തിൽ പ്രവർത്തിക്കുവാൻ അവിടുന്ന് അനുവദിച്ചിരിക്കുന്നത്. അങ്ങനെ ഏതാണ് ശരിയായ ആത്മാവ്, ഏതാണ് തെറ്റായ ആത്മാവ് എന്നു വിവേചിച്ച് അറിയുവാൻ നമുക്കു കഴിയും. നാം ആരേയും വിധിക്കേണ്ടതില്ല. എന്നാൽ വിവേചിക്കേണ്ടതുണ്ട്. അപ്പോൾ നമ്മുടെ ആത്മീയ ഇന്ദ്രിയങ്ങൾ പ്രവർത്തിച്ചു തുടങ്ങും.

4:15ൽ നമ്മോട് ഇങ്ങനെ ആവശ്യപ്പെടുന്നു: "ക്രിസ്തു എന്ന ശിരസ്സോളം വളരുവാൻ സ്നേഹത്തിൽ സത്യം സംസാരിക്കുക" സത്യവും സ്നേഹവും തമ്മിലുള്ള സന്തുലിതാവസ്ഥ ശ്രദ്ധിക്കുക. നാം സത്യം സംസാരിക്കണമോ? തീർച്ചയായും എല്ലായ്പ്പോഴും വേണം. എന്നാലത് നമുക്കിഷ്ടമുള്ളതുപോലെ എങ്ങനേയും ആകാമെന്നുണ്ടോ? ഇല്ല. നാം "സ്നേഹത്തിൽ സത്യം സംസാരിക്കണം." സ്നേഹത്തിൽ സത്യം സംസാരിക്കുവാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ ആളുകളോട് സത്യം സംസാരിക്കുന്നതിന് ആവശ്യമായ സ്നേഹം ഉണ്ടാകുന്നതുവരെ കാത്തിരിക്കുക. സത്യത്തെ പേന ഉപയോഗിച്ച് എഴുതാവുന്ന ബോർഡാണു സ്നേഹം. ആ ബോർഡില്ലാതെ സത്യം കൊണ്ട് എഴുതാൻ ശ്രമിച്ചാൽ അത് വായുവിൽ എഴുതുന്നതുപോലെ ആയിരിക്കും. നിങ്ങളെന്താണെഴുതുന്നതെന്നു ആർക്കും മനസ്സിലാവുകയില്ല. സഭയിലെ പ്രസംഗ പീഠത്തിൽ നിന്നായാലും സ്വകാര്യ സംഭാഷണത്തിലായാലും എപ്പോഴും സ്നേഹത്തിൽ സംസാരിക്കുക വഴിയാണ് നാം എല്ലാറ്റിലും ക്രിസ്തുവെന്ന ശിരസ്സോളം വളരുവാൻ ഇടയാക്കുന്നത്.

4:16ൽ പൗലൊസ് പറയുന്നു: "ക്രിസ്തു മുഖേന മുഴുവൻ ശരീരവും സകല സന്ധിബന്ധങ്ങളാലും സംയോജിതമായിട്ട് അവയവങ്ങൾ

ഓരോന്നും അതതിന്റെ ധർമ്മം നിർവഹിച്ചു കൊണ്ട് സ്നേഹത്തിലുള്ള വളർച്ച പ്രാപിക്കുന്നു." സന്ധിബന്ധങ്ങൾ എന്ന് ഇവിടെ പറയുന്നത് കൂട്ടായ്മയാണ്. ഒരു കൈയോട് ചേർന്നു മാത്രം എത്ര സന്ധിബന്ധങ്ങൾ ആണുള്ളത്! തോളിൽ ഒന്ന്, മുട്ടിൽ ഒന്ന്, കൈക്കുഴകളിൽ ഒന്ന്, ഓരോ വിരലിലും മൂന്നു വീതം... അങ്ങനെ കുറഞ്ഞത് 17. ഈ സന്ധിബന്ധങ്ങളാണ് കൈയുടെ പ്രവർത്തനം സാദ്ധ്യമാക്കുന്നത്. കൈയുടെ മുകൾ ഭാഗവും താഴെ ഭാഗവും ഒരുപോലെ ശക്തമാണെങ്കിലും മുട്ട് അനക്കാൻ പറ്റാതെയിരിക്കുന്നുവെങ്കിൽ ആ കൈകൊണ്ട് എന്തു ചെയ്യുവാൻ കഴിയും? നിങ്ങളുടെ കൈ പ്രയോജനമുള്ളതാക്കുന്നത് ശക്തി മാത്രമല്ല അത് സന്ധിബന്ധങ്ങളാലും കൂടിയാണ്. ഇത് ശരീരമാകുന്ന സഭയിൽ എങ്ങനെ ബാധകമാകുന്നു എന്നു നോക്കുക. ഇവിടെ ഒരു നല്ല സഹോദരനുണ്ട്, ഒരു കൈയുടെ ശക്തിയുള്ള മുകൾഭാഗം. ഇവിടെ ഇതാ മറ്റൊരു നല്ല സഹോദരനും. കൈയുടെ ശക്തിയുള്ള താഴത്തെ ഭാഗം. എന്നാൽ അവർക്കു തമ്മിൽ കൂട്ടായ്മയിൽ ആയിരിക്കുവാൻ സാധിക്കുന്നില്ല. ശരീരമാകുന്ന സഭയിലെ ഇന്നുള്ള ദുരന്തം ഇതാണ്. മനുഷ്യശരീരത്തിൽ അതിനെ വാതമെന്നു വിളിക്കുന്നു. അതു വളരെ വേദനയുളവാക്കുന്നതാണ്. ഇന്നുള്ള അനേകം സഭകളിലും ഇത്തരത്തിൽ വാതരോഗം പിടിച്ചിരിക്കുന്നു. നമ്മുടെ സന്ധിബന്ധങ്ങൾ ശരിയായി പ്രവർത്തിക്കുമ്പോൾ അവിടെ ശബ്ദമൊന്നും ഉണ്ടാവുകയില്ല. എന്നാൽ വാതരോഗം ബാധിച്ചിട്ടുണ്ടെങ്കിൽ ഇടയ്ക്കിടെ അസുഖകരമായ ചില ശബ്ദങ്ങൾ കേൾക്കാറുണ്ട്. ചില വിശ്വാസികളുടെ ഇടയിൽ കൂട്ടായ്മയെന്നത് കൃത്യമായിട്ട് ഇതുപോലെയാണ്. ശബ്ദമുളവാക്കുന്നു. എന്നാൽ സന്ധിബന്ധങ്ങൾ ശരിയായി പ്രവർത്തിക്കുന്നുവെങ്കിൽ അവിടെ ശബ്ദമുണ്ടാവുകയില്ല. തമ്മിൽ തമ്മിലുള്ള കൂട്ടായ്മ ഇപ്രകാരമായിരിക്കണം. അത് അങ്ങനെയല്ലെങ്കിൽ നിങ്ങളിലുള്ള വാതത്തെ മാറ്റുന്നതിനുള്ള മരുന്നു കഴിക്കണം. നിങ്ങളുടെ 'സ്വയജീവനെ' മരിപ്പിക്കണം. അപ്പോൾ നിങ്ങൾ സൗഖ്യമാവുകയും മറ്റുള്ളവരുമായി മഹത്തായൊരു കൂട്ടായ്മയിലേക്കു പ്രവേശിക്കുകയും ചെയ്യും. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെക്കുറിച്ചുള്ള ദൈവഹിതം ഇതാണ്.

പിന്നീട് 4:17-25 വാകൃങ്ങളിൽ ശക്തമായ ചില പ്രബോധനങ്ങൾ നമുക്കുണ്ട്: "വിജാതീയർ വ്യർത്ഥവിചാരങ്ങളിൽ നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. ഹൃദയകാഠിന്യത്തിന്റെ ഫലമായ അജ്ഞത നിമിത്തം അവരുടെ മനസ്സ് ഇരുളടഞ്ഞതായി തീരുകയും ദൈവത്തിന്റെ ജീവനിൽ നിന്നു വേർപെട്ടു പോകയും ചെയ്തിരിക്കുന്നു. വ്യത്യസ്തരായി വേണം നിങ്ങൾ നടക്കുവാൻ. ക്രിസ്തുവിനെക്കുറിച്ച് ഈ വിധത്തിലല്ല നിങ്ങൾ പഠിച്ചിട്ടുള്ളത്." വേദപുസ്തകം പഠിക്കുന്നതും ക്രിസ്തുവിനെ പഠിക്കുന്നതും തമ്മിലുള്ള വ്യത്യാസം നിങ്ങൾക്ക് അറിയാമോ? നാം വേദപുസ്തകം വായിക്കുമ്പോൾ ക്രിസ്തുവിനെയാണ് പഠിക്കുന്നത്, അല്ലാതെ കേവലം വേദപുസ്തക പരിജ്ഞാനം തേടുന്നതിലല്ല ശ്രദ്ധിക്കേണ്ടത്. നാം ക്രിസ്തുവിനെ പഠിച്ചാൽ പുറംജാതിക്കാരെ പോലെ നടക്കുകയില്ല. നാം നമ്മുടെ മുൻ

കാല ജീവിത രീതികൾ വിട്ട് നമ്മുടെ ഉള്ളിലുള്ള ആത്മാവിനാൽ നാം പുതുക്കം പ്രാപിക്കുന്നു (23-ാം വാക്യം). എല്ലാം വ്യാജവും നാം ഉപേക്ഷിക്കുന്നു (25-ാം വാക്യം).

4:26ൽ സൂര്യൻ അസ്തമിക്കുന്നതിനു മുൻപു സകല കോപവും വിട്ടുകളയണമെന്നാണ് നമ്മെ പ്രബോധിപ്പിക്കുന്നത്. പഴയ കാലത്ത് സൂര്യൻ അസ്തമിച്ചു കഴിഞ്ഞാൽ ഉടനെ ആളുകൾ ഉറങ്ങുവാൻ പോകുമായിരുന്നു. അതിനാൽ ഈ വാക്യം നമ്മെ പ്രബോധിപ്പിക്കുന്നത് എല്ലാ ദിവസവും നാം ഉറങ്ങുവാൻ പോകുന്നതിനു മുൻപ് എല്ലാ തെറ്റായ മനോഭാവവും വിട്ടുകളയണമെന്നാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള എല്ലാ വഴക്കും അസ്വസ്ഥതയ്ക്കുള്ള കാരണങ്ങളും ഒത്തുതീർത്തതിനു ശേഷം മാത്രമേ കിടക്കയിലേക്കു പോകാവൂ. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെ ഇടയിൽ പിശാച് കടന്നിരിക്കുമെന്നുള്ള മുന്നറിയിപ്പും ഈ വാക്യം തരുന്നുണ്ട്.

പിന്നീട് അവിടെ ചില പ്രായോഗിക ഉപദേശങ്ങൾ ഉണ്ട്. മുൻപ് മോഷ്ടിച്ചിരുന്നവർ അതിന്റെ നേരേ വിപരീതമായത് ചെയ്യണം. അവർ വിശ്വസ്തയോടെ ജോലി ചെയ്ത് സമ്പാദിച്ച് അതു മറ്റുള്ളവരുമായ പങ്കുവയ്ക്കണം (4:28). നമ്മുടെ സംഭാഷണങ്ങളിൽ നാം ശ്രദ്ധയുള്ളവരായിരിക്കണം. പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന ഒരു വാക്കുപോലും നമ്മുടെ വായിൽ നിന്നും ഒരിക്കലും വരരുത് (4:29,30). എല്ലാ കയ്പ്പും, കോപവും, ക്രോധവും വിട്ടൊഴിയണം (4:31). നമ്മുടെ ജീവിതത്തിൽ കയ്പ്പ്, കോപം, പരദൂഷണം, വെറുപ്പ്, എന്നിവ ഒട്ടും തന്നെ ഉണ്ടായിരിക്കരുത് എന്നാണ് ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

ഒരിക്കൽ ഒരു വാഹന നിർമ്മാണ ഫാക്ടറിയിൽ ഇങ്ങനെയൊരു ബോർഡ് കണ്ടത് ഞാൻ ഓർക്കുന്നു. “പോരായ്മകൾ പൂജ്യമായിരിക്കണം എന്നതാണു ഞങ്ങളുടെ ലക്ഷ്യം.” തങ്ങളുടെ തൊഴിലാളികളുടെ ലക്ഷ്യം ഒരു കുറ്റവുമില്ലാത്ത കാർ നിർമ്മിക്കുകയെന്നതായിരിക്കണം എന്നാണ് ആ കമ്പനി ആഗ്രഹിക്കുന്നത്. ഞാൻ ചിന്തിച്ചു, ‘‘എന്റെ ലക്ഷ്യവും പൂജ്യം കുറവുള്ളവനായിരിക്കുക എന്നതായിരിക്കണം.’’ അവിടെ എത്തുവാൻ നമുക്കു കുറച്ചു സമയമെടുത്തേക്കാം. എന്നാൽ അതായിരിക്കണം നമ്മുടെ ലക്ഷ്യം. ഒരു വാഹന നിർമ്മാണ കമ്പനിക്കു അങ്ങനെ ‘പൂജ്യം കുറവ്’ ലക്ഷ്യമാക്കാമെങ്കിൽ എന്തുകൊണ്ട് ക്രിസ്ത്യാനികൾക്ക് അത്തരത്തിൽ ശ്രമിച്ചു കൂടാ?

“നിങ്ങൾ തമ്മിൽ ദയയും കരുണയും ഉള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിക്കുക. പ്രിയമക്കൾ എന്നപോലെ ദൈവത്തിന്റെ അനുകാരികളാകുവിൻ. ക്രിസ്തുവും നമ്മെ സ്നേഹിച്ചു നമുക്കു വേണ്ടി സൗരഭ്യമുള്ള വഴിപാടും യാഗവുമായി ദൈവത്തിന് ഏല്പിച്ചു കൊടുത്തതുപോലെ സ്നേഹത്തിൽ നടപ്പിൻ” (4:32, 5:1,2). ദൈവത്തെ അനുകരിച്ചു സ്നേഹത്തിൽ നടക്കുക എന്നതാണ് നമുക്കുള്ള വിളി. അതിലും വലിയൊരു വിളി ഇല്ല.

“നിങ്ങളുടെ ഇടയിൽ ഏതെങ്കിലും അശുദ്ധിയുടെയോ അത്യാഗ്രഹത്തിന്റെയോ പേരുപോലും കേൾക്കരുത്. അസഭ്യം, വ്യർത്ഥഭാഷണം, അശ്ലീലഫലിതം ഇങ്ങനെ അയോഗ്യമായതൊന്നും പാടില്ല. സ്തോത്രമത്രേ

വേണ്ടത്. ദുർവൃത്തൻ, അശുദ്ധൻ, വിഗ്രഹാരാധിയായ അത്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ യാതൊരു അവകാശവുമില്ല എന്നു നിങ്ങൾക്കറിയാമല്ലോ. വ്യർത്ഥ വാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്'' (5:3-6). നമ്മുടെ സംഭാഷണങ്ങൾക്കു എത്ര വലിയ നിലവാരമാണു വച്ചിരിക്കുന്നത്. മോശമായവയെ (അശ്ലീലവും വ്യർത്ഥഭാഷണവും) ഒഴിവാക്കാനുള്ള ഒരു മാർഗ്ഗം നല്ല മാർഗ്ഗങ്ങളിൽ (എല്ലാറ്റിലും നന്ദിയുള്ളവനായിരിക്കുക) ശ്രദ്ധിക്കുക എന്നതാണ്. സംഭാഷണങ്ങൾക്കു നമ്മുടെ നിത്യതയിലെ ലക്ഷ്യവുമായി യാതൊരു ബന്ധവുമില്ല എന്നു ചിന്തിച്ചു ചതിക്കപ്പെടുവാൻ ഇടയാകരുത്.

നമ്മുടെ ഭൂമിയിലെ ജീവിതം വളരെ ഹ്രസ്വമായതിനാൽ സമയം പരമാവധി പ്രയോജനപ്പെടുത്തണം. നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിയുകയും വേണം (5:16,17).

പിന്നീട് നാം മഹത്തായ ഈ വാക്യത്തിലേക്കു വരുന്നു: "വീഞ്ഞു കുടിച്ചു മത്തരാകരുത്. എന്നാൽ ആത്മാവിൽ നിറഞ്ഞവരാകുവിൻ." ശ്രദ്ധിക്കുക; ഇവിടെ രണ്ടു കല്പനകൾ ഉണ്ട്. ഒന്നാമത്തേതു "വീഞ്ഞു കുടിച്ച് മത്തരാകരുത്" രണ്ടാമത്തേത് "ആത്മവിനാൽ നിറഞ്ഞവരായിരിപ്പിൻ'' ആദ്യ കല്പന ഒരിക്കലും തെറ്റിക്കാത്ത ക്രിസ്ത്യാനികൾ എന്തുകൊണ്ടാണ് രണ്ടാമത്തെ കല്പന വേണ്ട ഗൗരവത്തിൽ എടുക്കാത്തത്? ദൈവവചന സത്യങ്ങളോട് നമ്മുടെ മനസ്സിനെ സാത്താൻ അന്ധമാക്കുന്നതിന്റെ ഒരു ഉദാഹരണമാണ് ഇത്. പല വിശ്വാസികളും ആദ്യത്തേത് ഒരു കല്പന ആയി എടുക്കുന്നു (വീഞ്ഞു കുടിച്ച് മത്തരാകരുത്). എന്നാൽ രണ്ടാമത്തേത് ഒരു അഭിപ്രായം മാത്രമാണെന്നു (ആത്മാവിൽ നിറഞ്ഞവരാകുവിൻ) കരുതുന്നു. എന്നാൽ രണ്ടും കല്പനകൾ തന്നെയാണ്. രണ്ടും ഒരേ പോലെ പ്രാധാന്യം ഉള്ളതാണ്. വർഷത്തിൽ ഒരിക്കൽ വീഞ്ഞു കുടിച്ചു മത്തരാകുന്നത് ഗൗരവമുള്ള കാര്യമാണെങ്കിൽ നാൾതോറും ആത്മാവിനാൽ നിറയാതിരിക്കുന്നതും അതുപോലെ തന്നെ ഗൗരവമുള്ള കാര്യമല്ലേ? നിങ്ങൾ അങ്ങനെ കണ്ടിട്ടുണ്ടോ?

5:18ൽ ക്രിയാപദമായ "നിറഞ്ഞവരാകുവിൻ" എന്നതു തുടർക്രിയയായിട്ടാണ് കാണേണ്ടത്. ഒരിക്കൽ മാത്രം നിറയുക എന്ന അർത്ഥത്തിലല്ല. നാം രാവിലെ ആത്മാവിനാൽ നിറഞ്ഞുവെങ്കിലും വൈകുന്നേരവും ആത്മാവിനാൽ നിറയണം. അങ്ങനെ എല്ലാ ദിവസവും തുടർച്ചയായി ആത്മാവിൽ നിറയണം. നിങ്ങളെ അവിടുത്തെ ആത്മാവിനാൽ എപ്പോഴും നിറയ്ക്കേണമേ എന്നു ദൈവത്തോട് ആവശ്യപ്പെടുക. "പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പുരുഷന്മാരും സ്ത്രീകളും" എന്നു പ്രവൃത്തികളുടെ പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്നത് ഇങ്ങനെയുള്ളവരെക്കുറിച്ചാണ്.

ആത്മാവിൽ നിറഞ്ഞവരാണെന്നതിന്റെ ആദ്യ അടയാളങ്ങളിൽ ഒന്നു നമ്മുടെ സംസാരത്തിൽ വരുന്ന മാറ്റമാണ്. നമ്മുടെ നാവ് ഒരു 'അഗ്നിനാവായി' മാറും (പ്രവൃത്തി 2:3). ഇത് "അന്യഭാഷയിൽ സംസാരിക്കുന്നതല്ല'' എന്നാൽ മാതൃഭാഷയിൽ ദൈവത്തിൽ നിന്നുള്ള സ്നേഹത്തിന്റെയും വിശുദ്ധിയുടെയും അഗ്നി

യായി സംസാരിക്കുന്നതാണ്. നമ്മുടെ ഭാഷ സ്വർഗ്ഗീയമായി തീരും. ഈ വാക്യങ്ങളിൽ നമ്മുടെ സംഭാഷണങ്ങൾക്കു നൽകിയിരിക്കുന്ന പ്രാധാന്യം ശ്രദ്ധിക്കുക. “ആത്മാവിൽ നിറഞ്ഞവരാകുവിൻ സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ സംസാരിച്ചു നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിന് എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്തുകൊണ്ടിരിപ്പിൻ” (5:19,20). നാം ആത്മാവിനാൽ നിറയുമ്പോൾ പരദൂഷണത്തിന്റെയും കയ്പിന്റെയും കോപത്തിന്റെയും ആത്മാവിനു പകരം നന്ദിയുടെ ആത്മാവ് നമ്മളിൽ നിറയും.

5:18നു ശേഷം വരുന്ന വാക്യങ്ങളിലെല്ലാം ആത്മാവിൽ നിറഞ്ഞവരുടെ സ്വഭാവമാണ് നാം കാണുന്നത് (5:19 മുതൽ 6:24 വരെ). അത് നന്ദി നിറഞ്ഞ ഹൃദയത്തിൽ തുടങ്ങി അതിന്റെ തുടർച്ചയായി സഭയിലേയും ഭവനത്തിലേയും ബന്ധങ്ങളിൽ അന്യോന്യം കീഴടങ്ങിയിരിക്കുന്നതിലേക്ക് എത്തുന്നതാണ് (5:21 മുതൽ 6:9 വരെ). പിന്നീട് സാത്താന്യ ശക്തികൾക്കെതിരെ പോരാടി ജയിക്കേണ്ടതിനെക്കുറിച്ചു (6:11) പറയുന്നു. ഈ ഭൂമിയിലെ ക്രിസ്തീയ ജീവിതത്തിന്റെയും പോരാട്ടത്തിന്റെയും രഹസ്യം പരിശുദ്ധാത്മാവിനാൽ നിറയുകയെന്നതാണ്. നാം ആത്മാവിനാൽ നിറയുന്നില്ലെങ്കിൽ വേണ്ടവണ്ണം ദൈവത്തെ സ്തുതിക്കുവാൻ കഴിയുകയില്ല. ആത്മാവിനാൽ നിറയാതെ നമുക്കു ദൈവഭക്തരായ ഭാര്യാഭർത്താക്കന്മാർ ആകുവാനും കഴിയുകയില്ല. നമ്മുടെ മക്കളെ ശരിയായ രീതിയിൽ വളർത്തുവാനും ആത്മാവിൽ നിറയാതെ കഴിയുകയില്ല. ആത്മാവിൽ നിറയാതെ സാത്താന്യ ശക്തികളെ തോല്പിക്കുവാനും കഴിയുകയില്ല. നമ്മുടെ ക്രിസ്തീയ ജീവിതത്തിലെ എല്ലാ കാര്യവും നാം ആത്മാവിൽ നിറയുന്നതിൽ അശ്രയിച്ചാണ് ഇരിക്കുന്നത്.

നമ്മുടെ ഭവനത്തോടുള്ള ബന്ധത്തിൽ മൂന്നു ബന്ധങ്ങളെ സംബന്ധിച്ചാണ് ഇവിടെ പറയുന്നത്. ഭാര്യ ഭർത്താക്കന്മാർ തമ്മിലുള്ളത് (5:22–23). കുട്ടികളും മതാപിതാക്കന്മാരും തമ്മിലുള്ളത് (6:1–4). യജമാനന്മാരും ദാസന്മാരും തമ്മിലുള്ളത് (6:5–9). അവസാനത്തേത് നമ്മുടെ ഭവനങ്ങളിൽ ജോലി ചെയ്യുന്നവരെ സംബന്ധിച്ചെന്നതുപോലെ ഒരു സ്ഥാപനത്തിലെയോ സർക്കാരിലെയോ ജോലിക്കാർ എന്ന നിലയിൽ നമ്മുടെ മേലധികാരികളോടുള്ള ബന്ധത്തെ സംബന്ധിച്ചും കൂടിയാണ്. അതിനാൽ ഇവിടെ ഒരു യജമാനനായി വീട്ടിലും ഒരു ദാസനായി ജോലി സ്ഥലത്തും നാം എങ്ങനെ പെരുമാറണം എന്നു പറയുന്നു. നാം എല്ലാവരും പ്രധാനമായും രണ്ടു സ്ഥലത്താണ് കൂടുതൽ സമയവും ചെലവഴിക്കുന്നത് – ഭവനത്തിലും ജോലി സ്ഥലത്തും. ആത്മാവിനാൽ നിറഞ്ഞ മനുഷ്യൻ വീട്ടിലും ജോലിസ്ഥലത്തും ക്രിസ്തുവിന്റെ ആത്മാവിനെ വെളിപ്പെടുത്തും. ഈ ഒരു ആത്മാവിനാൽ മാത്രമേ നമുക്കു ക്രിസ്തുവിന്റെ ശരീരം പണിയുവാൻ കഴിയുകയുള്ളു.

*(തുടരും)*

(*മൊഴിമാറ്റം:* **സാജു ജോസഫ്**)

ദൈവം യോജിപ്പിച്ചത്

## എമ്മ മൂഡിയും ഡി.എൽ മൂഡിയും-5

# മരണം നീങ്ങി ജയം വന്നു!



**സഭാ** ചരിത്രത്തിലെ ഇരുണ്ട കാലഘട്ടങ്ങൾക്കു ശേഷം, സൃഷ്ടിയുടെ ആരംഭത്തിൽ കാണുന്നതു പോലെ 16-ാം നൂറ്റാണ്ടു മുതൽ ഇരുട്ട് നീങ്ങി വെളിച്ചം വീശിയ കാലങ്ങളായിരുന്നു. അതിൽ 19-ാം നൂറ്റാണ്ട് വളരെ അനുഗ്രഹിക്കപ്പെട്ട ഒരു കാലഘട്ടമായിരുന്നു. ഡി.എൽ. മൂഡി, ചാൾസ് സ്പർജൻ, ജോർജ് മുള്ളർ, ഹഡ്സൺ ടെയ്ലർ, ഡേവിഡ് ലിവിങ്സ്റ്റൺ, എമി കാർമൈക്കിൾ, സി.റ്റി. സ്റ്റഡ്... ദൈവ മഹത്വത്തിനായി ചെലവായ്പ്പോയവരുടെ പട്ടിക നീളുകയാണ്. അക്കൂട്ടത്തിൽ ഡി.എൽ. മൂഡിയും അതിസന്തോഷത്തോടെ മറ്റുള്ളവരുടെ നിത്യജീവനുവേണ്ടി ചെലവിടുകയും ചെലവായ്പ്പോകുകയും ചെയ്തു (2 കൊരി. 12:15). ഫ്രഞ്ച് വിപ്ലവം പോലെയുള്ള കാര്യങ്ങൾ ഇംഗ്ലണ്ടിൽ ആവർത്തിക്കാതിരിക്കുവാൻ ജോൺ വെസ്ലിയുടെ പ്രസംഗങ്ങൾ മുഖാന്തിരമായെങ്കിൽ, ചാൾസ്-ഡാർവിന്റെ പരിണാമ സിദ്ധാന്തമെന്ന വിഷപ്പുകയ്ക്ക് ഫലപ്രദമായ പ്രതിവിധിയായിരുന്നു മൂഡിയുടെ പ്രസംഗങ്ങൾ. ബൈബിൾ ദൈവവചനമാണെന്ന് ആധികാരികമായി ഊഷ്മളതയോടെ മൂഡി ഉയർത്തിക്കാണിച്ചപ്പോൾ പരിണാമത്തിന്റെ കാറ്റുകൾ ഏറെക്കുറെ അടങ്ങി.

കേവലം 34-36 വയസ്സുള്ളപ്പോൾ, മൂഡി അറിയപ്പെടുന്ന സുവിശേഷ പ്രസംഗകനായി ത്തീർന്നു. സാധാരണയായി ചെറുപ്പത്തിൽത്തന്നെ ഇത്രയധികം പ്രശംസ്തനായാൽ ആത്മീയമായി നിലംപതിക്കാനുള്ള ആപൽസാധ്യത വലുതാണ്. പക്ഷേ മൂഡി പ്രശംസയ്ക്കും പ്രസിദ്ധിക്കും ചെവി കൊടുക്കാത്ത പ്രസംഗകനായാണ് അറിയപ്പെട്ടത്. വിജയം തന്റേതല്ല പരിശുദ്ധാത്മ ശക്തി മൂലമാണെന്ന് ഏറ്റു പറഞ്ഞ് തന്നെക്കുറിച്ച് തന്നെ എളിയ ചിന്തകളിൽ ജീവിച്ചു. എപ്പോഴും ദൈവത്തിലാശ്രയിച്ചു മനുഷ്യഭയത്തിൽ നിന്നും സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളിൽ നിന്നും സ്വതന്ത്രനായി ശുശ്രൂഷ തികച്ചു.

ഒരിക്കൽ ലണ്ടനിലെ ഓപ്പറാ ഹോളിൽ യോഗം തുടങ്ങുന്നതിനു മുൻപു വേദഭാഗം വായിച്ച വ്യക്തി വെയിൽസ് രാജകുമാരി അലക്സാണ്ട്ര ആയിരുന്നു. മൂഡി അകത്തെ മുറിയിൽ മറ്റൊരാളോടു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. രാജകുമാരിയെ കണ്ട ഉടൻ പാട്ടുകാരൻ സാങ്കി അവേശഭരിതനായി പോയി മൂഡിയെ വിവരം അറിയിച്ചു. 'ദൈവം അവരെ അനുഗ്രഹിക്കട്ടെ' എന്നു മാത്രം പ്രതികരിച്ച ശേഷം മൂഡി സംസാരത്തിൽ മുഴു

കി. അൽപ്പസമയത്തിനു ശേഷം സ്റ്റേജിലേക്കു വന്നു പ്രത്യേകതയൊന്നുമില്ലാതെ പതിവുപോലെ പ്രസംഗിച്ചു. മൂഡി സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം പ്രസിദ്ധരായ പ്രഭുക്കൾ, പ്രഭ്വിമാർ, ഗവർണർമാർ, രാഷ്ട്രനേതാക്കൾ തുടങ്ങി കുലീനരും അതേ സമയം സമൂഹത്തിലെ താഴേക്കിടയിലുള്ളവരും അദ്ദേഹത്തെ കേൾക്കുവാൻ തിങ്ങിക്കൂടി. ഒരു വ്യത്യാസവുമില്ലാതെ എല്ലാവരുടേയും അത്മാവിനെ മാത്രം കരുതി അദ്ദേഹം അവർക്കു ശുശ്രൂഷ ചെയ്തു. ഒരിക്കൽ "ഇത്രയും ജനസമ്മതിയുള്ള താങ്കൾക്ക് എന്തുകൊണ്ട് അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിച്ചു കൂടാ" എന്ന ചോദ്യത്തിന്, "എനിക്ക് അതിലും വലിയ കാര്യങ്ങൾ ചെയ്‌വാനുണ്ട്." എന്ന മറുപടിയാണ് മൂഡി നൽകിയത്. 1888-ൽ മൂഡിയുടെ മകൾ സ്റ്റോക്ക്ഹോം എന്ന രാജ്യം സന്ദർശിച്ചു. ഒരു സ്നേഹിത അവിടുത്തെ രാജകൊട്ടാരം സന്ദർശിക്കാൻ കൂട്ടിക്കൊണ്ടു പോയി. അവിടെ വച്ച് രാജാവിന്റെ കസ്സിൻ ആയ ഒരു പ്രഭ്വിയെ പരിചയപ്പെട്ടു. ഡി.എൽ. മൂഡി എനിക്കും എന്റെ രാജ്യത്തിനും വേണ്ടി ചെയ്ത കാര്യങ്ങൾ ഓർത്തു ഞാൻ ഓരോ അമേരിക്കക്കാരനെയും സ്വീകരിക്കുന്നു എന്നു പ്രഭ്വി പറഞ്ഞു. "നീ അദ്ദേഹത്തെ അറിയുമോ?" എന്നു ചോദിച്ചു. ഉടൻ സ്നേഹിത, ഇതു ഡി.എൽ. മൂഡിയുടെ മകളാണെന്നു പറഞ്ഞപ്പോൾ, വളരെ രാജകീയമായ സ്വീകരണം നൽകി. കൊട്ടാരത്തിനകത്ത് ഡി.എൽ. മൂഡിയുടെ പുസ്തകങ്ങളും ലേഖനങ്ങളും വച്ചിരിക്കുന്നതും കണ്ടു.

മൂഡിയുടെ കൊച്ചു മകളുടെ ഡയറിക്കുറിപ്പുകൾ, അവരുടെ കുടുംബത്തിന്റെ ഒരു വലിയ സവിശേഷതയായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്, "ആരും മരണഭയത്തിൽ ജീവിച്ചിരുന്നില്ല" എന്നതാണ്. മരണമെന്നാൽ 'ഒരു മുറിയിൽ നിന്നും മറ്റൊരു മുറിയിലേക്കു കിടപ്പു മാറ്റുന്നതുപോലെ' എന്നാണ് കൊച്ചുകുഞ്ഞുങ്ങൾക്കു പോലും പറഞ്ഞു കൊടുത്തിരുന്നത്. 1892-ൽ മൂഡിയും മകൻ വില്ലിയും സഞ്ചരിച്ചിരുന്ന കപ്പൽ വലിയ അപകടത്തിൽ പെട്ടു. മുങ്ങിക്കൊണ്ടിരുന്ന കപ്പലിൽ ജനം ബഹളം വച്ചു കരഞ്ഞു. സാഹചര്യത്തെ നേരിടാനാകാതെ ഒരു യുവാവ് കടലിൽ ചാടി ആത്മഹത്യ ചെയ്തു. ക്യാപ്റ്റന്റെ അനുവാദത്തോടെ മൂഡി ഡൈനിംഗ് ഹാളിൽ പ്രാർത്ഥന നടത്തി. 91-ാം സങ്കീർത്തനം വായിച്ച്, ഭയപ്പെടാതെ ദൈവത്തിലാശ്രയിക്കാൻ ജനത്തെ ഉത്സാഹിപ്പിച്ചു. രക്ഷാപ്രവർത്തനത്തിനുള്ള കപ്പൽ വൈകിയതോടെ മൂഡിയുടെ മനസ്സും വ്യാകുലമായി. അന്നുവരെയും താൻ മരണഭയത്തിന് അതീതനാണെന്നായിരുന്നു മൂഡിയുടെ ചിന്ത. കാരണം തോക്കുകൾക്കിടയിലൂടെ ഭയമില്ലാതെ യുദ്ധമുന്നണിയിലേക്ക് എത്രയോ പ്രാവശ്യം പോയി! ഷിക്കാഗോയിൽ കോളറ പടർന്നു പിടിച്ചപ്പോൾ ശാരീരിക ചികിൽസ നൽകുന്ന ഡോക്ടർമാരോടൊപ്പം ആത്മാവിന് പരിചരണം നൽകാൻ എത്രയോ വീടുകൾ താനും കയറിയിറങ്ങി. അന്നൊന്നും മരണഭയം ഉണ്ടായിട്ടില്ല! എന്നാൽ ഇപ്പോൾ എന്തിനാണീ ഉൽക്കണ്ഠ? എമ്മ, മക്കൾ, ഷിക്കാഗോ ചർച്ച്, നോർത്ത് ഫീൽഡ് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ഇതൊക്കെ തന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചുവോ? ഒരു നിമിഷം മൂഡി തന്റെ പ്രിയനായവനിലേക്കു നോക്കി. തന്റെ പറ്റുമാനങ്ങ

ളൊക്കെ അവങ്കലേക്കു സമർപ്പിച്ചു. എന്നിട്ട് ഇപ്രകാരം പ്രാർത്ഥിച്ചു: 'നോർത്ത്ഫീൽഡോ... മരണമോ... ഏതായാലും സമ്മതമാണ്.' തുടർന്നു വെള്ളം കയറിക്കൊണ്ടിരിക്കുന്ന കപ്പലിൽ മൂഡി സുഖമായുറങ്ങി! യേശുനാഥൻ അമരത്ത് തലയിണ വച്ച് ഉറങ്ങിയതുപോലെ. നല്ല ഗാഢനിദ്ര ലഭിച്ച ഒരു രാത്രിയായിരുന്നു അത്. ഈ സമയം എമ്മാ, ഭർത്താവും മകനും വരുന്നതും കാത്തു ന്യൂയോർക്കിലെ ഒരു ഹോട്ടലിൽ ആശങ്കയുടെ നിമിഷങ്ങൾ തള്ളി നീക്കുകയാണ്. അന്നു രാത്രി തന്നെ മറ്റൊരു കപ്പലെത്തി എല്ലാ യാത്രക്കാരേയും സുരക്ഷിതരായി കരയിലെത്തിച്ചു.

"ദൈവത്തോടും മനുഷ്യരോടും നിരപ്പു പ്രാപിക്കുകയും സ്വന്തം ഉത്തരവാദിത്തങ്ങൾ നിർവഹിക്കുകയും ചെയ്താൽ മാത്രമേ ക്രിസ്തീയ ജീവിതത്തിൽ പുരോഗതി ലഭ്യമാകുകയുള്ളൂ." ഇതായിരുന്നു മൂഡി അനുവർത്തിച്ചു വന്ന ഒരു പ്രമാണം. അതിരാവിലെ എഴുന്നേറ്റ് ആദ്യത്തെ ഒരു മണിക്കൂർ വചനധ്യാനത്തിനായി ചെലവഴിക്കുന്ന പതിവുണ്ട്. ചിലപ്പോൾ രണ്ടും മൂന്നും മണിക്കൂർ.

ഒരുനാൾ അവിചാരിതമായി ജനലിലൂടെ പുറത്തേക്കു നോക്കി. വളരെ ഭാരമുള്ള ഒരു ബാഗുമായി ഒരു യുവാവ് നടന്നു പോകുന്നു. ഏതോ വിദ്യാർത്ഥി രാവിലെ മൂന്നു മൈൽ അകലെയുള്ള റയിൽവെ സ്റ്റേഷനിലേക്കു യാത്രയ്ക്കായി പോകുകയായിരിക്കാം. വീണ്ടും മൂഡി വചനത്തിലേക്കു ശ്രദ്ധ തിരിച്ചു. പക്ഷേ എത്ര ശ്രമിച്ചിട്ടും മനസ്സിനെ ഏകാഗ്രമാക്കുവാൻ കഴിയുന്നില്ല. ആ യുവാവിനെ സ്റ്റേഷനിൽ വിടാൻ ആരോ പറയുന്നതുപോലെ. അതു തന്റെ ഡ്യൂട്ടിയല്ലെന്നു ഭാവിച്ചു വീണ്ടും വചനം പഠിക്കുവാൻ ശ്രമിച്ചു. ഒരു രക്ഷയുമില്ല! പെട്ടെന്നു ചാടി താഴെയിറങ്ങി വന്നു കുതിരവണ്ടിയെടുത്തു വേഗത്തിൽ ഓടിച്ച് ആ യുവാവിനെ കയറ്റി സ്റ്റേഷനിൽ വിട്ടു. തിരികെ വന്ന് ബൈബിൾ തുറന്നു. സ്വച്ഛമായ വചനങ്ങൾ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങാൻ ഒരു തടസ്സവുമില്ല. യാക്കോബ് 4:17-ൽ ഇപ്രകാരം വായിക്കുന്നു; "നൻമ ചെയ്വാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപം തന്നെ." പരസ്യമായി പ്രാർത്ഥിക്കുമ്പോൾ വളരെ ചുരുക്കി പ്രാർത്ഥിക്കണമെന്നും മൂഡി ഉപദേശിച്ചിരുന്നു. സ്വന്ത ഗ്രാമമായ നോർത്ത്ഫീൽഡിൽ തങ്ങുമ്പോൾ യോഗങ്ങൾക്കു പോകുന്നതിനു മുമ്പ് പാടത്തു പണിയെടുക്കുവാനും മൂഡിക്ക് മടിയുണ്ടായിരുന്നില്ല.

1894 മുതൽ എമ്മ-മൂഡികൾ സന്തോഷദിനങ്ങളും അതോടൊപ്പം കഠിനമായ ശോധനകളും അനുഭവിച്ച സമയങ്ങളായിരുന്നു. 1894ൽ മകളുടെ വിവാഹം, മൂഡിയുടെ സെക്രട്ടറിയായ പ്രവർത്തിച്ചിരുന്ന എ.പി. ഫിറ്റുമായി നടന്നു. അതേവർഷം തന്നെ മകൻ വില്ലി, മൂഡിയുടെ കുടുംബ സുഹൃത്തായിരുന്ന മേജർ വൈറ്റലിന്റെ മകൾ മേരിയെ വിവാഹം കഴിച്ചു. മൂന്നു കൊച്ചു മക്കൾ പിറന്നതോടെ മൂഡിയും എമ്മയും വല്ല്യപ്പച്ചനും വല്ല്യമ്മച്ചിയും ആയി. കൊച്ചു മക്കളോടൊപ്പം സന്തോഷകരമായ സമയം ചെലവഴിച്ചു. അകലെയായിരിക്കുമ്പോൾ മൂഡി കൊച്ചുമക്കൾക്ക് കത്തെഴുതി അവരുമായി സല്ലപിച്ചു. 1896ൽ മൂഡിയുടെ മാതാവ് ബെറ്റ്സി 92-ാമത്തെ വയസ്സിൽ മരണമടഞ്ഞു. 1898-ൽ മൂഡിയും എമ്മയും കാലി

ഫോർണിയായിൽ മീറ്റിംഗുകൾ നടത്തുന്നതിനിടയ്ക്കു മൂഡിയുടെ ഏക കൊച്ചുമകൻ ഒരു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ഡ്വയറ്റ് (മൂഡിയുടെ പേരു തന്നെയാണ് ഇട്ടിരുന്നത്) പെട്ടെന്ന് അസുഖം ബാധിച്ചു മരിച്ചു. മകൻ വില്ലിയേയും ഭാര്യയേയും ആശ്വസിപ്പിച്ചുകൊണ്ടു മൂഡി അവർക്കു കത്തെഴുതി. 1899-ൽ വില്ലിയുടെ തന്നെ മകൾ നാലു വയസ്സുള്ള ഐറിൻ ന്യൂമോണിയ ബാധിച്ചു മരിച്ചു. ജനിച്ചപ്പോൾ മുതൽ ബാലാരിഷ്ടതകളാൽ ബുദ്ധിമുട്ടിയ കുഞ്ഞായിരുന്നു ഐറിൻ. ആ വർഷം തന്നെ എമ്മയുടെ പ്രായമായ മാതാവും കടന്നുപോയി. തുടർന്നു എമ്മ ദുഃഖത്തിലാണ്ട വില്ലിയോടും മേരിയോടുമൊപ്പം ഭവനത്തിൽ സമയം ചെലവഴിച്ചു. 1899 നവംബറിൽ മൂഡി കൻസാസ് സിറ്റി യോഗങ്ങളിൽ പ്രസംഗിക്കുകയായിരുന്നു. എന്നാൽ ക്ഷീണം മൂലം അവസാനത്തെ യോഗങ്ങൾ പൂർത്തിയാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ആ ഉത്തരവാദിത്തം ആർ.എ. ടോറിയെ ഏൽപ്പിച്ചു മൂഡി നോർത്ത്ഫീൽഡിലേക്കു മടങ്ങി. 40 വർഷത്തെ സുവിശേഷ പ്രസംഗത്തിനിടയിൽ ആദ്യമായി മീറ്റിംഗ് തുടരാനാവാത്ത അവസ്ഥ! ഒരു പ്രത്യേക തരം റെയിൻ റോഡ് കാർ മൂഡിക്കു വേണ്ടി വാടകയ്ക്ക് എടുത്തു. അതിന്റെ എൻജിനീയർ 15 വർഷം മുൻപു മൂഡിയുടെ പ്രസംഗം കേട്ടു രക്ഷിക്കപ്പെട്ട ആളായിരുന്നു.

(1892-ൽ തന്നെ മൂഡിയുടെ ഹൃദയം ദുർബ്ബലമാണെന്നു ഡോക്ടർ മുന്നറിയിപ്പു നൽകിയിരുന്നു. അമിതാദ്ധ്വാനമാണ് അതിനു കാരണമെന്നായിരുന്നു ഡോക്ടറുടെ നിഗമനം. ഡോകട്ർ ചോദിച്ചു: "മി. മൂഡി നിങ്ങൾ ആഴ്ചയിൽ എത്രവട്ടം പ്രസംഗിക്കുന്നു? "ആഴ്ചയിലോ, ഞാൻ ദിവസം കുറഞ്ഞത് മൂന്നു പ്രാവശ്യം പ്രസംഗിക്കുന്നു. ഞായറാഴ്ചകളിൽ അതു നാലോ അഞ്ചോ പ്രാവശ്യം. എന്നാൽ ശനിയാഴ്ചകളിലും പ്രസംഗിക്കേണ്ടി വന്നു." മൂഡി മറുപടി പറഞ്ഞു.

"മി. മൂഡി താങ്കളൊരു വിഡ്ഢിയാണ്. നിങ്ങൾ നിങ്ങളെത്തന്നെ കൊല്ലുകയാണ്. നിങ്ങൾ വളരെ സൂക്ഷിച്ചേ മതിയാകൂ." ഡോകട്ർ താക്കീതു നൽകി. മൂഡി ചിരിച്ചുകൊണ്ടു ഡോക്ടറോടു ചോദിച്ചു: "ഡോക്ടർ, നിങ്ങൾ ദിവസം എത്ര മണിക്കൂർ ജോലി ചെയ്യുന്നുണ്ട്?" "ഓ! ഞാൻ 16-ഉം 17-ഉം മണിക്കൂർ ജോലി ചെയ്യുന്നു."

"നിങ്ങൾ അവധിയെടുക്കാറില്ലേ?"

"എനിക്കു ആഗ്രഹമുണ്ടെങ്കിലും സാധിക്കാറില്ല."

"കൊള്ളാം! ഡോക്ടർ, നിങ്ങൾ എന്നെക്കാൾ വലിയ വിഡ്ഢിയാണ്. വേഗത്തിൽ നിങ്ങൾ നിങ്ങളെത്തന്നെ കൊല്ലുകയാണ്." ഉരുളയ്ക്ക് ഉപ്പേരിപോലെ മൂഡി പറഞ്ഞു. സംഭവിച്ചത് അതു തന്നെയായിരുന്നു. ഒരു വർഷത്തിനുള്ളിൽ ആ ഡോക്ടർ മരിച്ചു.

ഡോക്ടറോടു തമാശ പറഞ്ഞെങ്കിലും മൂഡി തന്നോടു തന്നെ ചോദിച്ചു. താൻ വേണ്ടത്ര വിശ്രമം എടുക്കാതെ കഠിനാധ്വാനം ചെയ്യുകയാണോ?... എന്നാലും താൻ വിശ്രമിക്കാനൊന്നും പോകുന്നില്ലെന്ന് മൂഡി തീരുമാനിച്ചു. അതൊക്കെ സ്വർഗ്ഗത്തിൽ ചെന്നിട്ട്! പിന്നെ ഡോക്ടറുടെ ഈ റിപ്പോർട്ട് എമ്മ അറിയാതിരുന്നാൽ മതി. അറിഞ്ഞാൽ വിശ്രമിക്കാൻ അവൾ നിർബ്ബന്ധിക്കും. പിന്നെയും നീണ്ട എട്ടു വർഷങ്ങളോളം മൂഡി ശുശ്രൂഷയിൽ

ഉത്സാഹത്തോടെ തുടർന്നു).

മകൻ വില്ലി സ്റ്റേഷനിൽ കുതിരവണ്ടിയുമായി പോയി പിതാവിനെ കൂട്ടിക്കൊണ്ടു വന്നു. സ്റ്റേഷനിൽ വച്ചും അവനോടു തമാശ പറഞ്ഞു. വീട്ടിലെത്തിയ മൂഡി കുറച്ചുനേരം കുടുംബാംഗങ്ങളുമായി സമയം ചെലവഴിച്ച ശേഷം, മുകളിലത്തെ നിലയിലുള്ള തന്റെ മുറിയിലേക്കു പടികൾ കയറി. അവസാനമായി... പിന്നെ താഴേക്കിറങ്ങിയിട്ടില്ല! ആറാഴ്ചയോളം ക്ഷീണാവസ്ഥയിലായിരുന്നു. ആ സമയത്തും എമ്മയുടെ സാന്നിധ്യം മൂഡിക്കു സന്തോഷകരമായിരുന്നു. മൂഡി മെല്ലെ സംസാരിച്ചുകൊണ്ടു തമാശകൾ പങ്കു വച്ചു. ഒരു ഡോക്ടറുടെയും നഴ്സിന്റെയും സേവനം 24 മണിക്കൂറും ഉണ്ടായിരുന്നു. ഡിസംബർ 21ന് സന്ധ്യയായപ്പോൾ കിടക്കയിൽ കിടന്ന് മൂഡി പെൻസിൽ കൊണ്ട് ഇപ്രകാരം കുറിച്ചു; “അവന്റെ നക്ഷത്രങ്ങൾ കാണുന്നത് നല്ലതാണ്. എന്നാൽ അവന്റെ മുഖം കാണുന്നത് ഏറ്റവും നല്ലതാണ്.'' ഡിസംബർ 22ന് പ്രഭാതം! ദുർബല ശബ്ദത്തിൽ മൂഡി ഇങ്ങനെ പറയുന്നത് വില്ലി കേട്ടു. ''ഭൂമി നീങ്ങിപ്പോകുന്നു, സ്വർഗ്ഗം എനിക്കായ് തുറക്കുന്നു.” ''ഡാഡി സ്വപ്നം കാണുകയാണോ?” വില്ലി അടുത്തു ചെന്നു ചോദിച്ചു.

“വില്ലി, ഇതു സ്വപ്നമല്ല, ഇതു മനോഹരമാണ്. ഇതാണ് മരണമെങ്കിൽ ഇത് അതികാമ്യം തന്നെ! ദൈവം എന്നെ വിളിക്കുന്നു. ഇതെന്റെ കിരീട ധാരണ ദിവസമാണ്. ഇതു മഹത്വപൂർണ്ണമാണ്. ഞാൻ പോയേ മതിയാകൂ. എന്നെ തിരികെ വിളിക്കരുത്.” എമ്മയെ നോക്കിയിട്ട് “എമ്മാ, നീ എനിക്കെന്നും പ്രിയപ്പെട്ട ഭാര്യയായിരുന്നു... എന്റെ ബാലൻസ് വീൽ... ഹ്! നിന്നെ എനിക്കു തന്നതിനായി ഞാൻ എന്നും ദൈവത്തിനു നന്ദി പറഞ്ഞിട്ടുണ്ട്...'' ഉടനെ മൂഡി അബോധാവസ്ഥയിലേക്കു വീണു പുഞ്ചിരിച്ചുകൊണ്ടു കണ്ണുകളടച്ചു. അങ്ങനെ അനന്യമായ ആ ജീവിതത്തിന് 63-ാം വയസ്സിൽ തിരശ്ശീല വീണു. നിശ്ചലമായ ആ ശരീരത്തിനരികെ നിന്നു വിവാഹ ദിവസം എടുത്ത ഉടമ്പടി എമ്മ ഓർത്തിട്ടുണ്ടാവാം. ''സുഖത്തിലും ദു:ഖത്തിലും, താഴ്വിലും, വാഴ്വിലും, രോഗത്തിലും ആരോഗ്യത്തിലും... മരണം നമ്മെ വേർപിരിക്കും വരെ...” അതേ, നിരാശാജനകമായ സാഹചര്യങ്ങളിലും പക്വതയോടും ശാന്തതയോടുമുള്ള പ്രതികരണങ്ങളിലൂടെ എമ്മ തന്റെ ഭർത്താവിന് തക്ക തുണയായി അവസാനത്തോളം നിന്നു. ആ ദിവസം എമ്മ തന്റെ ഡയറിയിൽ ഈ വചനം കുറിച്ചു വച്ചു: “പിതാവേ നീ എനിക്കു തന്നിട്ടുള്ളവർ ഞാൻ ഇരിക്കുന്ന ഇടത്ത് എന്നോടു കൂടെ ഇരിക്കണം എന്നു ഞാൻ ഇച്ഛിക്കുന്നു” (യോഹ. 17:24).

മൂഡിയുടെ മരണത്തിനു ശേഷം മകൻ വില്ലി അമ്മയെ ആശ്വസിപ്പിച്ചത് ഇപ്രകാരമാണ്. “മൂഡിയുടെ ജീവിതവും ശുശ്രൂഷയും അമ്മയോട് ഏറെ കടപ്പെട്ടിരിക്കുന്നുവെന്ന് എല്ലാവർക്കും അറിയാം. അദ്ദേഹം തന്നെ അതു മക്കളായ ഞങ്ങളോടു പറഞ്ഞിട്ടുണ്ട്. അമ്മയെ ഒരു ‘മാതൃകാ ഭാര്യ’ യായി അദ്ദേഹം കരുതിയിരുന്നു. അമ്മയ്ക്കു പിതാവിനോടുള്ള വിധേയത്വവും തിരിച്ച് അദ്ദേഹത്തിന് അമ്മയോടുള്ള വിശ്വാസവും സന്തുലിതമായിരുന്നു. ഞങ്ങളുടെ കുടും

ബജീവിതവും അപ്രകാരമായിരിക്കണമെന്നു ഡാഡി ഞങ്ങൾക്കും ഉപദേശം നൽകിയിട്ടുണ്ട്. അദ്ദേഹം ആദ്യം കടന്നു പോയതു തീർത്തും ദുഃഖകരമാണ്. മറിച്ച് അദ്ദേഹത്തെ തനിച്ചാക്കി അമ്മയ്ക്കു ആദ്യം കടന്നു പോകേണ്ട സാഹചര്യം ഉണ്ടാകാതിരുന്നത് ഒരർത്ഥത്തിൽ ആശ്വാസകരമല്ലേ!"

മൂഡിയുടെ മരണശേഷം എമ്മ നോർത്ത്ഫീൽഡിലുള്ള ഭവനത്തിൽ തന്നെ കൂടുതൽ സമയവും താമസിച്ചു. ഇടയ്ക്കു കുടുംബാംഗങ്ങളോടൊത്ത് ചില യാത്രകൾ ചെയ്തു. സണ്ടേസ്കൂൾ ക്ലാസ്സെടുത്തും അയൽക്കാർക്കു ചില സഹായങ്ങൾ ചെയ്തും നാളുകൾ തള്ളി നീക്കിയെന്നു പറയാം. 1903-ൽ എമ്മ മൂഡിയും താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിലേക്ക്, അക്കരനാട്ടിലേക്ക് കടന്നുപോയി.

ഉൽസാഹം പകരുന്ന മൂഡിയുടെ ചില ഉദ്ധരണികൾ താഴെ കൊടുക്കുന്നു:

1) ദൈവം എനിക്കായി ചെയ്ത അളവറ്റ നൻമകൾക്കു മുമ്പിൽ ഞാൻ ചെയ്തത് എത്ര നിസ്സാരം!
2) സ്നേഹം, വിശ്വാസം, പ്രത്യാശ ഇത്യാദി ആത്മഫലങ്ങളെ കൃത്രിമമായി അനുകരിക്കുവാൻ ഒരു വ്യക്തിക്കു കഴിഞ്ഞേക്കാം. എന്നാൽ യഥാർത്ഥ താഴ്മയുടെ അനുകരണം അത്ര എളുപ്പമല്ല.
3) ആരും കാണാതെ ഇരിക്കുമ്പോൾ ഉള്ള മനോഭാവവും പ്രതികരണവുമാണ്, ഒരു വ്യക്തിയുടെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുന്നത്.
4) ചെറിയ എണ്ണത്തിൽ ദൈവത്തിന് അപ്രീതിയില്ല. ദൈവസാന്നിധ്യം ഉണ്ടെങ്കിൽ ഒന്നും ചെറുതല്ല.
5) സമൃദ്ധിയുടെ സമയങ്ങളെക്കാൾ ഞെരുക്കത്തിലും കഷ്ടതയിലും പിടിച്ചു നിൽക്കുന്നതാണ് എളുപ്പം. സമൃദ്ധിയിലാണ് നാം ദൈവത്തെ മറക്കുന്നത്.
6) സ്വർണ്ണ ചഷകങ്ങളോ, വെള്ളിപ്പാത്രങ്ങളോ അല്ല ദൈവത്തിന് വേണ്ടത്. ശുദ്ധിയുള്ള ഹൃദയങ്ങളെ അവിടുന്നു അന്വേഷിക്കുന്നു.
7) ദൈവത്തിനായി വൻകാര്യങ്ങൾ ചെയ്യാൻ നമ്മിൽ അനേകർക്കും താൽപര്യമുണ്ട്. എന്നാൽ ചെയ്യപ്പെടേണ്ട കൊച്ചു കാര്യങ്ങൾ ചെയ്യുവാൻ നമ്മിൽ തീരെ കുറച്ചു പേർക്കു മാത്രമേ ആഗ്രഹമുള്ളൂ.
8) രോഗിയുടെ ആരോഗ്യത്തിനായ് ധമനികളിലൂടെ രക്തം കയറ്റുന്നതുപോലെയാണ്, സഭാകൂടിവരവുകളിൽക്കൂടി ഒരു ശിഷ്യൻ ആത്മീയ ജീവൻ പ്രാപിക്കുന്നത്.
9) പിശാച് മനുഷ്യരെ പ്രലോഭിപ്പിക്കുന്നു. എന്നാൽ ഒരു മടിയനായ മനുഷ്യൻ പിശാചിനെയാണ് പ്രലോഭിപ്പിക്കുന്നത്.
10) പ്രകാശം പരത്തേണ്ടുന്നതിനായി നാം വിളിക്കപ്പെട്ടിരിക്കുന്നു. നമ്മിലെ പ്രകാശത്തിന് പരസ്യം ആവശ്യമില്ല. പീരങ്കി ഉതിർത്തുകൊണ്ടല്ല ദീപസ്തംഭം അതിന്റെ പ്രകാശത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നത്. അവ പ്രകാശിക്കുന്നു. അത്രമാത്രം!

(അവസാനിച്ചു)

**(ക്രിസ്റ്റി സന്തോഷ്)**

*21-ാം പേജിൽ നിന്ന് തുടർച്ച*

## പുതിയ ഉടമ്പടിയുടെ ശുശ്രൂഷകൻ

സികൾ നയിക്കപ്പെടുന്നു. ഭൂതങ്ങളുടെ ഉപദേശത്തിന് രണ്ടു ദൃഷ്ടാന്തങ്ങൾ ആ ഭാഗത്തു പ്രസ്താവിച്ചിട്ടുണ്ട്. അതിലൊന്ന് വിവാഹം വിലക്കുന്നതും മറ്റേത് ചില ഭോജ്യങ്ങൾ വർജ്ജിക്കുന്നതുമാണ്.

അവിവാഹിതജീവിതവും ഉപവാസവും വിജാതീയ മതങ്ങളിൽ എക്കാലത്തും വിശുദ്ധി പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളായി പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ ഈ പൈശാചികോപദേശങ്ങൾ അന്ത്യനാളുകളിൽ ക്രിസ്തുമാർഗ്ഗത്തിലേക്കും വ്യാപിക്കുവാനിടയാകും. നമ്മുടെ ഈ കാലത്ത് ഇതു നിറവേറുന്നതായി നാം കാണുന്നു. നാം അവിവാഹിതരായിക്കഴിയുകയും പതിവായി ഉപവസിക്കുകയും ചെയ്താൽ കൂടുതൽ വിശുദ്ധരാകുവാൻ സാധ്യമാണെന്നു പഠിപ്പിക്കുന്ന ക്രിസ്തീയ വിഭാഗങ്ങൾ ഇന്നുണ്ട്. ഇവ ഭൂതങ്ങളുടെ ഉപദേശങ്ങളാണോ? അതേ. എന്തുകൊണ്ടെന്നാൽ ഇവ നമ്മുടെ ശ്രദ്ധയെ വിശുദ്ധിയുടെ മാർഗ്ഗത്തിൽനിന്നും ആത്മതപനത്തിലേക്ക് (asceticism) വ്യതിചലിപ്പിക്കുകയാണ് ചെയ്യുന്നത്. തന്മൂലം പരിശുദ്ധാത്മശക്തിയിൽ യേശുവിനെ പിന്തുടരുന്നതിനു പകരം യോഗാത്മകമായ ആത്മശിക്ഷണത്തിലൂടെ ദൈവികസ്വഭാവം പ്രാപിക്കുവാൻ നാം ആഗ്രഹിക്കുന്നു.

അവിവാഹിതരായി ജീവിക്കുന്നതിലോ ഉപവസിക്കുന്നതിലോ തെറ്റായി ഒന്നുമില്ല. എന്നാൽ ഇവയെ ദൈവികസ്വഭാവത്തിന്റെ മർമ്മങ്ങളായി നാം പ്രോത്സാഹിപ്പിക്കുമ്പോൾ ആ തെറ്റ് ഗൗരവാവഹമാണ്. വാസ്തവത്തിൽ ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടുവെന്ന ദൈവികസ്വഭാവത്തിന്റെ മർമ്മത്തിൽനിന്ന് ആളുകളെ അകറ്റിക്കളയുന്ന ഏതുപദേശവും ഭൂതങ്ങളുടെ ഉപദേശം തന്നെ. യഥാർത്ഥ വിശുദ്ധി യോഗായിലൂടെയോധ്യാനത്തിലൂടെയോ ആത്മശിക്ഷണത്തിലൂടെയോ അല്ല, മറിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് നാം പ്രാപിക്കുന്നത്.

കൊലൊ. 2:20, 23ൽ യോഗചര്യകൾക്ക് ചില ബാഹ്യപ്രയോജനങ്ങൾ ഉണ്ടാകാമെങ്കിലും നമ്മുടെ ജഡത്തിൽ ദൈവസ്വഭാവം വെളിപ്പെടുത്തുവാൻ അവ നമ്മെ സഹായിക്കുന്നില്ല എന്നു പ്രസ്താവിക്കുന്നു. പരിശുദ്ധാത്മാവിനു മാത്രമേ അതു ചെയ്യുവാൻ കഴിവുള്ളു.

സഭയിൽ മതപരമായ ആത്മപീഡനചര്യയിൽനിന്ന് നാം ജനങ്ങളെ സ്വതന്ത്രരാക്കണം. അല്ലാത്തപക്ഷം ക്രൈസ്തവീകൃതമായ ഒരു ഹിന്ദു മതത്തെയോ യോഗമാർഗ്ഗത്തെയോ മാത്രം പ്രഖ്യാപിക്കുന്നവരായി നാം തീർന്നുപോകും.

പിശാച് വിശ്വാസികളെ ഒന്നുകിൽ ഭൗതികത്വമെന്ന അതിരുകടന്ന ചിന്തയിലേക്കോ അല്ലെങ്കിൽ അതിനു വിപരീതദിശയിലുള്ള ആത്മ തപനമാർഗ്ഗത്തിലേക്കോ വഴിതെറ്റിക്കുവാൻ എപ്പോഴും പരിശ്രമിച്ചു കൊണ്ടാണിരിക്കുന്നത്.

ഭൗതികവാദം താരതമ്യേന മറ്റതിനോളം ആപൽക്കരമല്ല. കാരണം, അതു ലോകത്തിന്റെ വഴിയാണെന്ന് ഒരു ജഡികനായ വിശ്വാസിക്കുപോലും വ്യക്തമാണ്. എന്നാൽ ആത്മതപനചര്യ ദൈവികസ്വഭാവത്തിലേക്കു നയിക്കുന്നതായി തോന്നി

ക്കാവുന്നതുകൊണ്ട് അതു കൂടുതൽ ആപൽക്കരമാണ്. ഇവ രണ്ടും ഒന്നിനൊന്ന് എതിരായി നിൽക്കുന്ന ആപൽഗർത്തങ്ങളാണ്. രണ്ടും നമ്മെ അടിത്തട്ടിലേക്കു വീഴ്ത്തിക്കളയുന്നു. മതചിന്തയില്ലാത്ത ദ്രവ്യാഗ്രഹികളും മതചിന്തയോടെ ആത്മശിക്ഷണമന്വേഷിക്കുന്ന പരീശന്മാരും രണ്ടുകൂട്ടരും നരകത്തിലേക്കു സഞ്ചരിക്കുന്നവർ തന്നെ. ദൈവഭൃത്യരെന്ന നിലയിൽ ഈ വസ്തുത നാം വിസ്മരിക്കരുത്.

**ലോകദൃഷ്ടിയിലെ മഹത്വം**

സഭയെ പണിയുന്നതിൽ ഈ കാര്യം നാം ഓർമ്മിക്കണം: മനുഷ്യരുടെ ദൃഷ്ടിയിൽ ഉന്നതമായ കാര്യങ്ങൾ ദൈവദൃഷ്ടിയിൽ മ്ലേച്ഛമാണ് (ലൂക്കോ. 16:15).

അതിനാൽ മാനുഷികമായ മഹത്വത്തിന് നാം ഒരിക്കലും സഭയിൽ പ്രവേശനം നൽകരുത്. ദൈവവചനം പ്രസംഗിക്കുമ്പോൾ നമ്മുടെ സാമർത്ഥ്യംകൊണ്ടോ അറിവുകൊണ്ടോ ഭാഷാഭംഗികൊണ്ടോ നാം ആളുകളിൽ മതിപ്പുളവാക്കുവാൻ ശ്രമിക്കരുത്. അത് സഭയിൽ നമ്മുടെ മാനുഷികശക്തിയുടെ (soul power) പ്രദർശനമായിത്തീരും.

സഭയിൽ നമുക്കുള്ള മൂല്യങ്ങൾ ലൗകികമനുഷ്യരുടെ മൂല്യങ്ങൾക്കു കടക വിരുദ്ധമായിട്ടുള്ളതാണ്. ലൗകികമനുഷ്യർ പണത്തിനു വളരെ വില കല്പിക്കുന്നു. നാമാകട്ടെ, അതിന് ഒരു വിലയും കല്പിക്കുന്നില്ല. ലൗകികമനുഷ്യർ ലോകത്തിൽ മഹാന്മാരും സ്വാധീനശക്തിയുള്ളവരുമായ വ്യക്തികളെ ബഹുമാനിക്കുന്നു. നാമാകട്ടെ, അവരെ ഒട്ടും തന്നെ കണക്കാക്കുന്നില്ല. നേരേ മറിച്ച് താഴ്മയും ദൈവഭയവുമുള്ള വരെയാണ് നാം വിലപ്പെട്ടവരായിക്കരുതുന്നത്. ബുദ്ധിശാലിത്വത്തിനു ലോകം വലിയ വില കല്പിക്കുന്നു. നാമോ ഒരു മനുഷ്യന്റെ സാമർത്ഥ്യത്തിന് ഒരു സ്ഥാനവും കല്പിക്കുന്നില്ല. ലോകവും സഭയും തമ്മിൽ അല്പമായൊരു വ്യത്യാസമല്ല ഉള്ളത്. നേർവിരുദ്ധമായ കോടികളെയാണ് അവ ലക്ഷ്യമാക്കുന്നത്.

നമ്മുടെ സാമർത്ഥ്യമോ വലിപ്പമോ പ്രദർശിപ്പിക്കുക എന്നത് ദൈവദൃഷ്ടിയിൽ അറപ്പായ കാര്യമാണ്. പഴയനിയമപ്രകാരമുള്ള ഒരു യാഗപീഠത്തിൽ ഒരു പന്നിയെ ബലിയർപ്പിക്കുന്നതിനു തുല്യമാണത്. മാനുഷികമായ നമ്മുടെ മ്ലേച്ഛതകളെ ദൈവശുശ്രൂഷയിലേക്കു കൊണ്ടുവരുന്നതിനെപ്പറ്റി ആരോഗ്യകരമായ ഒരു ഭയത്തോടെ നാം ജീവിക്കേണ്ടതാണ്.

**ഒരു ശിശുവിനെപ്പോലെയാകുക**

യേശുക്രിസ്തു മടങ്ങിവരുമ്പോൾ ഭൂമിയിൽ ഉണ്ടാകുവാൻ പോകുന്ന സഹസ്രാബ്ദവാഴ്ചക്കാലത്ത് സകലവും സമാധാനപൂർണ്ണമായിരിക്കുമെന്ന് യെശ. 11:6 ൽ പറഞ്ഞിരിക്കുന്നു. ഹിംസ്രമൃഗങ്ങൾ അന്ന് ഉണ്ടായിരിക്കുകയില്ല. ഭൂമിയിലെ ജീവിതം അദ്ഭുതാവഹമായവിധം സമാധാനപൂർണ്ണമായിരിക്കും.

എന്നാൽ ഇന്ന് സഭയുടെ ജീവിതത്തിൽ അതിന്റെ ഒരു പൂർവാനുഭവം നമുക്കു ലഭിക്കുന്നുണ്ട്. എന്തെന്നാൽ സഭയ്ക്കുള്ളിൽ ഇപ്പോൾ തന്നെ ദൈവരാജ്യം സ്ഥാപിതമായിരിക്കുന്നു. സഭയുടെ കൂട്ടായ്മയിൽ ചെന്നായ്ക്കൾ ഇപ്പോൾ തന്നെ കുഞ്ഞാടുകളോടുകൂടെ കിടക്കുന്നു. പുള്ളിപ്പുലികളും കോലാടുകളും അന്യോന്യം സമാധാനബന്ധത്തിൽ ജീവിക്കുന്നു. കന്നുകാലികൾ സിംഹ

ങ്ങൾക്കിടയിൽ സുരക്ഷിതരായിരിക്കുന്നു. ഇവയെപ്പോലെ വിഭിന്ന സ്വഭാവത്തോടുകൂടിയ മനുഷ്യർക്ക് അന്യോന്യം ഒരുമിച്ചു ജീവിക്കുവാൻ ലോകത്തിൽ സാധ്യമല്ല. എന്നാൽ സഭയ്ക്കുള്ളിൽ അവർ തങ്ങളുടെ സ്വന്തജീവിതത്തിനു മരിക്കുകയും അന്യോന്യം മഹത്വകരമായ സമാധാനത്തോടെ ജീവിക്കയും ചെയ്യുന്നു.

വരാൻ പോകുന്ന ആ രാജ്യത്തിൽ ഒരു ചെറിയ ശിശു അവരുടെ നേതാവായിരിക്കുമെന്ന് യെശയ്യാവു പറയുന്നു (യെശ. 11:6). സഭയെ നയിക്കുവാൻ വാസ്തവത്തിൽ യോഗ്യൻ ആരെന്ന് ഇവിടെ നാം കാണുന്നു. ഒരു ചെറിയ ശിശുവിനോട് ഏറ്റവും അനുരൂപനായ വ്യക്തി തന്നെയാണത്.

ഒരു ചെറിയ ശിശുവിനെപ്പോലെ വിനീതനും കാപട്യമില്ലാത്തവനുമായ വ്യക്തിതന്നെയാണ് ഒരു സഭയിലെ യഥാർത്ഥ നേതാവ്. അത്തരമൊരു സഹോദരനോടു കൂട്ടായ്മയാചരിക്കുക അനായാസമാണ്. അദ്ദേഹം സ്വന്തം തന്മയിൽ ജീവിക്കുന്നു. തന്റെ വ്യക്തിവിലാസമോ കൃപാവരങ്ങളോകൊണ്ട് മറ്റുള്ളവരിൽ മതിപ്പുളവാക്കുവാൻ അദ്ദേഹം ശ്രമിക്കുന്നില്ല. തന്നെക്കാൾ അധികം പക്വമതിയായ ഒരു സഹോദരനെ അനുകരിക്കുവാനും അദ്ദേഹം ശ്രമിക്കുന്നില്ല.

സമർത്ഥന്മാരും കഴിവും നർമ്മബോധവുമുള്ളവരും നല്ല സംഗീതവാസനയും സംഘടനാസാമർത്ഥ്യവുമുള്ളവരുമായ ആളുകൾക്കാണ് പല ക്രിസ്തീയവിഭാഗങ്ങളിലും നേതൃത്വം നൽകപ്പെടുന്നത്. എന്നാൽ പുതിയ ഉടമ്പടിയിൻ കീഴിലുള്ള സഭയിൽ ചെറിയ ശിശുക്കളെപ്പോലെയുള്ള ആളുകളെ ദൈവം നേതാക്കളായി നിയമിക്കുന്നു. കാരണം, തന്റെ രാജ്യത്തിൽ ഏറ്റവും ഉന്നതന്മാർ ഇത്തരക്കാർ തന്നെ.

സഭയിലെ ചെന്നായ്ക്കൾ കുഞ്ഞാടുകളെ കടിച്ചുകീറുന്നുണ്ടെങ്കിൽ, അത്തരമൊരു സഭയിൽ ഇതേവരെയും ദൈവരാജ്യം വന്നിട്ടില്ല. നേതാവായ വ്യക്തി ഒരു ശിശുവിനെപ്പോലെ ആയിട്ടില്ലാത്തതായിരിക്കണം അതിന്റെ കാരണം. അതിനാൽ ഒരു സഭയിൽ കാര്യങ്ങൾ വഴിതെറ്റിപ്പോകുമ്പോൾ നേതാക്കളാണ് സ്വയം വിധിക്കേണ്ടത്.

ദൈവരാജ്യത്തിൽ ഏറ്റവും വലിയവൻ ഒരു ശിശുവായിരിക്കയാൽ ഒരു ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുവാൻ മത്താ. 18:4ൽ യേശു തന്റെ ശിഷ്യന്മാരോടു കല്പിക്കുന്നു.

ദൈവരാജ്യത്തിൽ ഏറ്റവും വലിയ വ്യക്തി യേശു തന്നെയാണെന്നു നമുക്കറിയാം. യേശു എല്ലാ സമയത്തും ഒരു ശിശുവിനെപ്പോലെ സ്വയം താഴ്ത്തിയെന്നാണ് അതിന്റെ അർത്ഥം.

ഇവിടെ സകല ക്രിസ്തീയനേതാക്കന്മാർക്കും പിന്തുടരുവാനുള്ള ഒരു ദൃഷ്ടാന്തം നാം കാണുന്നു.

ഒരു സന്ദർഭത്തിൽ യേശു രോഗാതുരരായ ഒരു വലിയ ജനക്കൂട്ടത്തെ സൗഖ്യമാക്കിയതായും ആ കാര്യം ആരോടും പറയരുതെന്ന് അവ രോടു കല്പിക്കുന്നതായും നാം കാണുന്നു. ജനമധ്യത്തിൽ താൻ അറിയപ്പെടണമെന്ന് അവിടുന്ന് ആഗ്രഹിച്ചില്ല. “ആരും തെരുക്കളിൽ അവന്റെ ശബ്ദം കേൾക്കുകയില്ല” (അവിടുന്ന് സ്വയം പ്രസിദ്ധപ്പെടുത്തുകയില്ല) എന്ന തിരുവെഴുത്ത് നിറവേറുവാനാണ് അവിടുന്ന് അപ്രകാരം ചെയ്തത് (മത്താ. 12:15-20).

'ഇതാ, എന്റെ ശിശു' (മത്താ. 12:18 മാർജിൻ) എന്ന വാക്യത്തോടെ യാണ് ആ തിരുവെഴുത്ത് ആരംഭിക്കു ന്നത്. അവിടെ ദൈവം അരുളിച്ചെ യ്തിട്ടുള്ളത് ഇപ്രകാരമാണ്: "ശ്രദ്ധാ പൂർവം എന്റെ ശിശുവിനെ (സ്വർഗ്ഗ രാജ്യത്തിൽ ഏറ്റവും വലിയവനെ) നോക്കുവിൻ. അവൻ രോഗികളെ സൗഖ്യമാക്കിയശേഷം താൻ ഒന്നും ചെയ്തില്ലെന്ന മട്ടിൽ മറഞ്ഞുകള യുന്നു".

ഈ ആത്മാവുള്ള വ്യക്തിയാണ് സഭയിൽ യഥാർത്ഥ നേതാവ്.

താൻ ആരുമല്ലെന്നും തനിക്ക് മിക്കവാറും ഒന്നും തന്നെ അറിഞ്ഞു കൂടെന്നും ഒരു ചെറിയ ശിശു മനസ്സി ലാക്കുന്നു. നാം ആരുമല്ലെന്നും ആത്മീയകാര്യങ്ങളിൽ നമ്മുടെ അറിവു മിക്കവാറും പൂജ്യമാണെന്നു മുള്ള ബോധ്യമാണ് നമ്മെ എപ്പോഴും ചെറിയ ശിശുക്കളെ പ്പോലെ ആക്കിത്തീർക്കുന്നത്. അത്തരമൊരാളെ മാത്രമേ സഭയിൽ തന്റെ പ്രതിപുരുഷനെന്നു സാക്ഷ്യ പ്പെടുത്തുവാൻ ദൈവത്തിനു കഴിയൂ.

വിനയം പഠിക്കുവാൻ നമുക്ക് രണ്ടു ദൃഷ്ടാന്തങ്ങൾ യേശു തന്നി ട്ടുണ്ട്. ഒന്ന് താൻ തന്നെ. മറ്റേത് ചെറിയ ശിശുക്കളും. സുവിശേഷ ങ്ങളിൽ യേശു എങ്ങനെ ജീവിച്ചു വെന്ന് നാം കാണുകയും അവിടു ത്തെ ദൃഷ്ടാന്തത്തിൽനിന്നു നാം താഴ്മ പഠിക്കുകയും ചെയ്യുന്നു. ചുറ്റുപാടുകളിൽ ചെറിയ ശിശുക്ക ളെയും നാം കാണുന്നുണ്ട്. അവരിൽ നിന്നും കൂടെ നമുക്കു താഴ്മ പഠിക്കാം.

ഒരു കൊച്ചുകുഞ്ഞ് തൊട്ടിലിൽ ക്കിടക്കുമ്പോൾ അതിന്റെ മനസ്സിൽ ക്കൂടെ കടന്നുപോകുന്ന ചിന്തകൾ എന്തൊക്കെയാണ്? "ഞാൻ എത്ര മിടുക്കൻ! എന്നെ ആളുകൾ എത്ര മാത്രം അഭിനന്ദിക്കുന്നുണ്ട്!" എന്നൊ ക്കെ ആ കുട്ടി ചിന്തിക്കുന്നുണ്ടോ? ഇല്ലതന്നെ. കുട്ടിക്ക് അത്തരം ഒരു ചിന്തയുമില്ല. യാതൊരു സ്വയം ബോധവും ആ ശിശുവിന് ഇല്ല. യാതൊരു നാട്യവും കൃത്രിമത്വവു മില്ലാതെ സ്വാഭാവികതയോടെ തന്റെ തന്മയിൽ അവൻ കഴിയുന്നു. അതാണ് നമ്മുടെ ദൃഷ്ടാന്തം.

മറ്റുള്ളവർ നമ്മെയോ നമ്മുടെ ശുശ്രൂഷയെയോ പറ്റി എന്തു വിചാരി ക്കുന്നുവെന്ന ചിന്ത നമ്മെ അലട്ടുന്നു ണ്ടോ? അങ്ങനെയെങ്കിൽ നാം കൊച്ചുകുട്ടികളെപ്പോലെയല്ല. നാം തിരിഞ്ഞു ശിശുക്കളെപ്പോലെ യായിത്തീരുന്നതുവരെയും ഇത്തരം ഉന്നതചിന്തകളോടു നാം പോരാ ടണം. അപ്പോൾ മാത്രമേ ദൈവജന ത്തെ നയിക്കുവാൻ നാം പൂർണ്ണ യോഗ്യതയുള്ളവരായിത്തീരുകയുള്ളു.

അപ്പോൾ തന്റെ വേല ചെയ്യുവാൻ നമ്മെ ദൈവം ആക്കിയിരിക്കുന്ന ഭൂമിയിലെ ഏതു ചെറിയ മൂലയിലും നാം സന്തുഷ്ടരായിരിക്കും. മനുഷ്യ രുടെ ദൃഷ്ടിയിൽ വലിയവരായിത്തീ രുവാനുള്ള ആഗ്രഹങ്ങളൊന്നും അപ്പോൾ നമുക്ക് ഉണ്ടാവുകയില്ല. ക്രിസ്തുവിന്റെ ശരീരത്തിൽ നാം നിറവേറ്റുവാനായി ദൈവം നമ്മെ ഭരമേൽപിച്ചിട്ടുള്ള കൃത്യം നിറവേറ്റു ന്നതിലും നാം സന്തുഷ്ടരായിത്തീരും. മറ്റൊരാളുടെ ശുശ്രൂഷയെപ്പറ്റി അസൂ യാലുക്കളായി നാം തീരുകയുമില്ല.

ഇപ്രകാരം അദ്ഭുതാവഹമാ യൊരു സുവിശേഷം അനുഭവത്തി ലാക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുവാൻ നമുക്കു കഴിയുന്ന തോർത്ത് ദുഷിച്ചതും മുതിർന്നവ രുടേതുമായ നമ്മുടെ വഴികളെ വിട്ടുമാറുവാനും ഒരിക്കൽക്കൂടെ ചെറിയ ശിശുക്കളെപ്പോലെ ആയി ത്തീരുവാനും നമുക്കു സാധിക്കുന്ന തോർത്ത് നമുക്കു ദൈവത്തെ സ്തുതിക്കാം.

അങ്ങനെ പുതിയ ഉടമ്പടിയുടെ യഥാർത്ഥശുശ്രൂഷകരായി നാം തീരും. (*അവസാനിച്ചു*)

Youth Section




# THE SERMON ON THE MOUNT-IV

Sandeep Poonen

## Question:

Can you give me a summary of the teachings of Jesus?

## Answer:

This is the final installemnt in my answer where I was paraphrasing the Sermon on the Mount in ordinary language. I had gone upto Matthew 7:6, so I pick it up from there and conclude. I have written this in the form of a letter from God PERSONALLY to me – because that's how I see God's Word. It's not a set of edicts and commands; it's a letter written by the God who is love. I will split it up over the next few months. I hope that my personal paraphrase will bring fresh meaning to passages that we might already know.

MY PARAPHRASE ON THE SERMON ON THE MOUNT (PART 4)

Matthew 7:7-14

Are you overwhelmed by all that I have written already? Does it seem that the Christian life went from difficult to downright impossible? Well, good then. Because it is truly impossible to live this life without Divine help. The point of all that I have written is not that you just go out and blindly obey. You must seek to obey me with all Your heart (Remember, I have said multiple times that the greatest commandment is to love Me with all your heart. And I have also repeatedly said that to love me with all your heart is to obey me with all your heart). But if you're serious about obeying Me, you'll easily see that you need Divine help.

And I give you all the help you need in the Divine Helper – the Holy Spirit. **And He is given to *anybody* who simply asks with child-like faith.** And don't think that my Holy Spirit is a one-time experience that you ask for Him and obtain once. No, He's like water that you need again and again to quench your thirst. So keep asking for Him at every trial, keep seeking for Him when you feel lost, and keep knocking on every door that makes you feel locked out from access to Me. Seek knowing that you truly do need Him to live every part of this New Covenant life that I have just explained. The reason you don't have the Holy Spirit in His power like you could, is that you are not asking and asking and asking every day. Maybe you asked for Him and His power yesterday? Does yesterday's water quench your thirst today? As you judge yourself, you'll recognize your thirst. Then ask, seek, and

knock with thirsty, child-like faith, and I'll always give you the Holy Spirit. I never seek to withhold Him from you.

Let me warn you yet again: Many are going to fall by the way-side and choose an easier path. Don't tell me I didn't warn you. So I sincerely hope that you will choose the pathway I have spelled out - because it is the only one that will be life-giving. And that's what you're after, right?

Matthew 7:15-23

And just as few will choose the pathway to life, there will also be plenty of fakers and pretenders in Christian leadership. There are many hirelings who are only pretending to be true shepherds. But they're not true shepherds, because they are all about simply putting up a good front and making a big show of how well they are taking care of the sheep and doing wonders for the sheep. They're not interested in Me and doing whatever I ask them to do. They are so enamored by their incredible talents, that they long ago stopped asking me for what I wanted them to do. They go around just doing their own thing, still using my Name and acting as if they are working for Me, but I have no access to their lives. But I see their actions and how they mistreat My flock and have no authentic spirituality. Well, you'll see this soon - I will have nothing to do with such pretenders.

Matthew 7:24-27

OK, that's about all I had to say. So let me leave you with one parting comment about all I have written.

You can read and re-read this letter, and even agree with everything I say. And you can post this on Facebook and your blog and pass it on to all your friends. You might even "believe" all that I write with your mind, and you might even defend what I have written. That means nothing to me. Remember when I told you that even the demons believe and tremble? So the real question is whether you will *change your ways* in what I have shared with you? Will you be quick to obey from now on? If so, receiving these words of Mine and committing to living it out will guarantee you a rock-solid life. Yes, I can indeed GUARANTEE YOU an unshakeable blessed and happy life if you will simply obey what I have written here. If you believe Me, behave just like you believe.

But if you are not willing to obey what I've said, don't blame Me when your world comes crashing down on you and you find that you wasted your life here on earth.

OK, that's it. Let Me end with what I started with. Remember that I am Love. Love is not something I do. It is simply what I am. So everything I write is with "Absolute Love." And even when you read things in this letter that are difficult to embrace, please remember that I am Love, and I always and only speak in Love…

Your loving Dad

P.S. When are you planning to visit Me again? I'm including the free pass signed in the blood of your eldest brother Jesus. It gaurantees you access to all of heaven, but best of all, my lap – the lap of Love! See you soon!

[I hope this paraphrase has blessed you. I hope it has kindled a fresh desire to draw closer to Jesus. This is my intent. May God help all of us.] ■

*(please mail your genuine doubts to: sandeep@poonen.org)*

# അന്ത്യകാല മുന്നറിയിപ്പ്

*4-ാം പേജിൽ നിന്ന് തുടർച്ച*

ലോകത്തിന്റെ രീതി അനുസരിച്ചു മൺപാത്രത്തിന്, മരപ്പാത്രത്തിന് ഒരിക്കലും വെള്ളിപ്പാത്രമോ പൊൻപാത്രമോ ആകാൻ കഴിയുകയില്ല. എന്നാൽ ദൈവസഭയിൽ ആ അത്ഭുതമാണു നടക്കുന്നത്! സഭയിൽ വചനത്താലും പരിശുദ്ധാത്മാവിനാലും ഉള്ള കഴുകൽ മൂലം കറയും ചുളുക്കവും മാറി വിശുദ്ധിയോടെ, നിഷ്കളങ്കതയോടെ തേജസ്സു പ്രാപിപ്പാൻ കഴിയും (എഫെസ്യ. 5:26,27). മാത്രമോ തേജസ്സിന്മേൽ പിന്നേയും തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടാൻ സാധിക്കും (2 കൊരി. 3:18). മൺപാത്രത്തിനു പൊൻപാത്രമാകാമെന്നു സാരം.

അന്ത്യകാലത്തെ സഭകളുടെ പൊതുചിത്രം മാത്രമല്ല, അതിലെ ഹീനപാത്രങ്ങളായ വിശ്വാസികളുടെ നിലവാരത്തിന്റെ യഥാർത്ഥ ചിത്രവും പൗലൊസ് തിമൊഥെയോസിനുള്ള ലേഖനത്തിൽ തൊട്ടടുത്ത അധ്യായത്തിൽ വരച്ചു കാട്ടിയിട്ടുണ്ട്: "അന്ത്യനാളുകളിൽ ദുർഘട സമയങ്ങൾ ഉണ്ടാകുമെന്ന് അറിഞ്ഞുകൊള്ളുക. മനുഷ്യർ സ്വാർഥപ്രിയരും ദ്രവ്യാഗ്രഹികളും ഗർവിഷ്ഠരും അഹങ്കാരികളും ദൂഷകരും മാതാപിതാക്കളെ അനുസരിക്കാത്തവരും കൃതഘ്നരും ജീവിതവിശുദ്ധിയില്ലാത്തവരും മനുഷ്യത്വമില്ലാത്തവരും വഴങ്ങാത്ത പ്രകൃതിയുള്ളവരും പരദൂഷണ വ്യവസായികളും ദുർവൃത്തരും ക്രൂരന്മാരും സദ്ഗുണ വിദ്വേഷികളും വഞ്ചകരും എടുത്തു ചാട്ടക്കാരും അഹന്തകൊണ്ടു ഞെളിയുന്നവരും ദൈവത്തെ സ്നേഹിക്കുന്നതിലുപരി ഭോഗപ്രിയരായി ജീവിക്കുന്നവരും നമുക്കു വായിച്ചെടുക്കാൻ കഴിയും (മത്താ. 13:24-30 കാണുക).

പൗലൊസ് തിമൊഥെയോസിനു ലേഖനം എഴുതുമ്പോൾ വലിയ വീടിനെ (Great house) ക്കുറിച്ചു മാത്രമല്ല ദൈവത്തിന്റെ യഥാർത്ഥ വീടിനെ (House of God) ക്കുറിച്ചും പരാമർശിക്കുന്നുണ്ട് (1 തിമൊ. 3:15-16). സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭ എന്ന് ഇവിടെ വിവരിക്കുന്നത് ഒരു മാതൃകാ സഭയെ (ideal Church) യാണ്.

അന്ത്യകാലത്തെ സഭകളായ 'വലിയ വീടു'കൾ ജീവനുള്ള ദൈവത്തിന്റെ ആലയമായ മാതൃകാ സഭയായി മാറാൻ എന്താണു ചെയ്യേണ്ടത്? സഭയിലെ വിശ്വാസികൾ മെച്ചപ്പെടുകയാണ് - ഹീനപാത്രങ്ങൾ, മാനപാത്രങ്ങളാകുകയാണ്- ഇതിനു വേണ്ടത്. സഭയെന്നാൽ വിശ്വാസികളുടെ സംഘാതമാണ്. വിശ്വാസികളുടെ നിലവാരമാണ് സഭയുടെ നിലവാരം. ഈ നിലവാരം ഉയരണം. അതാണ് പൗലൊസ് 2 തിമൊഥെയാസ് 2:21ൽ പറയുന്നത്: "ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥന് ഉപയോഗവുമായി നല്ല വേലയ്ക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും." ഇവിടെ മൂന്നു കാര്യങ്ങൾ: വിട്ടകലണം, വെടിപ്പാക്കണം, ഒരുങ്ങിയിരിക്കണം. എങ്കിൽ ഹീനപാത്രങ്ങൾക്കും മാനപാത്രങ്ങളാകാം. ആ മാനപാത്രങ്ങൾക്കും മൂന്നു പ്രത്യേകതകൾ: വിശുദ്ധം, ഉടമസ്ഥന് ഉപയോഗക്ഷമം, നല്ല വേലയ്ക്ക് ഉപയുക്തം.

ആയിരിക്കും. അവർ മതത്തിന്റെ ബാഹ്യരൂപത്തെ മുറുകെപ്പിടിക്കുമെങ്കിലും അതിന്റെ ചൈതന്യത്തെ നിഷേധിക്കുന്നു" (1 തിമൊ. 3:1–5 ആധുനിക വിവർത്തനം).

ഇതു വായിക്കുമ്പോൾ അന്ത്യകാലത്തെ ലോകമനുഷ്യരുടെ ചിത്രമാണിതെന്നു നാം പെട്ടെന്നു കരുതിപ്പോകും. എന്നാൽ അന്ത്യനാളുകളിലെ വിശ്വാസികളുടെ ഒരു 'സ്കാൻ റിപ്പോർട്ടാ' (Scan report) ണിത്. എങ്ങനെ ആ നിഗമനത്തിലെത്താൻ കഴിയും? അതിന്റെ അവസാനഭാഗം നോക്കുക. അവർ മതത്തിന്റെ ബാഹ്യരൂപത്തെ മുറുകെപ്പിടിക്കുന്നവരാണെന്ന് അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. ഭക്തിയുടെ വേഷം ധരിച്ചവർ. ലോകമനുഷ്യർക്കു ഭക്തിയുടെ വേഷം ധരിക്കുകയോ ക്രിസ്തുമതത്തിന്റെ ബാഹ്യരൂപം മുറുകെ പിടിക്കുകയോ ചെയ്യേണ്ട കാര്യമില്ലല്ലോ. അപ്പോൾ ഇത് അന്ത്യകാലത്തെ വിശ്വാസികളെക്കുറിച്ചാണെന്നു നാം നടുക്കത്തോടെ തിരിച്ചറിയുന്നു.

യേശുകർത്താവിനെ രക്ഷകനും നാഥനുമായി ഹൃദയത്തിൽ വാഴിച്ച ഒരു വിശ്വാസിക്ക് എങ്ങനെയാണു സ്വാർഥനും ദ്രവ്യാഗ്രഹിയും ഗർവിഷ്ഠനും അഹങ്കാരിയും ദൂഷകനും അനുസരണമില്ലാത്തവനും നന്ദികെട്ടവനും അശുദ്ധനും മനുഷ്യത്വമില്ലാത്തവനുമെല്ലാമായി മാറാൻ കഴിയുന്നത്? 2 തിമൊഥെയോസ് 3:1–5 വാക്യങ്ങൾ ശ്രദ്ധിച്ചു വായിച്ചാൽ വിശ്വാസിയുടെ ഈ പതനത്തിന്റെ കാരണം കണ്ടെത്താൻ കഴിയും. അവിടെ അവനു 'രണ്ടു സ്നേഹങ്ങൾ' നഷ്ടമായതായും 'മൂന്നു സ്നേഹങ്ങൾ' ആ സ്ഥാനത്തു കയറിക്കൂടിയതായും കാണുന്നു. അവനു നഷ്ടമായ രണ്ടു സ്നേഹങ്ങൾ ദൈവപ്രിയവും ((Love for God), സദ്ഗുണത്തോട്, നന്മയോട് ഉള്ള സ്നേഹവും (Love for goodness) ആണ്. വാസ്തവത്തിൽ ഈ രണ്ടു സ്നേഹവും ഒന്നു തന്നെയാണ്. യഥാർത്ഥത്തിലുള്ള നന്മ ദൈവത്തിൽ മാത്രമാണുള്ളതെന്നും നന്മയുടെ ആകെത്തുക ദൈവമാണെന്നും യേശു തന്നെ പറഞ്ഞത് ഓർക്കുക (മർക്കൊ. 10:18). എങ്കിൽ നന്മയോടുള്ള സ്നേഹവും ഫലത്തിൽ ദൈവത്തോടുള്ള സ്നേഹം തന്നെയാണ്. ചുരുക്കത്തിൽ അന്ത്യകാലത്തിലെ വിശ്വാസിക്കു നഷ്ടപ്പെട്ട രണ്ടു കാര്യങ്ങളെ ഒന്നിലേക്കു ചുരുക്കിയാൽ അവനു നഷ്ടപ്പെട്ടതു മറ്റൊന്നുമല്ല ദൈവത്തോടുള്ള സ്നേഹം (Love for God) തന്നെയാണ്.

ദൈവസ്നേഹം നഷ്ടമായ സ്ഥാനത്തേക്കു സ്വയസ്നേഹം (Self love) ദ്രവ്യാഗ്രഹം (love for money) ഭോഗപ്രിയത്വം (love for plessure) എന്നിവ തള്ളിക്കയറി വന്നു. തുടർന്ന് അഹങ്കാരം, അശുദ്ധി, നന്ദിയില്ലായ്മ തുടങ്ങിയ എല്ലാ ദുർഗുണങ്ങളും ഹൃദയത്തിൽ സ്ഥാനം പിടിച്ചു. ഒരു മുറിയിലെ ദീപം അണഞ്ഞാൽ ഉടനെ മുറിയിലേക്ക് ഇരുൾ വരുന്നതുപോലെയാണിത്. ഹൃദയത്തിൽ ദൈവത്തോടുണ്ടായിരുന്ന ലളിതമായ, നിർമലമായ സ്നേഹം അണഞ്ഞു പോയി. സ്വാഭാവികമായി തന്നെ തിന്മയുടെ ഇരുൾ അവിടം പിടിച്ചടക്കി. പരിതാപകരമായ കാര്യം, അപ്പോഴും ഭക്തിയുടെ വേഷം, മതത്തിന്റെ ബാഹ്യാവരണം അവിടെ ഉണ്ട് എന്നതാണ്!

ദൈവത്തോടുള്ള സ്നേഹത്തിന്റെ വെളിച്ചം അണഞ്ഞുപോയിട്ടും ഭക്തി

യുടെ പുറംമോടിയുമായി തുടരുന്നതിനുള്ള ക്ലാസ്സിക് ഉദാഹരണം ഏഫെസോസിലെ സഭയുടെ ദൂതനാണ്. അവന്റെ കുറ്റം ആദ്യസ്നേഹം വിട്ടു കളഞ്ഞു എന്നതാണെന്നു പരിശുദ്ധാത്മാവു പറയുന്നു (വെളി. 2:4). എന്നാൽ ആദ്യസ്നേഹം നഷ്ടപ്പെട്ടിട്ടും അവന്റെ ക്രിസ്തീയ പ്രവർത്തനങ്ങളും ഭക്തിയുടെ വേഷവും അവിടെത്തന്നെ ഉണ്ടായിരുന്നു. ദൈവം അവനെക്കുറിച്ചു പറയുന്നത് "നിന്റെ പ്രവൃത്തിയും (works) പ്രയത്നവും (labour) സഹിഷ്ണുതയും (patience) അറിയുന്നു" എന്നാണ് (2:2). അവന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും ഒക്കെ കാണുമ്പോൾ അതു നല്ലതാണെന്നു നമുക്കു തോന്നും. പക്ഷേ ഈ പ്രവൃത്തിയെയും പ്രയത്നത്തെയും സഹിഷ്ണുതയേയുമൊക്കെ പ്രചോദിപ്പിക്കേണ്ട മറ്റു ചില ആന്തരിക ഗുണങ്ങൾ അവനു കൈമോശം വന്നെന്നു വചനത്തെ വചനവുമായി താരതമ്യം ചെയ്താൽ മാത്രമേ നമുക്കു മനസ്സിലാകൂ. 1 തെസ്സലോനിക്യർ 1:2-4 വാക്യങ്ങൾ നോക്കുക: ''നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും (work of faith) സ്നേഹപ്രയത്നവും (labour of love) പ്രത്യാശയുടെ സഹിഷ്ണുതയും (patience of hope) ഓർത്തുകൊണ്ട്... ദൈവത്തിനു സ്തോത്രം ചെയ്യുന്നു.'' ഇവിടെ വെറും വേലയല്ല, വിശ്വാസത്തിന്റെ വേലയാണ്. കേവലം പ്രയത്നമല്ല, സ്നേഹത്തിന്റെ പ്രയത്നമാണ്. വെറും സഹിഷ്ണുതയല്ല, പ്രത്യാശയുടെ സഹിഷ്ണുതയാണ്. ഇവിടെ തെസ്സലോനിക്യയിലെ വിശ്വാസികളുടെ വേലയ്ക്കും പ്രയത്നത്തിനും സഹിഷ്ണുതയ്ക്കും പ്രചോദനമായി പശ്ചാത്തലത്തിൽ വിശ്വാസവും സ്നേഹവും പ്രത്യാശയും ഉണ്ടായിരുന്നു. എന്നാൽ വെളിപ്പാട് 2:2ലെ എഫേസോസിലെ സഭയുടെ അവസ്ഥയിലേക്കു വരുമ്പോഴോ? അവിടെ പ്രവൃത്തിയുണ്ട്; എന്നാൽ വിശ്വാസമില്ല. അവിടെ പ്രയത്നമുണ്ട്; പക്ഷേ സ്നേഹം നഷ്ടപ്പെട്ടു പോയി. അവിടെ സഹിഷ്ണുതയുണ്ട്; എന്നാൽ പ്രത്യാശയില്ല. കണ്ടോ എഫെസോസിലെ സഭയുടെ ദൂതന് ആന്തരികമായ വിശ്വാസവും സ്നേഹവും പ്രത്യാശയും നഷ്ടപ്പെട്ടു പോയി. പക്ഷേ പുറമേയുള്ള പ്രവൃത്തിയും പ്രയത്നവും സഹനവും അവിടെയുണ്ട്. സത്യത്തിൽ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാണല്ലോ ക്രിസ്തീയതയിൽ നിലനില്കേണ്ടത് (1കൊരി. 13:13). അവ നഷ്ടപ്പെട്ടു പോയി. പക്ഷേ പുറംമോടി, ബാഹ്യാവരണം, ഭക്തിയുടെ വേഷം, മനുഷ്യർക്കു കാണാവുന്നത്, നിലനില്ക്കുന്നു! പക്ഷേ എഫേസോസ് സഭയുടെ ദൂതന് അഗ്നിജ്വാലയ്ക്കൊത്ത കണ്ണുള്ള ദൈവത്തെ മാത്രം കബളിപ്പിക്കാൻ കഴിഞ്ഞില്ല. അവിടുന്ന് അവനോടു പറയുന്നു: "നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെടുക. അല്ലാഞ്ഞാൽ..."

ഇതെല്ലാം നമുക്കു ബുദ്ധിയുപദേശത്തിന് എഴുതിയിരിക്കുന്നവയാണ്. അതുകൊണ്ട് ഇവയെ ഗൗരവമായി എടുക്കാം. ആദ്യ സ്നേഹത്തിലേക്ക് ഒരു മടക്കയാത്ര- അതാണ് ഇന്നത്തെ ആവശ്യം. കാരണം ഇത് അന്ത്യകാലമാണ്.

# KNOWING AND FOLLOWING

F. B Meyer

"Then shall we know, if we follow on to know the Lord."-- Hos 6:3.

SOME PEOPLE do not seem to desire to advance in the knowledge of God. They have not seen the heavenly vision. Religion to them consists in saying, over and over again, the same prayers that they have used for years, and reading a prescribed portion of Scripture. This is better than nothing, but they cannot appropriate David's comparison between himself and the hunted deer that pants for the water-brook, or our Lord's blessing for those that "hunger and thirst after righteousness."

But with others, there is a longing for a further advance. Like the Apostle, they are pressing toward the mark, though it seems to evade them and to recede! They are like the blind man, on whom our Lord wrought the miracle. First, he saw men as trees walking, dimly appreciating the glory of perfect vision; but, presently, as those dear hands touched him again, he saw clearly. Is there one who reads this page who does not long for this clear vision, this knowledge of God! Let us not desist in our quest, but follow on! When the last lesson is learned, the last and deepest surrender taken, the final act of faith accomplished, the partition will remove, and we shall know what Pascal meant when he wrote: "The world hath not known Thee, but I have known Thee. Joy! Joy! Joy! Tears of Joy!" "Now we see through a glass, darkly; but then face to face: now I know in part; but then shall I know even as also I am known." (1 Cor 13:12).

God has a Way of His own for each of us. "His going forth is prepared as the morning; and He shall come unto us as the rain." Some are smitten by a sudden sense of the reality and vision of the Eternal World, that hides behind the veil of sense. Others, as they partake of the Bread and Wine of Communion, have such a vision of the love of Jesus, that they are more than satisfied. At any time a heavenly door may open before the knock of the seeker; or, we may suddenly look up and see His face, and exclaim with St. Paul: "The Lord is at hand!" We shall see His hand beckoning to us, and we shall arise and follow into that world of reality and love that is so near, but sometimes seems so far!

PRAYER

Lord Jesus! Give us this second sight, we beseech Thee! Lift us up, by Thy strong arm, above the mists and darkness of the valley, to walk with Thee on the high level of Thy manifested presence and glory. AMEN.

**JEEVAMOZHIKAL RNI/KERBIL/-2003/21404** Date of Publication 28-11-2015
December **2015** www. jeevamozhikal.org
Annual Subscription Rs.100/-

# യൗവനകാലത്ത്...

യൗവനത്തിൽ തന്നെ ചിലതു ചെയ്തു തീർത്തവരാണ് ചരിത്രത്തിലെ പ്രശസ്തരായ പലരും.

മുപ്പതു വയസ്സു തികയും മുൻപേ വിർജിൽ ലാറ്റിൻ കവികളുടെ മുൻനിരയിലെത്തി. മാർട്ടിൻ ലൂഥർ നവീകരണത്തിനു നേതൃത്വം നൽകി. ഐസക് ന്യൂട്ടൻ അറിയപ്പെടുന്ന ശാസ്ത്രജ്ഞനായി.

ഇരുപത്തിയെട്ടു വയസ്സാകും മുൻവേ ഹെറോഡോട്ടസ് തന്റെ ഒൻപതു ചരിത്ര പുസ്തകങ്ങളും ഒളിമ്പിക് ഗെയിംസിൽ വായിച്ചു കേൾപ്പിച്ചു. ഹാനിബോൾ, സ്പെയിനിനെ കാർത്തേജിന്റെ അധീനതയിൽ കൊണ്ടുവന്നു.

ഇരുപത്തിയഞ്ചു വയസ്സായപ്പോഴേക്കും ഡെമോസ്തനീസ് 'ഗ്രീസിലെ സുവർണനാവുള്ള പ്രഭാഷകൻ,' സിസെറോ 'റോമിലെ വെള്ളിനാവുള്ള പ്രഭാഷകൻ' എന്നീ അപരനാമങ്ങളിൽ അറിയപ്പെട്ടു. റാഫേലിനു വത്തിക്കാനിന്റെ ചുവരുകളെ തന്റെ അനശ്വര ചിത്രങ്ങളാൽ അലങ്കരിക്കുവാനുള്ള ക്ഷണം ലഭിച്ചു. ഷേക്സ്പിയർ ഈ പ്രായത്തിൽ നാടകകൃത്തുക്കളിൽ അഗ്രഗണ്യനായി. ഗലീലയോ രാത്രി തോറും പുതിയ നക്ഷത്രങ്ങളെ വീക്ഷിച്ചതും ഈ പ്രായത്തിലാണ്!

ഇരുപത്തി രണ്ടാം വയസ്സിൽ അലക്സാണ്ടർ പേർഷ്യൻ സാമ്രാജ്യം കീഴടക്കി. നെപ്പോളിയനും വാഷിങ്ടണും ഈ പ്രായത്തിൽ പേരു കേട്ട ജനറൽമാരായിരുന്നു.

ഇരുപതു വയസ്സായപ്പോൾ സോക്രട്ടീസിന്റെ പിൻഗാമി പ്ലേറ്റോ, പതിനേഴുകാരനായ അരിസ്റ്റോട്ടിലിനെ തന്റെ 'പാഠശാലയുടെ ശിരസ്സ്' എന്നു വിശേഷിപ്പിച്ചു!

പത്തൊൻപതാം വയസ്സിൽ പാസ്കൽ പ്രശസ്തനായ ഗണിതശാസ്ത്രജ്ഞനായി. ബേക്കൺ സാമാന്യനുമാനതത്ത്വശാസ്ത്രത്തിന് (Inductive philosophy) അടിത്തറയിട്ടപ്പോൾ ഇതേ പ്രായമേ ഉണ്ടായിരുന്നുള്ളു.

ക്രിസ്തീയ ലോകത്തേക്കു വന്നാൽ ജോനാഥാൻ എഡ്വേർഡ്സും ജോർജ് വൈറ്റ്ഫീൽഡും പ്രസംഗികളുടെ പ്രഭുക്കളായി മാറിയപ്പോൾ തങ്ങളുടെ ഇരുപതുകളിലായിരുന്നു.

യേശുക്രിസ്തു 30-ാം വയസ്സിൽ സുവിശേഷം പ്രഘോഷിക്കാൻ തുടങ്ങി. അതാണല്ലോ ലോകത്തെ വിപ്ലവകരമായി മാറ്റി മറിച്ചത്.

ചെറുപ്പക്കാരാ, നീ ഇപ്പോൾ എന്തു ചെയ്യുകയാണ്?

"നിന്റെ യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക. ദുർദിവസങ്ങൾ വരികയും എനിക്ക് ഇഷ്ടമില്ല എന്നു നീ പറയുന്ന കാലം സമീപിക്കുകയും സൂര്യനും വെളിച്ചവും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടുപോകയും മഴ പെയ്ത ശേഷം മേഘങ്ങൾ മടങ്ങി വരികയും ചെയ്യും മുമ്പെ തന്നെ" (സഭാപ്രസംഗി 12:1,2).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.